Downloaded from https:// www.studiestoday.com

അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

VIII

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2015

JT 255-1/Malayalam-8 BT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2015
Printed at : KBPS, Kakkanad, Kochi

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

നമ്മുടെ ഭാഷയും സംസ്കാരവും സമ്പന്നമായ പാരമ്പര്യങ്ങളാൽ അലംകൃതമാണല്ലോ. മലയാളം ഇന്ന് ശ്രേഷ്ഠ ഭാഷാപദവിയിലേക്കുയർന്ന് ലോകനിലവാരത്തിലെത്തി. ഭാഷയെക്കുറിച്ച് കൂടുതൽ അറിയാനും സാഹിത്യ -സാംസ്കാരികതലങ്ങളെക്കുറിച്ച് കൂടുതൽ ധാരണ രൂപപ്പെടുത്താനും നാം പരിശ്രമിക്കേണ്ടതുണ്ട്.

കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ കാര്യങ്ങൾ ആവിഷ്കരിക്കാനും വായനയിലൂടെ പുതിയ അനുഭവങ്ങൾ സ്വായത്തമാക്കാനും സാധിക്കുമ്പോഴാണ് ഭാഷാപഠനം അർഥവത്താകുന്നത്.

അഭിരുചിക്കനുസരിച്ച് ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടാനും അനുയോജ്യമായ പഠനാനുഭവങ്ങൾ നേടാനും ഈ പാഠപുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. എസ്. രവീന്ദ്രൻനായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

JT 255-2/Malayalam-8 BT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ശില്പശാലയിൽ പങ്കെടുത്തവർ

- അജ്മൽ കക്കോവ്, എസ്.എസ്.എ, മലപ്പുറം
- എബി പാപ്പച്ചൻ, മിലാദേ ഷെരീഫ്.എച്ച്.എസ്.എസ്, മൈനാഗപ്പള്ളി, കൊല്ലം
- എ. സലീം, ഗവ. ഗേൾസ് എച്ച്.എസ്, നെടുമങ്ങാട്, തിരുവനന്തപുരം
- ഡോ. എം. ബാലൻ, എസ്.എസ്.എ, കാസറഗോഡ്
- എഫ്. ജയിംസ്, സെന്റ് മേരീസ് എച്ച്.എസ്.എസ്, പട്ടം, തിരുവനന്തപുരം
- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി
- എം.സി. പ്രമോദ്കുമാർ, ജെ.എൻ.എം.ജി.എച്ച്.എസ്.എസ്, പുതുപ്പണം, വടകര
- ഡോ. കെ.എസ്. ബിജുമോൻ, ഗവ.വി.എച്ച്.എസ്. ഫോർ ഗേൾസ്, തിരൂർ, മലപ്പുറം
- ഡോ. കെ.എസ്. വാസുദേവൻ, ഡയറ്റ്, കോഴിക്കോട്
- കെ. പി. ഗോപിനാഥൻ, എസ്.എസ്.എ, കണ്ണൂർ
- ടി.ബി. അജീഷ്കുമാർ, ഗവ. ഹൈസ്കൂൾ മന്നാംകണ്ടം, അടിമാലി, ഇടുക്കി
- ടി. ഓമന, ബി.ആർ.സി, ചെർപ്പുളശ്ശേരി, പാലക്കാട്
- പി. യഹിയ, ഗവ.വി.എച്ച്.എസ്.എസ്. പയ്യാനക്കൽ, കോഴിക്കോട്
- ഹസീന എസ്.കാനം, ഗവ.എച്ച്.എസ്.എസ്, കൊച്ചന്നൂർ, തൃശൂർ

## ചിത്രരചന

- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ജി.എച്ച്.എസ്. കുറുക, മലപ്പുറം
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- വിനോദ് പട്ടാണിപ്പാറ, പേരാമ്പ്ര, കോഴിക്കോട്

## വിദഗ്ധപരിശോധന

- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ്മ കോളേജ്, തൃശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, എസ്.എസ്.എ. കണ്ണൂർ
- അജയൻ പനയറ, അസി. പ്രൊഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ


- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം

1 പിന്നെയും പൂക്കുമീ ചില്ലകൾ 7




- പുതുവർഷം ........ 8
- ആ വാഴവെട്ട് ........ 10
- എണ്ണനിറച്ച കരണ്ടി ........ 16

2 കണ്ണുവേണമിരുപുറമെപ്പോഴും 23



- രണ്ടു മത്സ്യങ്ങൾ ........ 24
- കിട്ടും പണമെങ്കിലിപ്പോൾ ........ 31
- തേൻകനി ........ 34

3 ഓർമ്മകൾക്കെന്തു സുഗന്ധം! 45



- കുപ്പായം ........ 46
- ബഷീർ എന്ന ബല്യ ഒന്ന് ........ 52
- നനയാത്ത മഴ ........ 54

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

1

# പിന്നെയും പൂക്കുമീ ചില്ലകൾ

ഭൂമിയിലായിരിക്കുമ്പോൾ ഒരു കീറ് ആകാശവും
ആകാശത്തായിരിക്കുമ്പോൾ
ഒരുപിടി മണ്ണും മനസ്സിൽ സൂക്ഷിക്കുക.
ഭൂമിയിലും നിങ്ങൾ തളിർക്കും;
ആകാശത്തിലും വേരു പടരും.

**(വേരും തളിരും) - പി.കെ. പാറക്കടവ്**

ഈ കഥ നമ്മോടു പറയുന്നതെന്താണ്? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# പുതുവർഷം

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
മില്ലാതിരുന്നൊരാപ്പോയ കാലം,
മാവേലി നാടുവാണീടുംകാലം പാടി-
പ്പൂനുള്ളിപ്പോയ പൊന്നോണക്കാലം,
ദേവിതൻ കോവിലിൽ, ക്കുഞ്ഞുടുപ്പിട്ട ഞാ-
നോരോ പടിയെണ്ണിക്കേറുന്നേരം,
കൂപ്പുക കുഞ്ഞിക്കൈയെങ്കിൽക്കരിവള
കാപ്പാകുമെന്നമ്മ ചൊന്ന കാലം,
പുസ്തകസഞ്ചിയിൽക്കൊച്ചുനെല്ലിക്കയും
പച്ചപ്പുളിയുമൊളിച്ച കാലം,
ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്ന കാലം,
അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ
നിശ്ചയമമ്മയോടൊത്തുതന്നെ
മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ

ആകുലചിന്തകളായിരം കുന്തങ്ങ-
ളാഴത്തിൽക്കോർക്കും ശിരസ്സുനീർത്തി
തീരാപ്പകയും തിളയ്ക്കുമീ സ്നേഹവും
തീയിട്ടെരിച്ച മനസ്സുയർത്തി
ആരോടും ചേരുവാനാകാതെ, വൈദ്യുത-
വീചിപോലാപത്തായ് മാറും കാലം,

ജീവിതാനന്ദങ്ങൾ കാട്ടുതേനൂട്ടിയും
കാടുകാണിച്ചും രസിപ്പിച്ചാലും
പോരെന്നു രക്തവും മാംസവും മജ്ജയും
നോവെടുത്തുച്ചത്തിലാർക്കും കാലം,
ഓണവും പൂവും മറന്ന മലയാള-
നാടിങ്ങു ഖിന്ന ഞാൻ നോക്കിനിൽപ്പൂ.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇത്തിരിമണ്ണില്ലാതെത്രപേർ, കൂടുപോൽ
കൊച്ചുവീടെത്ര, പൂവെങ്ങു പിന്നെ!
ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തു കർക്കട-
ക്കാറ്റും മഴയും കൊടി ചുരുക്കി
താഴത്തെയിത്തിരി മണ്ണിൽ വിനീതയാം
പാവത്തെ, തുമ്പയെക്കണ്ടുനിൽക്കെ
വേദനിപ്പിക്കാത്തൊരമ്മതൻ നിശ്ശബ്ദ-
വേപഥുവാർന്ന മുഖം സ്മരിപ്പൂ
എന്തിന്നു പൂക്കളം? എന്തിലും മീതെയാ-
ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ.

ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും.
മാലറ്റുപോകും, വരുംവർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും.

**(വിജയലക്ഷ്മിയുടെ കവിതകൾ)**

**-വിജയലക്ഷ്മി**

- പൊയ്പ്പോയ കാലം എന്തെല്ലാം സ്മരണകളാണ് കവയിത്രിയിൽ ഉണർത്തുന്നത്?
- "ഓണവും പൂവും മറന്ന മലയാള-
  നാടിങ്ങു ഖിന്ന ഞാൻ നോക്കിനിൽപ്പൂ"
  - കവയിത്രിയെ ദുഃഖിപ്പിക്കുന്നത് എന്തെല്ലാമാവാം?
- "ജീവിതത്തിലുടനീളം അമ്മ ഒരു പ്രത്യാശയായി മാറുന്നു."
  ഈ പ്രസ്താവനയിലെ ആശയത്തെ പാഠഭാഗവുമായി ബന്ധിപ്പിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.
- "മുറ്റത്തിനൈശ്വര്യം ചാർത്തുമാപ്പൂക്കളോ-
  ടൊപ്പമെന്നമ്മയും തുമ്പപോലെ"
  ഈ വരികളിലെ കാവ്യഭംഗി കണ്ടെത്തുക.
- "ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
  ച്ചാരോടും കൂടി നടന്ന കാലം"
  കുട്ടിക്കാലത്തെക്കുറിച്ച് കവയിത്രി ഓർമ്മിക്കുന്നതിങ്ങനെയാണ്. നിങ്ങളുടെ കുട്ടിക്കാലത്തെക്കുറിച്ച് ഓർമ്മക്കുറിപ്പ് തയാറാക്കൂ.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



1940 കളിലെ മധ്യതിരുവിതാംകൂർ; അവിടത്തെ കാർഷികജീവിതം പശ്ചാത്തലമാക്കി രചിച്ച ചെറുകഥ.

# ആ വാഴവെട്ട്



കുംഭത്തിൽ നട്ടാൽ കുടത്തോളം: മീനത്തിലായാൽ എങ്കണ്ണിനോളം മാത്രം. കുംഭത്തിലെ വെളുത്ത വാവിൻനാൾ നടുന്നതാണ് ഏറ്റവും നല്ലത്. എങ്കിൽ ആ ചേനയ്ക്ക് ചന്ദ്രനോളം തന്നെ മുഴുപ്പുണ്ടായിരിക്കും.

ചേനത്തലകൾ ഏതേതുകാലത്ത് നടണമെന്നുള്ള കാര്യത്തിൽ മർക്കോസുചേട്ടന് വളരെ നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കൃഷിക്കാരനാണ്. എല്ലുകൾ ഉന്തിനിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽത്തന്നെ അയാളെ ഒരു കൃഷിക്കാരനെന്ന് വിളിച്ചുപറയും.

കുംഭത്തിലെ കാലുപൊള്ളുന്ന വെയിലത്തുനിന്ന് അയാൾ നിലം ഒരുക്കുകയാണ്. ശരീരത്തിൽക്കൂടി വിയർപ്പുചോലകൾ അങ്ങനെ ഒഴുകുന്നു.

ശ്മശ്രുനിരകൾ വളർന്നുനിൽക്കുന്ന ആ മുഖത്തുനിന്ന് പ്രസന്നത എത്രയോ മുമ്പുതന്നെ പറന്നകന്നിരിക്കുന്നു! ഒരു കർഷകന്റെ മുഖത്ത് പ്രസന്നതയന്വേഷിക്കാൻ കേരളത്തിനു നേരമില്ല. അവ ശക്തിയെരിഞ്ഞടങ്ങിയ ബാറ്ററികൾ പോലെ നിലകൊള്ളുന്നു.

"പെണ്ണേ റാഹേലേ!" -തൂമ്പക്കൈയുടെ ഉപരിതലത്തിൽ കൈപ്പത്തി ചേർത്ത് അവശനായി നിന്നു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കൊണ്ട് ആ പിതാവ് പുത്രിയെ വിളിച്ചു. ദാഹം കൊണ്ട് അയാൾ വിഷമിക്കുന്നു.

“എന്തുവാ അപ്പച്ചാ?” അവൾ അന്വേഷിച്ചു.

“ഒന്നു കുടിക്കാൻ.”

ഒരു അയിരൂച്ചട്ടി നിറച്ചു കഞ്ഞിവെള്ളവുമായി റാഹേൽ പിതാവിന്റെ അടുക്കൽച്ചെന്നു. കിട്ടിയപാടെ ആ പരവശൻ അതു കുടിച്ചുതുടങ്ങി. കഞ്ഞിവെള്ളം കുടിക്കുന്നത് അയാൾക്കു വളരെ ഇഷ്ടമാണ്. തന്നെയല്ല, വിയർത്തൊലിച്ചു നിൽക്കുമ്പോൾ പച്ചവെള്ളം കുടിച്ചാൽ ജലദോഷത്തിനു കാരണവുമാണ്. ആവശ്യബോധത്തിന്റെ ഗൗരവത്തിൽ മുന്നുനാലു കവിൾ ഇറക്കിയശേഷം വല്ലായ്മ നിഴലിക്കുന്ന മുഖത്തോടുകൂടി അയാൾ ചോദിച്ചു :

“എന്റെ മോളേ, ഇതെങ്ങനെ കുടിക്കുന്നു? നാഴി കഞ്ഞിവെള്ളം പോലും ചൊവ്വേനേരേ കുടിക്കാനില്ല.” പലതും സഹിക്കേണ്ട ആ കൃഷിക്കാരൻ പരാതി പറഞ്ഞു.

“എന്റെ അപ്പച്ചാ, തെകന്നില്ല; അതിനുമുമ്പ് അരി വെന്തു.”

റേഷനരിയെപ്പറ്റി റാഹേൽ റിപ്പോർട്ടു സമർപ്പിച്ചു. അതു പച്ചരിയായിരുന്നു. നെല്ലും പൊടിയും പൊടിയരിയും കല്ലും സഹിക്കാം. അവയുടെ ഉള്ളിൽ യോഗനിദ്രയിൽ ലയിച്ചിരിക്കുന്ന ജീവരാശികളായിരുന്നു വിഷമം.

പ്രാണായാമപടുക്കളായ യതിവര്യൻമാർ ജലത്തിനു മുകളിൽ നിഷ്പ്രയാസം ശയിക്കാറുണ്ട്. ഈ അരിക്കൂട്ടങ്ങൾക്കും അതു സാധിക്കും. നോമ്പുകാലത്ത് ആഹാരത്തിൽ മാംസബന്ധം ആ ക്രിസ്ത്യാനിക്ക് നിഷിദ്ധമത്രേ. പക്ഷേ, റേഷനരി ഉപയോഗിക്കുന്നവർക്ക് അതെങ്ങനെ സാധിക്കും?

“എന്റെ മോളേ, നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനുപകരം സൂപ്പാണല്ലോ കുടിക്കുന്നത്.”

പിതാവിന്റെ തമാശകേട്ടു റാഹേൽ ചിരിച്ചുപോയി. അവൾ പറഞ്ഞു:

“പച്ചരിയല്ലാതെ ഒറ്റപ്പീടികേലെങ്കിലും പുഴുക്കലരി കിട്ടാനില്ല. നാട്ടോടെ നടപ്പുള്ളതല്ലേ. ഇനി ഇതുപോലും കിട്ടുകേലെന്നാ.”

“ഏത്?” ആ കർഷകനു വെറുപ്പായി.

“ഈ പച്ചരി പോലും....”

“അരി തരാനില്ലെങ്കിൽ എല്ലാത്തിനും കുറേ വെഷം തന്ന് അങ്ങ് കൊന്നേക്കട്ടെ. എന്നാൽ ബുദ്ധിമുട്ടില്ലല്ലോ. ഈ പത്തും മൂവായിരോമൊക്കെ മേടിക്കുന്നോർക്ക് അറിഞ്ഞുകൂടായിരുന്നോ ക്ഷാമം വരാൻ പോകുന്നെന്ന്. വരാമ്പോകുന്ന കാര്യം കാണാൻ കണ്ണില്ലാത്തോര് പിന്നെ എന്തിന് ഇതിനൊക്കെ പോകുന്നു?”

വൃദ്ധന്റെ അത്തരം വാദഗതി റാഹേലിനെ സംബന്ധിച്ചിടത്തോളം നിഷ്ഫലമാണ്. അവൾക്ക് അതൊന്നും അറിഞ്ഞൂകൂടാ.

മർക്കോസുചേട്ടൻ വീണ്ടും കിളയ്ക്കാൻ തുടങ്ങി. ദാരിദ്ര്യത്തിന്റെ മാറിലേക്ക് വീഴുന്ന വെട്ടുപോലെ തൂമ്പ അയാളുടെ കൈയിൽനിന്ന് മുന്നോട്ടു കുതിച്ചുകൊണ്ടിരുന്നു.

അയൽക്കാരിൽ ഒരാൾ വന്നു മർക്കോസ് ചേട്ടനോടു പറഞ്ഞു: “മർക്കോസുചേട്ടനറിഞ്ഞോ, പുരയിടത്തിൽ നല്ലപോലെ കൃഷിചെയ്യുന്നോർക്കു സർക്കാരീന്നു സമ്മാനം കൊടുക്കുമെന്ന്.”

“അതു കൃഷി ചെയ്തുകഴിഞ്ഞല്ലേ? ചെയ്യുന്നേനു മുമ്പ് വല്ലതും കൊടുത്തിരുന്നെങ്കിൽ! വേണ്ട, ഒന്നും സഹായിക്കാതിരുന്നാ മതിയായിരുന്നു.”

രണ്ടുമൂന്നു പരിഷ്കാരികൾ ആ കർഷകന്റെ അടുക്കൽ ചെന്നു.

“നിങ്ങളുടെ പേരെന്ത്?” അവർ ആ കർഷകനോട് ചോദിച്ചു.

മർക്കോസ്: “എന്താ വിശേഷം?” വിവരമറിയാൻ വൃദ്ധന് തിടുക്കമായി. അയാൾ അവരെ ഗൃഹത്തിലേക്കു നയിച്ചു. ആ കർഷകഗൃഹം പരിഷ്കാരിക





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ളായ ആ ചെറുപ്പക്കാരെ സ്വീകരിക്കത്തക്കവിധം ശക്തിയുള്ളതായിരുന്നില്ല. അവർക്കു നൽകാൻ ഒരു കസേരപോലും അവിടെയില്ല. തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പയും കൈച്ചുറുക്കോടുകൂടി റാഹേൽ തൂത്തുവാരി. അവൾ അതിഥികൾക്ക് ഇരിക്കുവാൻ ഒരു പായ് നിവർത്തു.

"വേണ്ടാ; ഞങ്ങൾക്കിരിക്കണമെന്നില്ല. ഇവിടെ വാഴയെത്രയുണ്ട്?" അവർ ചോദിച്ചു.

ആ ചോദ്യത്തിനുമുമ്പിൽ ഇടിവെട്ടേൽക്കുന്നതുപോലെ വൃദ്ധൻ ഞെട്ടിപ്പോയി.

വാഴ വെട്ടുവാൻ ആളുകൾ ഇറങ്ങിയിട്ടുള്ള കഥ അയാൾ നേരത്തേ കേട്ടതാണ്. അവരാണ് തന്നെ സമീപിച്ചിരിക്കുന്നത് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീ പിടിച്ചു.

അയാൾക്ക് കഷ്ടിച്ച് ഒരേക്കർ സ്ഥലമുണ്ട്. അത്യധ്വാനംകൊണ്ട് ചുവടുപിടിപ്പിച്ച കുറേ വാഴയാണ് ആ പുരയിടത്തിന്റെ പച്ച; ആ കർഷക കുടുംബത്തിന്റെ തണൽ. കണ്ണനും പാളേങ്കോടനും പൂവനും ഏത്തനുമായ വാഴകൾ. ആ കുടിലിലെ ജീവിതച്ചൂടു വീശിത്തണുപ്പിച്ചുകൊണ്ടിരുന്ന മരതകക്കാറ്റാടികളായിരുന്നു അവ. ഇലയും നാരും വിറ്റ് അയാളുടെ കുട്ടികൾ എങ്ങനെയായാലും ആഴ്ചയിൽ ഒരു രൂപയെങ്കിലും ആദായമുണ്ടാക്കും. വെള്ളിയാഴ്ച ചന്തയിൽ കൊണ്ടുപോകുന്നതിന് ഒരു കുലയെങ്കിലും കർഷകനും കിട്ടുകയും ചെയ്യും. അവ വെട്ടുകയെന്നുവരുന്നതും അയാളുടെ കഴുത്തുവെട്ടുന്നതും ഒരുപോലെത്തന്നെ.

"പറയൂ, എത്ര വാഴയുണ്ട്?" അവർ വീണ്ടും ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ; ഞാൻ എണ്ണിനോക്കിയിട്ടില്ല. ഇത്രേം വാഴയുണ്ട്." വാഴക്കൂട്ടത്തിന് നേർക്ക് കൈയോടിച്ചുകൊണ്ട് വൃദ്ധൻ തുടർന്നു: "ഇതാണ് എന്റെ അന്നന്നേപ്പം."

"എന്റെ അന്നന്നേപ്പം! വാഴ വെട്ടാൻ ഓർഡർ പാസായ കാര്യം തനിക്കറിഞ്ഞുകൂടേ? ഈ വാഴയെല്ലാം വേഗം വെട്ടിക്കൊള്ളണം."

"അയ്യോ! രോഗമുള്ള വാഴയല്ലേ വെട്ടേണ്ടത്?" ഗദ്ഗദകണ്ഠനായ ആ കർഷകൻ ചോദിച്ചു.

"ഇതിനു രോഗമില്ലെന്നു തനിക്കെങ്ങനെയറിയാം? താനാണോ ഇതൊക്കെ നിശ്ചയിക്കുന്നത്?"

ആ ചോദ്യം കേട്ട് ആ വാഴത്തൈകൾ നടുങ്ങിപ്പോയി. "ഇതിനു രോഗമൊന്നുമില്ലെന്നുള്ളത് എനിക്കറിയാം. ഞാൻ കൃഷിക്കാരനല്ലേ? രോഗമുള്ളത് ഞങ്ങൾക്കു തിരിച്ചറിയാം."

"എടോ, തന്റെ വകുപ്പും ചട്ടവുമൊന്നും പറയേണ്ടാ. ഇതൊക്കെ രോഗബാധിതസ്ഥലങ്ങളാണ്. ഇതൊക്കെ ഗവൺമെന്റ് ഓർഡറാണ്. താൻ ഗസറ്റു നോക്കൂ."

"അയ്യോ, അതെന്തുവാ ഈ ഗജേറ്റ്?"

"ഗജേറ്റ്." ആ അഭ്യസ്തവിദ്യർക്ക് ചിരിവന്നു. കോമൺസെൻസുപോലുമില്ലാത്ത ആ കർഷകന്റെ അടുക്കൽ സംസാരിക്കുന്നത് അവരുടെ സ്റ്റാറ്റസിനു യോജിച്ചതായിരുന്നില്ല. ചിരിയടക്കിക്കൊണ്ട് അവരിൽ ഒരാൾ പറഞ്ഞു: "എടോ, ഗജേറ്റല്ല; ഗസറ്റ്. ഗസറ്റെന്നു താൻ കേട്ടിട്ടില്ലേ?"

"ഇല്ല."

"ആ, അതു വായിച്ചുനോക്ക്. സർക്കാരു വകയാ."

"അതു ചുമ്മാ കിട്ടുന്നതാണോ?"

"അതേ, ചുമ്മാ!"

"അയ്യോ, അല്ലാതെ ഞങ്ങൾക്കൊക്കെ അതെങ്ങനെ കിട്ടും?"

"എടോ, അതൊന്നും താനറിയേണ്ടാ. ഒരാഴ്ചയ്ക്കകം ഈ വാഴയെല്ലാം വെട്ടിക്കൊള്ളണം. അല്ലെങ്കിൽ ഞങ്ങൾ വെട്ടിക്കും. ഞങ്ങൾ വെട്ടിയാൽ ആ നഷ്ടംകൂടി താൻ കൊടുക്കേണ്ടതായിവരും, കേട്ടോ?"

"നിങ്ങളിങ്ങനെ കണ്ണിച്ചോരയില്ലാതെ പറേന്നല്ലോ." ഉള്ളിൽ നിറഞ്ഞ സങ്കടത്തോടുകൂടി ആ കർഷകൻ തുടർന്നു: "ഇതൊക്കെ വെട്ടിക്കളഞ്ഞാൽ പിന്നെ ഞാനെന്തു ചെയ്യും?"

"എടോ, ഇവിടുത്തെ വാഴയ്ക്കെല്ലാം രോഗമുണ്ട്. അതൊക്കെ വെട്ടിക്കളഞ്ഞുകൊള്ളണമെന്നു ഗവൺമെന്റിൽനിന്ന് ഓർഡർ ഇട്ടിരിക്കുകയാണ്. അറിഞ്ഞോ?"

ഓർഡർ ഗവൺമെന്റിൽ നിന്നായിരുന്നു. അതിന്റെ മുമ്പിൽ ആ പാവം കൃഷിക്കാരൻ എന്തു ചെയ്യും? എങ്കിലും അയാൾ ചോദിച്ചു: "അങ്ങനെയാണെങ്കിൽ ഈ തെങ്ങിനുമൊണ്ടല്ലോ രോഗം. തെങ്ങായതെങ്ങെല്ലാം കാറ്റുവീണിരിക്കുന്നു. കവുങ്ങും തേ, എന്റെ ഈ പ്ലാവേലെ ഒരു ചക്ക ആദ്യ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കാലത്ത് ഒരാൾ എടുക്കത്തില്ലായിരുന്നു. ഇപ്പം ഒരാഞ്ഞിലിച്ചക്കയോളമേയുള്ളൂ. അതും എട്ടോ പത്തോ. ആദ്യകാലത്ത് ഈ മണ്ണിൽ വളമേ വേണ്ടാരുന്നു. ഇപ്പം വളമിട്ടില്ലേ, ഒരു ചുവടു കപ്പപോലും പച്ചപിടിക്കുന്നില്ല എന്നു വിചാരിച്ച് ഈ മണ്ണെല്ലാം അങ്ങു നശിപ്പിച്ചാ മതിയോ? ആദ്യം വെട്ടേണ്ടത് ഈ തെങ്ങൊക്കെയാ. രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാ മതിയോ? അങ്ങനെയാണെങ്കിൽ ഈ ആശുപത്രീം ഒന്നും വേണ്ടല്ലോ. എല്ലാരേം കൊന്നാപ്പിന്നെ ആശുപത്രി വേണോ? ഇന്നാണോ ഈ വാഴരോഗം? ഇതിനു മുമ്പെങ്ങും ഇത് ഇല്ലായിരുന്നോ?"

ആ വാഴയുദ്യോഗസ്ഥന്മാർക്കു ദേഷ്യം വന്നു. അവരിൽ പ്രധാനി പറഞ്ഞു:

"എടോ, മതി; നിറുത്ത്. തന്റെ പ്രസംഗമൊന്നും കേൾക്കേണ്ടാ. വരുന്ന തിങ്കളാഴ്ചയ്ക്കകം ഈ വാഴയെല്ലാം വെട്ടി കുഴി കുഴിച്ച് അതിലിട്ടു മൂടിക്കൊള്ളണം. അതിനാണു ഞങ്ങളെ നിയമിച്ചിരിക്കുന്നത്. ഒന്നുരണ്ടല്ല; രൂപ അയ്യായിരം വീതമാണ് ഗവൺമെന്റിന് ചെലവ്. തനിക്കറിയാമോ?"

"ഏതിന്, ഈ വാഴ വെട്ടാനോ?" ആ കർഷകൻ ചോദിച്ചു.

"ങ്ഉം, എന്താ?"

"എന്നാ അതു ഞങ്ങൾക്കു വല്ല വളമോ വിത്തോ തരാൻ ചെലവാക്കിയിരുന്നെങ്കിൽ!" മർക്കോസു ചേട്ടൻ ആത്മാർഥതയോടുകൂടി പറഞ്ഞു. പക്ഷേ, ആ ഉദ്യോഗസ്ഥന്മാർക്ക് അതു പിടിച്ചില്ല. അവർ അവിടെനിന്ന് സഗൗരവം നടന്നു.

കർഷകൻ അവരെ നോക്കി വളരെനേരം അങ്ങനെ നിന്നുപോയി. നിറഞ്ഞ കണ്ണുകളോടു കൂടി വിഷാദമഗ്നനായി നിന്ന പിതാവിനെക്കണ്ടു റാഹേൽ പറഞ്ഞു: "അപ്പച്ചാ, നമുക്ക് ഇവിടുന്ന് പൊയ്ക്കളയാം. വല്ല മലബാറിലും പോകാം. കൃഷിചെയ്യാൻ ഭൂമിയുമില്ല. ചെയ്യുന്ന വകയൊട്ടു ചെയ്യിക്കേമില്ല."

അന്ന് ശനിയാഴ്ചയാണ്. ആ അവധിദിവസം തികയാൻ ഇനി ഒരു ദിവസം കൂടിയേ വേണ്ടൂ. മർക്കോസുചേട്ടൻ ആ വാഴച്ചുവട്ടിലേക്കു നടന്നു. തന്റെ ജീവിതത്തിന്റെ രക്തധമനികളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടുകൂടി അയാൾ നോക്കിനിന്നു. ആ ദുഃഖിതനിലുള്ള അനുകമ്പയാലോ എന്നു തോന്നുമാറ് വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വസിപ്പിച്ചു. അയാൾ ആ ചെടികൾ എണ്ണിനോക്കി. കുലയ്ക്കാറായതും കുടം വന്നതുമായ അറുപതോളം ചെടികൾ. ഇവ ഓരോന്നുമാണല്ലോ താൻ വെട്ടേണ്ടത് എന്നു വിചാരിച്ച് അയാളുടെ ഹൃദയം ഉരുകി. അയാൾ ചിന്തിച്ചു: 'എങ്കിൽ എന്റെ പൗലോസിനേയും ജോണിനേയും റാഹേലിനേയുമൊക്കെ അങ്ങു വെട്ടിക്കളയുകയല്ലേ ഭേദം?'

വെയിലിൽ മണ്ണ് ഉരുകിക്കൊണ്ടിരുന്നു. ചുറ്റിത്തിരിഞ്ഞ ഇളംകാറ്റിൽ തെല്ലൊരു ആശ്വാസം ഉണ്ടുകൊണ്ട് ആ കർഷകൻ ഒരു വാഴച്ചുവട്ടിൽ ഇരുന്നു. കാൽമുട്ടിൽ കൈമുട്ട് ഊന്നി ആ കൈപ്പത്തികൊണ്ട് ശിരസ്സു താങ്ങി അയാൾ അങ്ങനെ ഇരിക്കയാണ്. അയാളുടെ പ്രിയപ്പെട്ട വരിക്കമാവിലേക്ക് അയാൾ നോക്കി. അതും ഈ പ്രാവശ്യം അയാളെ ചതിച്ചിരിക്കുന്നു.

അത് ആ മാവിന്റെ മനഃപൂർവം കൊണ്ടല്ല.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒന്നാംതരം വരിക്കമാങ്ങാ, അതു നിറയെ കായ്ക്കാറുണ്ട്. ഈ പ്രാവശ്യവും അതു നിറയെ പൂത്തു. ഇല കാണാൻ പാടില്ലാതെ മുറ്റിയ പൂവു കണ്ട് അയാൾ ആഹ്ലാദിച്ചു. പക്ഷേ, നിലാവ് ആ മാവിനെ ചതിച്ചു. ആദ്യം ഇരുട്ടുള്ള പക്ഷത്തിലാണ് ആ മാവു പൂത്തത്. പാതിരാ കഴിയുമ്പോൾ നിലാവു തെളിയും. നേരം വെളുത്തതാണെന്നു വിചാരിച്ചു മാമ്പൂ കണ്ണുതുറക്കും. അധരം വിടർത്തും. പക്ഷേ, ചതിയന്റെ മുമ്പിലാണ് തങ്ങൾ ചിരിക്കുന്നതെന്ന് അവർ അറിഞ്ഞില്ല. അധരം വിടുർത്തി എഴുന്നേറ്റ ഓരോ മാവിൻപൂവും ചന്ദ്രന്റെ വഞ്ചനയിൽപ്പെട്ട് ഉരുകി താഴെവീണു. സൂര്യൻ വന്നുനോക്കുമ്പോൾ ആ മാവിലെ പൂവായ പൂവെല്ലാം മാവിൻചുവട്ടിൽ!

മാവിന്റെ കാര്യം അങ്ങനെ. കൃഷിയിറക്കാനുള്ള വളമാണെങ്കിൽ ഒരു രൂപയ്ക്ക് ചാരം രണ്ടു പാട്ട മാത്രം. ചാണകവും അങ്ങനെത്തന്നെ. ആവശ്യത്തിനുള്ള വളത്തിന് എത്ര ചുരുങ്ങിയാലും ഒരു അമ്പതു രൂപാ വേണം. അമ്പതു ചക്രം ഉണ്ടായിരുന്നെങ്കിൽ റാഹേലിന് ഒരു ചട്ട അയാൾ തയ്പ്പിച്ചേനേ. അവൾ ഇട്ടിരിക്കുന്ന പഴയ ചട്ട അവളുടെ മാറിൽ നിർദയമായ കീറൽ സാധിച്ചുകൊണ്ട് അങ്ങനെ കിടക്കുന്നു.

ആ ഇളംകാറ്റിലിരുന്ന് അയാൾ ഒന്നു മയങ്ങിപ്പോയി. ഭയങ്കരമായ ഒരു സ്വപ്നം – ആ വാഴയായ വാഴയെല്ലാം വെട്ടിയിട്ടിരിക്കുന്നു. ചോരയൊലിപ്പിച്ചുകൊണ്ട് ആ ഓരോ വാഴപ്പിണ്ടിയും എഴുന്നേറ്റ് നിന്ന് അയാളോട് പറയുന്നു: "അല്ലയോ ഉദാരനായ കർഷകാ, ഞങ്ങൾ പോകട്ടെ. നമ്മെ ഭിന്നിപ്പിച്ചു നിറുത്തുകയും വെട്ടിമുറിവേൽപ്പിക്കുകയും ചെയ്യുന്ന ഇന്നത്തെ ഭരണരീതിക്ക് ഉടനെ മാറ്റമുണ്ടാകും. നിങ്ങളുടെ രാജ്യം വരുന്നു. ആ നിതാന്തസ്വതന്ത്രമായ ഭൂമിയിൽവച്ചു വീണ്ടും നമുക്കു കാണാം. നമസ്കാരം."

"മർക്കോസുമാപ്പിളേ, മർക്കോസുമാപ്പിളേ...." അയൽക്കാരൻ ഗോപാലൻനായരു വന്ന് ആ സ്വപ്നക്കാരനെ ഉണർത്തി.

"എന്താ വാഴച്ചുവട്ടിൽ വന്നിരുന്ന് ഉറക്കംതൂങ്ങുന്നത്?"

"ഓ- ഒന്നുമില്ല, കാറ്റുകൊണ്ട് ഞാനിവിടെ ഇരുന്ന് ഒന്നു മയങ്ങിപ്പോയി."

"അറിഞ്ഞോ, തെക്കേടത്തെ വാഴയായ വാഴയെല്ലാം വെട്ടി. വള്ളിക്കാട്ടെ മമ്മതുമേത്തരുടെ വാഴേം വെട്ടി. എന്റെ വാഴയും ഞാൻ വെട്ടാൻ പോകയാ. താനെന്താ വെട്ടാത്തത്? വെട്ടിയില്ലേ, അവരു വന്നു വെട്ടിക്കും. ആ ചെലവിനു പിന്നെ ഈ കുടിലുകൂടെ ജപ്തിചെയ്യും. എന്തു ചെയ്യുന്നെടോ, വരുന്നതൊക്കെ നമുക്ക് അനുഭവിക്കാം."

ആ തിങ്കളാഴ്ച വളരെ നേരത്തേതന്നെ സൂര്യൻ ഉദിച്ചു. സാധാരണ മർക്കോസുചേട്ടൻ വാഴയ്ക്കു വെള്ളം കോരിക്കഴിഞ്ഞേ സൂര്യൻ വരാറുള്ളൂ.

അയാളുടെ കിടക്കപ്പായിൽ അന്നു വെയിലു കയറി. ആ പരവശൻ ഉണർന്നു. ഇടത്തുവശത്തു നിന്ന പുളിയിലിരുന്ന് ഉപ്പൻ ചിലച്ചു. കണ്ണുകൾ തിരുമ്മിക്കൊണ്ട് ആ കർഷകൻ മുറ്റത്തിറങ്ങി. അയാളുടെ അനുജൻ വറുഗീസ് ദൂരെനിന്നു നടന്നു വരുന്നു. ഒരുമൈൽ അകലെനിന്ന് ആ സഹോദരൻ ഇത്ര രാവിലെ തിടുക്കത്തിൽ നടന്നുവരുന്നതെന്തെന്നറിയാൻ മർക്കോസുചേട്ടൻ വെമ്പൽക്കൊണ്ടു.

"ചേട്ടാ, താസീൽദാരെജമാനുമൊക്കെ ഇന്ന് ഇങ്ങോട്ടാ- വേഗം ഈ വാഴയൊക്കെ വെട്ടിക്കോ." വന്നപാടെ തന്റെ ചേട്ടനു വറുഗീസ് മുന്നറിവു കൊടുത്തു. അയാളുടെ വാഴയും അന്നുതന്നെ വെട്ടിത്തീർക്കണമായിരുന്നു.

"നേരമില്ല. ഞാമ്പോണു"- വറുഗീസ് നടന്നു.

"ചിറ്റപ്പാ, തൊള്ളി കാപ്പികുടിച്ചിട്ട്...." റാഹേൽ അപേക്ഷിച്ചു. പക്ഷേ, ആ ചിറ്റപ്പനു നേരമില്ലായിരുന്നു.

ആറ്റംബോംബിന്റെ യുഗത്തിൽ ജീവിക്കുന്ന ആ കർഷകൻ മൂർച്ചയുള്ള തന്റെ വെട്ടരിവാളുമായി പുരയിടത്തിലേക്കിറങ്ങി.

അയാളുടെ കാലടികൾ ഇടറുന്നുണ്ടായിരുന്നു. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ഠം ഉണങ്ങിക്കഴിഞ്ഞു. ഹൃദയത്തിൽനിന്ന് ആരോ നടത്തുന്ന വാഴവെട്ടിന്റെ മാറ്റൊലികളും.

ഒരു പൂവൻവാഴയുടെ ചുവട്ടിൽ അയാൾ നിന്നു. ഒറ്റ വെട്ടുകൊണ്ട് അത് രണ്ടു തുണ്ടമാക്കിയിരുന്നെങ്കിൽ! അതിനാണ് അയാൾ ചെന്നിരിക്കുന്നത്. പക്ഷേ, അയാളുടെ കൈ ഉയരുന്നില്ല. ഉണങ്ങിയ ഒരു വാഴപ്പോള നീക്കിക്കളഞ്ഞ ശേഷം വളരെനേരം അയാൾ അവിടെ നിന്നുപോയി. വാഴയുടെ ശിരസ്സിലിരുന്ന് ഇളംകാറ്റ് പൊട്ടിയ ഇലത്തുണ്ടുകൾ വഴി എന്തോ പറയുന്നുണ്ട്. കവിൾത്തടം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വാഴപ്പിണ്ടിയിൽ അമർത്തിനിന്ന് ആ കർഷകൻ കരഞ്ഞു. ഇന്നുവരെ അയാൾ ആ വാഴച്ചുവട്ടിൽ ഒഴിച്ചിട്ടുള്ളത് ജലവും വിയർപ്പുതുള്ളികളും മാത്രമാണ്. അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണീർത്തുള്ളികളും അതിനു നൽകുന്നു. ശിരസ്സിനു മുകളിൽ പടർന്നു നിരന്നുനിന്ന വാഴക്കൈകളിൽ അയാൾ കൈയോടിച്ചു. പതിന്നാലു തണ്ടെങ്കിലുമില്ലാത്ത വാഴ ആ പുരയിടത്തിലില്ല. ആ തണ്ടുകൾ അയാളുടെ വിരലുകളിൽ വെൺമയുടെ ലേപനം ചേർത്തു.

ഇങ്ങനെ നിന്നാലോ? അയാൾ ചിന്തിച്ചു.

ഒരുവിധത്തിൽ വെട്ടരിവാൾ അയാൾ ഉയർത്തി. ഒറ്റവെട്ട്, വാഴപ്പിണ്ടി ക്ഷണത്തിൽ പിന്നിട്ടശേഷം അരിവാൾച്ചുണ്ട് ആ കർഷകന്റെ ഇടത്തെ കാൽമുട്ടിലേക്ക് കുതിച്ചു.

കട്ടൻകാപ്പിക്കു റാഹേൽ പിതാവിനെ അന്വേഷിച്ചു. അത് ആറിത്തണുത്തു. ആറിത്തണുത്തുതന്നെ ഒരിടത്ത് അവളുടെ പിതാവും കിടക്കുന്നുണ്ട്. മാറിൽത്തല്ലി കരഞ്ഞുകൊണ്ട് അവൾ വാഴച്ചുവട്ടിലേക്കോടി.

അന്ന് ഉച്ചതിരിഞ്ഞപ്പോൾ വാഴവെട്ടുകാർ ആ പുരയിടത്തിൽക്കയറി. രോഗബാധിതമായ സ്ഥലത്ത് ഒറ്റ വാഴയെങ്കിലും ശേഷിക്കാതിരിക്കാൻ അവർക്കു നിർബന്ധമുണ്ടായിരുന്നു. വലിയ കുഴിയുണ്ടാക്കി അവയത്രയും അവർ കുഴിച്ചിട്ടു. മർക്കോസുചേട്ടൻ ആശുപത്രിയിലായിരുന്നു. പിതാവിനു കുടിക്കുവാൻ ഒരു കരിക്കിനുവേണ്ടി റാഹേൽ വീട്ടിൽ എത്തിയിരിക്കുന്നു. വാഴവെട്ടുകയാൽ മരുഭൂമിയായിത്തീർന്ന പുരയിടം കണ്ട് അവൾ മാറിൽത്തല്ലി. കൃത്യനിർവഹണത്തിനുശേഷം ആ ഉദ്യോഗസ്ഥന്മാർ യാത്രതിരിച്ചു.

"എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക." ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു. അവളുടെ കൈയിൽ ഒരു കരിക്കുമുണ്ട്.

"പോ പെണ്ണേ, മരംകേറീ."

**– പൊൻകുന്നം വർക്കി**

(തെരഞ്ഞെടുത്ത കഥകൾ)

- "അത്യധ്വാനം കൊണ്ട് ചുവടുപിടിപ്പിച്ച കുറേ വാഴയാണ് ആ പുരയിടത്തിന്റെ പച്ച; ആ കർഷക കുടുംബത്തിന്റെ തണൽ."

  മണ്ണിനോടും കൃഷിയോടുമുള്ള മർക്കോസിന്റെയും റാഹേലിന്റെയും ആഭിമുഖ്യം ഈ വരികളിൽ തെളിയുന്നുണ്ട്. വിശകലനം ചെയ്യുക.

- • "വാഴവെട്ടാൻ ഓർഡർ പാസായ കാര്യം തനിക്കറിഞ്ഞുകൂടേ? ഈ വാഴയെല്ലാം വേഗം വെട്ടിക്കൊള്ളണം."
  • "രോഗം വന്നാൽ എല്ലാം വെട്ടിക്കളഞ്ഞാൽ മതിയോ?"

  വ്യത്യസ്തമായ രണ്ടു കാഴ്ചപ്പാടുകൾ വായിച്ചല്ലോ. പാഠഭാഗം ആസ്പദമാക്കി ചർച്ചചെയ്യുക.

- "മക്കളും മണ്ണും വാഴകളും മർക്കോസിന് ഒരുപോലെയാണ്." ഈ പ്രസ്താവന വാഴവെട്ട് എന്ന കഥ ആസ്പദമാക്കി വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- കൃഷി പ്രമേയമായി വരുന്ന കഥകൾ ശേഖരിച്ച് കഥയരങ്ങ് സംഘടിപ്പിക്കുക.



JT 255-3/Malayalam-8 BT

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# എണ്ണ നിറച്ച കരണ്ടി

ഒരു സ്വപ്നദർശനത്തിന്റെ പ്രേരണയിൽ സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്രയാണ് പൗലോ കൊയ്‌ലോയുടെ 'ആൽകെമിസ്റ്റ്' എന്ന നോവൽ. ആ സ്വപ്നത്തിന്റെ അർഥം കണ്ടെത്താൻ അവൻ നടത്തുന്ന ശ്രമങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. തന്റെ യാത്രയ്ക്കിടയിൽ ചിത്രശലഭം, ജിപ്സിസ്ത്രീ, വൃദ്ധൻ തുടങ്ങി പലരെയും സാന്റിയാഗോ കണ്ടുമുട്ടുന്നു. ഇതിൽ വൃദ്ധൻ പറഞ്ഞുകൊടുത്ത ഒരു കഥയാണ് പാഠഭാഗം.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു കച്ചവടക്കാരൻ അയാളുടെ മകനെ അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ ജ്ഞാനിയുടെ അരികിലേക്കയച്ചു, സന്തോഷത്തിന്റെ രഹസ്യമെന്താണെന്ന് അറിഞ്ഞുവരാൻ. ഏതാണ്ട് നാൽപ്പതു നാൾ അവൻ മരുഭൂമിയിൽ അലഞ്ഞു നടന്നു. ഒടുവിൽ അച്ഛൻ പറഞ്ഞ ജ്ഞാനിയുടെ വാസസ്ഥലം കണ്ടുപിടിച്ചു; കുന്നിൻമുകളിലുള്ള അതിമനോഹരമായൊരു കൊട്ടാരം.

അകത്തു ചെന്നപ്പോഴോ? അതിലും വലിയ വിസ്മയം. അവന്റെ സങ്കൽപ്പത്തിലുണ്ടായിരുന്നത് അതിദിവ്യനായ ഒരു സന്ന്യാസിവര്യനായിരുന്നു. പക്ഷേ, ഇവിടെ നല്ല തിരക്കും. പലതരത്തിലുള്ള ആളുകൾ വരുന്നു, പോകുന്നു. ചിലർ മൂലകളിൽ കൂട്ടം കൂടിനിന്ന് സംസാരിക്കുന്നു. ഒരുഭാഗത്ത് ചെറിയൊരു ഗാനമേള. അതിനപ്പുറത്ത് അതിസമൃദ്ധമായൊരു വിരുന്നുമേശ. വലിയ വലിയ തളികകൾ നിറച്ച് ആസ്വാദ്യകരങ്ങളായ പലതരം വിഭവങ്ങൾ വിളമ്പിവച്ചിരിക്കുന്നു... ഓരോരുത്തരെയായി അരികിൽ വിളിച്ച് ജ്ഞാനി വിവരങ്ങളന്വേഷിക്കുന്നു. ഏതാണ്ടു രണ്ടുമണിക്കൂർ കാക്കേണ്ടി വന്നു, അവന്റെ തവണയെത്താൻ. അവൻ തന്റെ വരവിന്റെ ഉദ്ദേശ്യം ജ്ഞാനിയെ അറിയിച്ചു.

അദ്ദേഹത്തിന്റെ മറുപടി: "സന്തോഷത്തിന്റെ രഹസ്യമറിയണം. അല്ലേ? പക്ഷേ, തൽക്കാലം അൽപ്പം തിരക്കുണ്ട്. പോയി എന്റെ ഈ കൊട്ടാരമൊക്കെ ഒന്നു ചുറ്റിനടന്നു കണ്ടിട്ടു വരൂ... ഒരു രണ്ടു മണിക്കൂർ കഴിഞ്ഞ്."

ഒരു ചെറിയ സ്പൂണെടുത്ത് അദ്ദേഹം അവന്റെ നേരെ നീട്ടി. അതിൽ രണ്ടു തുള്ളി എണ്ണയുണ്ടായിരുന്നു. "വെറുതെ നടക്കണ്ട... ഇതുകൂടി കൈയിലിരിക്കട്ടെ" -അദ്ദേഹം പറഞ്ഞു: "നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം."

കൊട്ടാരത്തിലെ എണ്ണമറ്റ കോണിപ്പടികൾ കയറിയും ഇറങ്ങിയും അവൻ രണ്ടു മണിക്കൂർ കഴിച്ചുകൂട്ടി. പക്ഷേ, മനസ്സുമുഴുവൻ ആ സ്പൂണിലായിരുന്നു. എണ്ണ തുളുമ്പിപ്പോകരുതല്ലോ. രണ്ടു മണിക്കൂറിനുശേഷം അവൻ ജ്ഞാനിയിരുന്നിരുന്ന മുറിയിൽ തിരിച്ചെത്തി.

"ഓ, നീ വന്നോ?" അദ്ദേഹം അവന്റെ നേരെ തിരിഞ്ഞു: "എല്ലാം നടന്നു കണ്ടില്ലേ, ഊൺമുറിയിലെ തിരശ്ശീലകൾ പേർഷ്യയിൽനിന്ന് പ്രത്യേകമായി നെയ്യിച്ചു കൊണ്ടുവന്നതാണ്. നമ്മുടെ ഉദ്യാനമെങ്ങനെ? തികച്ചും പത്തു വർഷമെടുത്തു അതീ മട്ടിലാക്കിത്തീർക്കാൻ. ഗ്രന്ഥപ്പുരയിൽ പോയില്ലേ? എത്ര മൃദുലവും മനോഹരവുമാണ് ഓരോ തുകൽത്താളുകളും."

എന്തു പറയണമെന്നറിയാതെ അവൻ പരുങ്ങി നിന്നു. വാസ്തവത്തിൽ ഈ പറഞ്ഞതൊന്നും തന്നെ അവന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. മനസ്സു മുഴുവൻ സ്പൂണിലെ എണ്ണയിലായിരുന്നു. അതെങ്ങാൻ തുളുമ്പിപ്പോയാലോ? അവൻ വാസ്തവം തുറന്നു പറഞ്ഞ് കുറ്റസമ്മതം നടത്തി.

"ആട്ടെ, ഒന്നുകൂടി പോയി എല്ലാം വിസ്തരിച്ചു കണ്ടിട്ടു വരൂ... ഇതാണെന്റെ ലോകം." തിരിഞ്ഞു നടക്കാൻ ഭാവിച്ച അവനെ അദ്ദേഹം ഓർമ്മപ്പെടുത്തി: "ഒരാളെ വിശ്വസിക്കുന്നതിനുമുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവനു സമാധാനമായി. വീണ്ടും അവൻ ജ്ഞാനിയുടെ കൊട്ടാരം നടന്നു കാണാൻ പുറപ്പെട്ടു. അപ്പോഴും കൈയിലുണ്ടായിരുന്നു ആ സ്പൂണും രണ്ടു തുള്ളി എണ്ണയും. എന്നാലും ഒന്നും വിടാതെ എല്ലാം വിസ്തരിച്ചുതന്നെ അവൻ നോക്കിക്കണ്ടു. തട്ടിലും ചുമരിലുമൊക്കെയുള്ള കലാസൃഷ്ടികൾ, അതിസുന്ദരമായ ഉദ്യാനം, അതിനു ചുറ്റുമുള്ള മലനിരകൾ, എല്ലാ തരത്തിലും നിറത്തിലുമുള്ള പൂക്കൾ. എന്തു മാത്രം സൗന്ദര്യബോധത്തോടുകൂടിയാണ് ആ തോട്ടമൊരുക്കിയിരിക്കുന്നത്! ജ്ഞാനിയുടെ മുമ്പിൽ അവൻ പിന്നെയും ചെന്നു നിന്നു. കണ്ട കാഴ്ചകളെല്ലാം വിശദമായിത്തന്നെ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

"പക്ഷേ, ഞാൻ നിന്റെ കൈയിലേൽപ്പിച്ച ആ രണ്ടുതുള്ളി എണ്ണയെവിടെ?" ജ്ഞാനിയുടെ ചോദ്യം.

അപ്പോഴാണവൻ കൈയിൽ പിടിച്ചിരുന്ന സ്പൂണിലേക്കു നോക്കിയത്. അത് തികച്ചും ശൂന്യം.

"നീ പഠിച്ചിരിക്കേണ്ടതായി ഒരു പാഠമേയുള്ളൂ." ജ്ഞാനികളിൽ ജ്ഞാനിയായ ആ വൃദ്ധന്റെ പ്രൗഢഗംഭീരമായ സ്വരം: "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

വൃദ്ധൻ കഥ പറഞ്ഞു നിർത്തി. ഇടയൻ നിശ്ശബ്ദനായിരുന്നു. കഥയുടെ ഗുണപാഠം അവന്റെ മനസ്സിൽ പതിഞ്ഞു. ഇടയന്റെ മോഹം നാടുചുറ്റി കാഴ്ചകൾ കാണുകയാവാം. ആയിക്കോട്ടെ. അപ്പോഴും അവന്റെ കണ്ണ് സ്വന്തം ആട്ടിൻകൂട്ടത്തിന്റെ മേൽത്തന്നെയുണ്ടാകണം.

**(ആൽകെമിസ്റ്റ്)** **- പൗലോ കൊയ്‌ലോ**

വിവർത്തനം: രമാ മേനോൻ

- ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് സാന്റിയാഗോയെ വിസ്മയിപ്പിച്ച ദൃശ്യങ്ങൾ എന്തെല്ലാം?
- "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

"ഏതു ധൂസരസങ്കൽപ്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും."

(വിഷുക്കണി-വൈലോപ്പിള്ളി)

താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com



- പട്ടിക പൂർത്തിയാക്കുക

| | |
|---|---|
| വന്ന കുട്ടി | കുട്ടി വന്നു |
| കണ്ട കാഴ്ച | |
| | കാലം പോയി |
| | |
| | |

- താഴെ കൊടുത്ത മാതൃകയിൽ നിങ്ങൾക്കു പരിചിതമായ ഏതെങ്കിലും ഒരു കൃതിക്ക് പുറന്താൾക്കുറിപ്പ് (Blurb) തയാറാക്കുക.




**ആൽകെമിസ്റ്റ്**
(പൗലോ കൊയ്‌ലോ)

ആട്ടിൻപറ്റങ്ങളെ മേച്ചു നടക്കുമ്പോൾ സാന്റിയാഗോ എന്ന ഇടയബാലന്റെ കൈപിടിച്ച് ഒരുകുട്ടി അവനെ ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു. സാന്റിയാഗോ ഈ സ്വപ്ന ദർശനത്തിന്റെ പ്രേരണയിൽ യാത്രതിരിക്കുന്നു. 'ആൽകെമിസ്റ്റ്' ആ യാത്രയുടെ കഥയാണ്.

ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർഥ യാത്ര. ഐഹികജീവിതത്തിന് ദൈവികമായ സൗന്ദര്യം നൽകുന്ന വഴിയാണ് ലോകപ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ്‌ലോയുടേത്. വായനക്കാരുടെ ജീവിതത്തെയാകെ മാറ്റിമറിക്കുന്നു 'ആൽകെമിസ്റ്റ്' എന്ന കൃതി.

- "സന്ന്യാസിവര്യൻ ജ്ഞാനികളിൽ ജ്ഞാനി ആണ്." ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് പാഠഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ലഘു ഉപന്യാസം

"പ്രത്യാശയാണ് എല്ലാവരുടെയും ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചാലകശക്തി."

ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ ആസ്പദമാക്കി ഈ പ്രസ്താവന വിലയിരുത്തി ലഘു ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണ്ണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| * കവിതയുടെ ഈണം, താളം, ഭാവം എന്നിവ മനസ്സിലാക്കി സ്വന്തമായി ചൊല്ലാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| * പാഠഭാഗത്തുനിന്നു സ്വാംശീകരിച്ച ആശയങ്ങൾ ചർച്ച, കുറിപ്പുകൾ എന്നിവയിൽ യുക്തിയോടെ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. | | | |
| * ഉചിതമായ ശബ്ദവിന്യാസം, ഭാവം എന്നിവയോടെ കഥകൾ വായിച്ചവതരിപ്പിക്കാൻ കഴിയുന്നു. | | | |
| * വായിച്ച കൃതികളെക്കുറിച്ചുള്ള പ്രസക്തമായ കാര്യങ്ങൾ ഉൾപ്പെടുത്തി ആകർഷകമായ പുറന്താൾക്കുറിപ്പ് തയാറാക്കാൻ കഴിഞ്ഞു. | | | |
| * നേടിയ ആശയങ്ങളെ മറ്റു സന്ദർഭങ്ങളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നു. | | | |
| * സംഘപ്രവർത്തനങ്ങളിൽ ആത്മവിശ്വാസത്തോടെ ഏർപ്പെടാനും സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കാനും സാധിച്ചിട്ടുണ്ട്. | | | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക




## വിജയലക്ഷ്മി

1960ൽ എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ ജനിച്ചു. മൃഗശിക്ഷകൻ, തച്ചന്റെ മകൾ, മഴതൻ മറ്റേതോ മുഖം, അന്ത്യപ്രലോഭനം, ഹിമസമാധി, ഒറ്റമണൽത്തരി തുടങ്ങിയവ പ്രധാന കവിതാസമാഹാരങ്ങൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.



## പൊൻകുന്നം വർക്കി (1910 – 2004)

ആലപ്പുഴ ജില്ലയിലെ എടത്വായിൽ ജനനം. നോവലിസ്റ്റ്, കഥാകൃത്ത്, നാടകകൃത്ത്, തിരക്കഥാകൃത്ത്. സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ശബ്ദിക്കുന്ന കലപ്പ, സ്വർഗം നാണിക്കുന്നു, കതിരുകാണാക്കിളി, എന്റെ വഴിത്തിരിവ് (ആത്മകഥ) തുടങ്ങിയവ പ്രധാന കൃതികൾ. എഴുത്തച്ഛൻ പുരസ്കാരം, സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, വള്ളത്തോൾ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.



## പൗലോ കൊയ്‌ലോ

ലോകപ്രശസ്ത സാഹിത്യകാരൻ. 1947ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ജനിച്ചു. നോവലിസ്റ്റ്, നാടകകൃത്ത്, സംവിധായകൻ, പത്രപ്രവർത്തകൻ, തിരക്കഥാകൃത്ത് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. ദി പിൽഗ്രിമേജ്, ദി ആൽകെമിസ്റ്റ്, ബ്രിഡ, ഇലവൻ മിനിറ്റ്സ്, ദി ഫിഫ്ത് മൗണ്ടൻ തുടങ്ങിയവ പ്രധാന കൃതികൾ.

## രമാ മേനോൻ

1944 സെപ്തംബർ 10 ന് തൃശൂരിൽ ജനിച്ചു. മുപ്പതു വർഷത്തോളം അഹ്മദാബാദിൽ സ്കൂൾ ടീച്ചറായിരുന്നു. സ്മാരകം, പൈതൃകം എന്നീ കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗലോ കൊയ്‌ലോയുടെ ഫിഫ്ത് മൗണ്ടൻ, ആൽകെമിസ്റ്റ്. ഖാലിദ് ഹുസൈനിയുടെ കൈറ്റ് റണ്ണർ, ചെകുത്താനും ഒരു പെൺകിടാവും എന്നീ കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

അക്ഷയം - ക്ഷയിക്കാത്ത, കുറവില്ലാത്ത
അന്നന്നേപ്പം - അന്നന്നത്തെ ആഹാരം
അയിരൂച്ചട്ടി - ഒരു തരം പിഞ്ഞാണം
ആകുല - ദുഃഖിത
ആമഗ്നൻ - മുഴുകിയവൻ
ആർക്കൽ - ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കൽ
ഉജ്ജ്വലിക്കുക - നല്ലവണ്ണം പ്രകാശിക്കുക
ഉദാരൻ - ദാനശീലൻ
ഉന്തുക - തള്ളുക
കാപ്പ് - കൈയിലിടുന്ന ആഭരണം
കുടത്തോളം - കുടത്തിന്റെ വലുപ്പത്തിൽ
കുടം വന്ന - കൂമ്പു വന്നുതുടങ്ങിയ
കൃത്യനിർവഹണം - ജോലി ചെയ്യൽ
കൈച്ചുറുക്കോടുകൂടി - കൂടുതൽ ആവേശത്തോടെ
ഖിന്ന - വേദന അനുഭവിക്കുന്ന, ദുഃഖിത
ഗദ്ഗദകണ്ഠൻ - തൊണ്ടയിടറിയവൻ
ചാർത്തുക - പൂവും മറ്റും കൊണ്ട് അലങ്കരിക്കുക
ചോല - ഉറവ
ജീവരാശി - ജീവികളുടെ കൂട്ടം
തെകന്നില്ല - തിളച്ചില്ല
പടു - സമർഥൻ
പക്ഷം - പക്കം (പൗർണമി മുതൽ, അല്ലെങ്കിൽ അമാവാസി മുതൽ 15 ദിവസം); ഭാഗം
പ്രാണായാമം - ഒരു ശ്വാസോച്ഛ്വാസ യോഗമുറ
മജ്ജ - എല്ലിന്റെ അകത്തെ ഒരു ഭാഗം, ആറാമത്തെ ധാതു
മരതകം - നവരത്നങ്ങളിൽ ഒന്ന് (പച്ചരത്നം)
യതിവര്യൻമാർ - സന്ന്യാസിശ്രേഷ്ഠൻമാർ
വിഷാദമഗ്നൻ - സങ്കടത്തിൽ മുഴുകിയവൻ
വെമ്പൽ - വ്യഗ്രത
വേപഥു - വിറയൽ

### പഠനനേട്ടങ്ങൾ

- ജീവിതത്തിന്റെ വൈവിധ്യങ്ങൾ പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ എന്നിവ വായിച്ചാസ്വദിച്ച് സർഗാത്മകരചനകളിൽ ഏർപ്പെടുന്നു.
- പാഠഭാഗത്തുള്ള ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തി അവയുടെ സൗന്ദര്യതലം ഉൾക്കൊണ്ട് പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നു.
- ചമൽക്കാരം, ബിംബം, വാങ്മയചിത്രം എന്നിവ കവിതയെ എത്രമേൽ സുന്ദരമാക്കുന്നു എന്നു വിശകലനം ചെയ്ത് എഴുതുന്നു.
- ശേഖരിച്ച കഥകൾ ഉചിതമായ ഭാവം, ശബ്ദവിന്യാസം എന്നിവ പാലിച്ച് കഥയരങ്ങുകളിൽ അവതരിപ്പിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

2

# കണ്ണുവേണമിരുപുറമെപ്പോഴും

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ?

കൊന്നമരമേ,
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ

ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ....

അല്ലെന്നാൽ,
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും!


**(അതിജീവനം) - വീരാൻകുട്ടി**

എന്തെല്ലാം ആശയങ്ങളാണ് കവിതയിൽനിന്ന് നമുക്കു ലഭിക്കുന്നത്? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# രണ്ടു മത്സ്യങ്ങൾ

കവ്വായിക്കായലിന്റെ നിശ്ചലമായ ആഴത്തിലേക്ക് സാവധാനം താണുവന്ന മണ്ണിരയുടെ നേർക്ക് ആർത്തിയോടെ കുതിക്കാനാഞ്ഞ പൂവാലിയെ അഴകൻ തടഞ്ഞു:

"പോവാതെ പൊന്നേ, അത് മരണക്കെണിയാണ്."

അപ്പോൾ മാത്രമാണ് മണ്ണിരയെ തുളഞ്ഞ് പുറത്തേക്കുന്തിനിന്ന ചൂണ്ടക്കൊളുത്തിന്റെ മൂർച്ചത്തിളക്കം പൂവാലി കണ്ടത്. അവളുടെ ഉടൽ വിറച്ചു.

അഴകൻ ശാസിച്ചു:

"ശ്രദ്ധിക്കേണ്ടേ? നമ്മൾ മീനുകൾക്ക് നാലുചുറ്റിലും കണ്ണുവേണം. ഒരിക്കലും എടുത്തുചാടരുത്."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുറ്റബോധത്തോടെ പൂവാലി അഴകനെ മുട്ടിയുരുമ്മി നിന്നു. അഴകൻ സമാധാനിപ്പിച്ചു:

"വിഷമിപ്പിക്കാൻ പറഞ്ഞതല്ല പൂവാലീ, നിനക്കിപ്പോൾ പ്രത്യേകം ശ്രദ്ധവേണ്ട കാലമാണ്."

ഉത്സാഹത്തോടെ പൂവാലി ചോദിച്ചു:

"എപ്പോഴാണ് നാം യാത്ര പുറപ്പെടുക?"

"മഴപെയ്യാതെ നാമെങ്ങനെ പുറപ്പെടും?"

ആകാശക്കാഴ്ചകളുടെ ഇരുളിമയിലേക്ക് നോക്കി പൂവാലി ആശ്വസിച്ചു:

"നല്ല മഴക്കാറുണ്ട്. ഇന്ന് പെയ്യാതിരിക്കില്ല."

അഴകൻ നെടുവീർപ്പിട്ടു:

"ദിവസം പത്തുപതിനഞ്ചായില്ലേ, ആകാശമിങ്ങനെ മുഖം വീർപ്പിച്ചു നിൽക്കുന്നു. ഒന്നു പൊട്ടിക്കരഞ്ഞുകൂടേ ഈ ആകാശത്തിന്?"

മനോഹരമായ മിഴികൾ ആകാവുന്നത്ര വിടർത്തി പൂവാലി ചോദിച്ചു:

"ആകാശത്തിന്റെ കണ്ണുനീരാണ് മഴ അല്ലേ?"

"ആയിരിക്കാം, പക്ഷേ!"

"മഴപെയ്തില്ലെങ്കിൽ നാം എന്തുചെയ്യും?"

പോംവഴികളൊന്നും അഴകന്റെ ഉള്ളിൽ തെളിഞ്ഞില്ല. നിരാലംബനെപ്പോലെ അവൻ ഉരുവിട്ടു:

"എനിക്കറിയില്ല പൊന്നേ. ഒന്നുരണ്ടു മഴയെങ്കിലും നന്നായി പെയ്താലേ കുന്നുകളിലൂടെ നീരൊഴുക്കുണ്ടാകൂ. അതിലൂടെ കയറിക്കയറിപ്പോയാലേ നമുക്ക് ശൂലാപ്പ്കാവിലെത്തിച്ചേരാനാകൂ."

പൂവാലിയുടെ കണ്ണുകൾ തുറിച്ചു:

"അപ്പോൾ?"

അഴകൻ ചോദിച്ചു:

"ഈ കായലിലെ ഉപ്പുവെള്ളത്തിൽ നിനക്ക് മുട്ടയിടാനാകുമോ? എല്ലാം ചീഞ്ഞുപോകും പൂവാലീ. ശത്രുക്കൾ തിന്നുകയും ചെയ്യും. കാവിനകത്തെ ശുദ്ധജലത്തിലാണ് നമ്മുടെ കൂട്ടുകാർ മുട്ടയിടുന്നത്. അല്ലാതെ മറ്റൊരിടത്ത് മുട്ടയിടാനോ കുഞ്ഞുങ്ങളെ പോറ്റിവളർത്താനോ നെടുംചൂരിമത്സ്യങ്ങൾക്ക് സാധിക്കുകയില്ല."

"മഴക്കാലത്ത് നമുക്ക് എളുപ്പമല്ലേ കാവിലേക്ക് കുന്നുകൾ കയറാൻ?"

"വിഡ്ഢിത്തം പറയാതെ, വേനൽമഴ തുടങ്ങുമ്പോൾ ശൂലാപ്പിലെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുമ്പോഴേക്കും കർക്കടകത്തിന്റെ മാരിപ്പെയ്ത്ത് തുടങ്ങും. ആ വെള്ളപ്പാച്ചിലിൽ ശത്രുക്കളുടെ പിടിയിൽപ്പെടാതെ അമ്മമാർക്ക് കുഞ്ഞുങ്ങളെ സുരക്ഷിതമായി പുഴയിലും പിന്നെ കായലിലും എത്തിക്കാം."

പൂവാലി തലകുലുക്കി:

"എങ്കിൽ നമുക്ക് ആകാശദേവനോടും ശൂലാപ്പ് ദേവിയോടും പ്രാർഥിക്കാം. മഴപെയ്യാൻ..."

അഴകൻ പറഞ്ഞു:

"അമ്മയാകാൻ കൊതിക്കുന്ന പെണ്ണല്ലേ നീ.... നീ പ്രാർഥിച്ചാൽ ദൈവങ്ങൾ കേൾക്കും."

"ഞാൻ പ്രാർഥിക്കാം അഴകാ. നമുക്കുവേണ്ടി മാത്രമല്ല, ഭൂമിയിലെ സർവചരാചരങ്ങൾക്കും മഴകിട്ടാൻ."

പൂവാലിയും അഴകനും പ്രാർഥനയിലാണ്ടു. കണ്ണുതുറന്ന് ആഹ്ലാദത്തോടെ പൂവാലി പറഞ്ഞു:

"അഴകാ, ആകാശദേവൻ എന്നോട് പറഞ്ഞു, ശൂലാപ്പ്ദേവിയും എന്നോട് പറഞ്ഞു- ഉടനെ മഴപെയ്യും."

കരിങ്കടൽ പോലെ കറുത്തുതുടങ്ങിയ ആകാശത്തേക്കു നോക്കി അഴകൻ സമാധാനിച്ചു:

"ഇന്നു മഴപെയ്യും. പെയ്താൽ പുലർച്ചെ നാം യാത്ര പുറപ്പെടണം. വെളിച്ചമായാൽ ആയുധങ്ങളേന്തിയ മനുഷ്യർ വഴിതടയും."

"മനുഷ്യനെയാണോ ഏറ്റവും പേടിക്കേണ്ടത്?"

"പണ്ട് ശൂലാപ്പിലേക്ക് പോകുന്ന നെടുംചൂരികൾ ഏറ്റവും പേടിച്ചത് മണ്ണൻമുതലകളെയാണ്. അമ്മമ്മ പറഞ്ഞുതന്ന കഥകളിലൊക്കെ കുറേ മണ്ണൻമുതലകളുണ്ട്. വലിയ പാറക്കല്ലുകളാണെന്നേ തോന്നൂ. വഴിയിൽ അനക്കമറ്റു കിടക്കും. അടുത്തെത്തുമ്പോൾ ഠപ്പേന്ന് വായതുറക്കും. തീർന്നു കഥ. മുതലകളേക്കാൾ തന്ത്രശാലികളാണ് നീർനായ്ക്കൾ."

പൂവാലിക്ക് ഭയമായി:

"അഴകാ, നീയെന്നെ പേടിപ്പിക്കുന്നു."

"പേടിക്കാനില്ല പൂവാലീ, മുതലകളുടെയും നീർനായ്ക്കളുടെയും മീൻകൊത്തികളുടെയും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വംശങ്ങൾതന്നെ ഇല്ലാതായില്ലേ. പക്ഷേ, മനുഷ്യനെ പേടിച്ചേ പറ്റൂ. മുട്ടയിടാൻ പോവുകയാണോ, മുട്ടയിട്ട് കൊച്ചുകുഞ്ഞുങ്ങളെയും കൊണ്ട് തിരിച്ചുവരുകയാണോ എന്നൊന്നും അവനറിയണ്ട, കുത്തൂടുകളും വലകളും വെട്ടുകത്തിയുമായി അവൻ തക്കംപാർത്ത് നിൽക്കും."

"അഴകാ, നീയെന്നെ വീണ്ടും പേടിപ്പിക്കുന്നു."

"സൂക്ഷിക്കാൻ പറയുന്നതാണ് പൂവാലീ, കുന്നുകയറുമ്പോൾ നമ്മുടെ ഉൾക്കണ്ണും തുറന്നുവയ്ക്കണം."

നെടുംചൂരികളുടെ ഒരുകൂട്ടം അരികിലൂടെ ഇരമ്പിക്കടന്നുപോയപ്പോൾ അഴകൻ സ്നേഹത്തോടെ ചോദിച്ചു:

"നിനക്കോർമ്മയുണ്ടോ പൂവാലീ, ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത?"

അവൾക്ക് ഓർമ്മവന്നില്ല.

"നാം കണ്ടുമുട്ടിയിട്ട് ഇന്നേക്ക് ഒരുവർഷം തികയുകയാണ്."

ആഹ്ലാദം തുളുമ്പുന്ന ഒച്ചയിൽ പൂവാലി പറഞ്ഞു:

"എത്രപെട്ടെന്നാണ് കാലം ഒഴുകിപ്പോകുന്നത്, അല്ലേ?"

സ്നേഹാധിക്യത്തോടെ അവന്റെ ചെകിളപ്പൂക്കളിൽ ഉമ്മവച്ച് അവൾ കൂട്ടിച്ചേർത്തു:

"അഴകാ, നമ്മുടെ മരണശേഷവും നമുക്കീ കായലിൽ ജീവിക്കണം. നമ്മുടെ കുഞ്ഞുങ്ങളിലൂടെ, അവരുടെ കുഞ്ഞുങ്ങളിലൂടെ........."

കോരിത്തരിപ്പോടെ അഴകൻ പറഞ്ഞു:

"പൂവാലീ, ജീവിതകാലം മുഴുവൻ ഈ നല്ല വാക്കുകളുടെ പേരിൽ ഞാൻ നിന്നോട് കടപ്പെട്ടിരിക്കും. ജീവിതത്തിന്റെ നൈരന്തര്യത്തെ, മരണത്തെ അതിശയിപ്പിക്കുന്ന അതിന്റെ മഹത്വത്തെപ്പറ്റി നീ എന്നെ ബോധവാനാക്കി. കാലമെത്ര കഴിഞ്ഞാലും നമ്മുടെ കുഞ്ഞുങ്ങളിലൂടെ നാം ഈ കായലിൽത്തന്നെ നീന്തിത്തുടിച്ചുകൊണ്ടിരിക്കും."

അന്നേരം ദൈവങ്ങൾ കനിഞ്ഞതുപോലെ മഴയുടെ ആദ്യതുള്ളികൾ ജലോപരിതലത്തിലേക്കു വീണ് പൊട്ടുന്നതു കേട്ട് അഴകനും പൂവാലിയും സന്തോഷത്തോടെ കിടുകിടുത്തു. ഇരുവരും ആകാശത്തേക്കു തുള്ളിച്ചാടി മഴത്തുള്ളികളുടെ കുളിർമ ശരീരത്തിൽ അനുഭവിച്ചു.

അഞ്ചാറ് നിമിഷങ്ങൾമാത്രം! തീർന്നു മഴ. മത്സ്യങ്ങൾ ദുഃഖത്തിലായി. പൂവാലിയെ സമാധാനിപ്പിക്കാൻ അഴകൻ ചുണ്ട് തുറന്നു:

"ഇത് തുടക്കമാണ്. ഇന്നു രാത്രി മഴ കൊട്ടിയിറങ്ങും."

അഴകനെ സമാധാനിപ്പിക്കാൻ പൂവാലിയും പറഞ്ഞു: "അതെ, ഇന്നുരാത്രി മഴ കോരിച്ചൊരിയും."

രാത്രി രണ്ടു മൂന്നു പ്രാവശ്യം മഴചാറി. നല്ലൊരു മഴപ്പെയ്ത്തിനുവേണ്ടി ഇരുവരും പ്രാർഥനയോടെ കാത്തിരുന്നു. പുലർച്ചെ അൽപ്പം കനപ്പിച്ചുതന്നെ മഴതുടങ്ങിയപ്പോൾ അഴകൻ സന്തുഷ്ടനായി പറഞ്ഞു:

"കുന്നുകയറാൻ ഈ മഴ മതിയാകും, വാ, നമുക്ക് വേഗം പുറപ്പെടാം."

കവ്വായിക്കായൽ കടന്ന് മത്സ്യങ്ങൾ പുഴയിലേക്ക് കയറുമ്പോഴേക്കും മഴ ശമിച്ചിരുന്നു. പുഴയുടെ ചോര കക്കിയ ജഡംപോലെ അവിടവിടെ കലക്കുവെള്ളം തങ്ങിനിന്നിരുന്നു. വലിയൊരു ചേരൽമരത്തിന്റെ അടിയിലെത്തിയപ്പോൾ വെള്ളത്തിന്റെ രുചി അറിഞ്ഞ് അഴകൻ പറഞ്ഞു:

"ഇവിടെനിന്നാണ് കുന്നുകയറേണ്ടത്, നീരൊഴുക്ക് പാറിവീഴുന്ന ആ പാറക്കെട്ടിന് മുകളിലൂടെ..."

നിഷ്പ്രയാസം പാറക്കെട്ട് ചാടിക്കടന്ന് അവർ മുകളിലെത്തി. വഴികളിലെ ജലസ്പർശത്തിൽ തെന്നിനീങ്ങിയും മഴക്കുഴികളിൽ ഇടയ്ക്കിടെ വിശ്രമിച്ചും യാത്ര തുടർന്നു. വെളിസ്ഥലങ്ങൾ കണ്ടുതുടങ്ങിയപ്പോൾ അഴകൻ മുന്നറിയിപ്പു നൽകി:

"ഇനി നാം ഏറെ ശ്രദ്ധിക്കണം. മനുഷ്യർ ആയുധങ്ങളുമായി പതുങ്ങിയിരിപ്പുണ്ടാവും."

ഉള്ളിൽ നല്ല ഭയപ്പാടുണ്ടെങ്കിലും പുറത്തു കാണിക്കാതെ ഓരോ കുസൃതികൾ കാണിച്ചും പറഞ്ഞും അഴകൻ മുന്നിൽ നീങ്ങി. പെട്ടെന്ന് ഭീതിദമായ ഒരു കാഴ്ചകണ്ട് അവൻ പരിഭ്രാന്തനായി:

"അയ്യോ, അതാ കുറച്ച് മനുഷ്യർ ഓടിവരുന്നു. നമുക്കെവിടെയെങ്കിലും ഒളിച്ചിരിക്കാം."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു കാട്ടുപൊന്തയിലേക്കു മത്സ്യങ്ങൾ കുതിച്ചു. നനഞ്ഞ കരിയിലകൾക്കിടയിൽ പതുങ്ങിയിരുന്നു, പൂവാലി പ്രാർഥിച്ചു:

“ന്റെ ശൂലാപ്പ്ദേവീ, ഞങ്ങളെ കൈവിടല്ലേ....”

നനവുള്ളിടങ്ങളിലൊക്കെ മൂർച്ചയേറിയ കുന്തങ്ങൾ കുത്തിക്കുത്തി മനുഷ്യർ പരതുകയാണ്. അഴകൻ ഞെട്ടലോടെ കണ്ടു, ഒരു മനുഷ്യന്റെ കൈയിലെ ഈർക്കിലിൽ പത്തോളം നെടുംചൂരികൾ ജീവനറ്റ് തൂങ്ങിക്കിടക്കുന്നു. തങ്ങൾക്കുമേൽ രണ്ടു കണ്ണുകൾ വെട്ടിത്തിളങ്ങുന്നത് മത്സ്യങ്ങൾ കണ്ടു. പിന്നാലെ ആ മനുഷ്യന്റെ അലർച്ച മുഴങ്ങി:

“കള്ളത്തിരുമാലികൾ രണ്ടും ഇവിടെ ഒളിച്ചിരിപ്പുണ്ട്.”

വാളുകളും കുന്തങ്ങളും കുതിച്ചുവരുന്നതു കണ്ടപ്പോൾ മത്സ്യങ്ങൾ ആഞ്ഞ് ചാടി. ഇത്തവണ ഒരു പാറയിടുക്കിലാണു ചെന്നുവീണത്. ഭാഗ്യത്തിന് അൽപ്പം വെള്ളം കെട്ടിനിൽപ്പുണ്ടായിരുന്നു. രണ്ടു മീനുകൾക്ക് കിടക്കാനുള്ള സ്ഥലമേയുള്ളൂ.

മനുഷ്യശബ്ദങ്ങൾ വീണ്ടും സമീപസ്ഥമാകുന്നതറിഞ്ഞ മത്സ്യങ്ങൾ ഭയാക്രാന്തരായി. നിരവധി കണ്ണുകൾ മുകളിൽ തെളിഞ്ഞപ്പോൾ അഴകൻ കരഞ്ഞു:

“പൂവാലീ, നമ്മുടെ ജീവിതം തീരുകയാണ്.”

“ഇല്ല അഴകാ, ശൂലാപ്പ്ദേവി നമ്മളെ കൈവിടില്ല.”

“നീ ഉള്ളിലോട്ട് കേറിനിൽക്ക്. എന്നെ പിടിച്ചാലും സാരമില്ല. നീ പെണ്ണാണ്. അടുത്ത തലമുറയ്ക്ക് ജീവൻ പകരാൻ നീ വേണം.”

“ഇല്ലഴകാ, നീയില്ലാതെ ഈ ഭൂമിയിൽ ഞാൻ ജീവിക്കുകയില്ല.”

“അസംബന്ധം പറയാനുള്ള നേരമല്ലിത്.”

“ഉള്ളിലോട്ട് കേറാൻ ഒട്ടും സ്ഥലമില്ല അഴകാ.”

പെട്ടെന്ന് ഇരുമ്പിന്റെ കുന്തം അഴകനെ തൊട്ടു തൊട്ടില്ലെന്ന വിധം പാറയിടുക്കിലേക്കു ഭയങ്കര ശബ്ദത്തോടെ കുത്തിയിറങ്ങി. എല്ലാം അവസാനിച്ചുവെന്ന് അഴകൻ കണ്ണടച്ചു. അപ്പോൾ പൂവാലിയുടെ ഒച്ച മുഴങ്ങി:

“അഴകാ, ഉള്ളിലോട്ട് വാ. ഇതാ ഒരു വഴി.”

പാറപിളർന്നപ്പോഴുണ്ടായ മാളത്തിലൂടെ മീനുകൾ അകത്തേക്കു തള്ളിക്കയറി. ഉള്ളിലെത്തിയപ്പോൾ അവൻ ചോദിച്ചു:

“നീ പേടിച്ചോ?”

ഉടലാകെ തരിച്ചുപോയ പൂവാലിക്ക് ഒന്നും മിണ്ടാനായില്ല. അപ്പോൾ അപരിചിതവും കരുണാർദ്രവുമായ ഒരു ശബ്ദം മുഴങ്ങി:

“രണ്ടു മത്സ്യങ്ങളേ, നിങ്ങൾ എന്തിനിവിടെ വന്നു?”

ഇരുട്ടിലേക്കു സൂക്ഷിച്ചു നോക്കിയപ്പോൾ മത്സ്യങ്ങൾ കണ്ടു- ഒരു വലിയ തവള, കടുംപച്ച നിറമാണ്. നൂറ്റാണ്ടുകളുടെ പ്രായം തോന്നിക്കുന്ന ഉടലാണ്.

വിനയത്തോടെ അഴകൻ പറഞ്ഞു:






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ക്ഷമിക്കണം പ്രഭോ, പുറത്ത് മനുഷ്യരുടെ ആക്രമണം ഉണ്ടായപ്പോൾ രക്ഷപ്പെടാൻ കയറിയതാണ്. ഉടനെ പോയ്ക്കോളാം."

"എങ്ങോട്ട്?"

"ശൂലാപ്പ്കാവിലേക്ക്."

"ഓ, മുട്ടയിടാനുള്ള കാലമായി അല്ലേ. നിങ്ങൾ കുറച്ച് വിശ്രമിക്കൂ. ദുഷ്ടരായ മനുഷ്യസന്തതികൾ പുറത്തുണ്ട്."

പൂവാലിക്ക് ആശ്വാസമായി. അവൾ ചോദിച്ചു:

"അങ്ങെന്തിനാണ് ഈ ഇരുട്ടിൽ കഴിയുന്നത്?"

"ശൂലാപ്പ്കാവിലാണ് മത്സ്യങ്ങളേ, ഞാൻ പിറന്നതും ജീവിച്ചതും. കാവിനകത്ത് ദേവിയുടെ ഗർഭപാത്രം പോലെയുള്ള ജലാശയത്തിൽ. ഒരു ദിവസം ധ്യാനത്തിനായി ബുദ്ധൻ കാവിലേക്കു കയറിവന്നു."

മത്സ്യങ്ങൾ വിശ്വസിക്കാനാവാതെ ഒന്നിച്ച് ചോദിച്ചു:

"ശ്രീബുദ്ധനോ?"

"അതെ, സാക്ഷാൽ ശ്രീബുദ്ധൻ. രണ്ടു മത്സ്യങ്ങളേ, നൂറ്റാണ്ടുകൾക്ക് മുൻപുള്ള കഥയാണ് ഞാൻ പറയുന്നത്. അതീവ തേജസ്വിയായ ബുദ്ധൻ ഉദയസൂര്യനെപ്പോലെ വരുന്നതു കണ്ടപ്പോൾ വഴിമാറാൻ പോലുമാകാതെ ഞാൻ അസ്തപ്രജ്ഞനായി. ഒരു ഉറുമ്പിനെപ്പോലും വേദനിപ്പിക്കാതെയാണ് നടപ്പെങ്കിലും ചതുപ്പിൽ പൂണ്ട് സുഖിച്ചുകിടക്കുകയായിരുന്ന എന്നെ അദ്ദേഹം കണ്ടില്ല. വേദനിച്ചിട്ടല്ല, വഴിമാറിക്കൊടുക്കാനുള്ള വെപ്രാളത്തിൽ ഞാനൊന്നു പിടഞ്ഞു. എനിക്ക് വേദനിച്ചുവെന്നു കരുതി എന്നെ കൈകളിൽ കോരിയെടുത്ത് അദ്ദേഹം തടവാൻ തുടങ്ങി. ആ കണ്ണുകളിൽ അലിവിന്റെ നനവു പടർന്നു.

"കുഞ്ഞേ, ഞാൻ നിന്നെ വേദനിപ്പിച്ചു അല്ലേ?"

സന്തോഷത്താൽ എനിക്ക് വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല. ഒരു വിധത്തിൽ ഞാൻ പറഞ്ഞൊപ്പിച്ചു:

"വേദനയെന്തെന്ന് ഞാനറിഞ്ഞില്ല വിഭോ. അങ്ങയുടെ പാദസ്പർശത്താൽ ഞാൻ ധന്യനായി. ഈ കാവിനകത്തെ അസംഖ്യം ജീവജാലങ്ങളെയും സാമീപ്യം കൊണ്ട് അങ്ങ് അനുഗ്രഹിക്കുകയാണ്."

കഥ അവസാനിപ്പിച്ച് തവള പറഞ്ഞു:

"രണ്ടു മത്സ്യങ്ങളേ, ബുദ്ധന്റെ സ്പർശനമേറ്റ ഞാൻ ചിരഞ്ജീവിയായി. ഞാനതിൽ അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തു. പക്ഷേ, സമീപകാലത്ത് മനുഷ്യർ ഭൂമിയോടു കാണിക്കുന്ന കൊള്ളരുതായ്മകൾ സഹിക്കാൻ വയ്യാതായപ്പോൾ, കാവിനുചുറ്റുമായി രാക്ഷസയന്ത്രങ്ങൾ പാറകൾ ഭക്ഷിക്കാൻ തുടങ്ങിയപ്പോൾ ഞാനിങ്ങോട്ടു വന്നതാണ്."

നീണ്ട മൗനത്തിനുശേഷം ക്ഷോഭത്തോടെ തവള ചോദിച്ചു:

"മനുഷ്യൻ മാത്രം ബാക്കിയാകുന്ന ഒരു സങ്കൽപ്പത്തെയാണോ വികസനം വികസനം എന്നു വിളിക്കുന്നത്?"

അഴകൻ വേവലാതിപ്പെട്ടു:

"വികസനമോ? അതെന്ത്? ഞങ്ങൾക്കിതൊന്നും മനസ്സിലാകുന്നില്ല."

"രണ്ടു മത്സ്യങ്ങളേ, നിങ്ങൾക്ക് മാത്രമല്ല, ആർക്കും ഒന്നും മനസ്സിലാകുന്നില്ല. വാ, നമുക്ക് ശൂലാപ്പിലേക്ക് പോകാം. ശത്രുക്കൾ ഒഴിഞ്ഞു പോയെന്ന് തോന്നുന്നു."

ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാലിലൂടെ തവളയുടെ പിന്നാലെ മീനുകൾ നീന്തിനീന്തി ശൂലാപ്പ്കാവിനു മുന്നിലെത്തി. അവിടെ കണ്ട കാഴ്ചകൾ തവളയ്ക്ക് വിശ്വസിക്കാനായില്ല.

കാടായി നിറഞ്ഞുനിന്നിരുന്ന കാവിന്റെ ഓർമ്മപോലെ നാലഞ്ചു മരങ്ങൾ മാത്രം. അരുതാത്തതെന്തോ കണ്ട് ഭയന്നുവിറയ്ക്കുന്നതുപോലെ കാട്ടുവള്ളിക്കൈകൾ കൊണ്ട് അവ പരസ്പരം പൊത്തിപ്പിടിച്ചിരുന്നു. ജലാശയം നികത്തി മാർബിളിൽ മനോഹരമായ സൗധം പണിഞ്ഞിരുന്നു.

പകുതി കത്തിയെരിഞ്ഞ ബോധിവൃക്ഷത്തിന്മേൽ നിലവിളിക്കുന്നതുപോലെ പാടിക്കൊണ്ടിരുന്ന ഒരു പച്ചപ്പനങ്കിളിത്തത്തയോട് തവള ചോദിച്ചു:



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"കിളിമകളേ, എന്താണിവിടെ സംഭവിച്ചത്?"

കരച്ചിൽപ്പാട്ട് നിർത്തി അവൾ ശബ്ദമിടറിപ്പറഞ്ഞു:

"പ്രഭോ, കഴിഞ്ഞ കൊല്ലം മുട്ടയിടാൻവന്ന മീനുകളെല്ലാം വെള്ളത്തിലെ രാസവിഷം കാരണം ചത്തുപൊന്തിയപ്പോൾ കുറേ മനുഷ്യർ വന്നുകൂടി. രാത്രിയിലാണ് തീയിട്ടത്. എന്റെ കൂട്ടുകാരെല്ലാം തീയിൽ കത്തിയെരിഞ്ഞു. ഞാൻ നോക്കിനിൽക്കേ എന്റെ പ്രിയതമനും... ജീവനോടെ."

മുളചീന്തുന്നതുപോലെ കിളിമകൾ വീണ്ടും കരച്ചിലായി.

അന്നേരം ഉടലാകെ തരിക്കുന്നതായും കരുണയുടെ അദൃശ്യമായ കൈകൾ തലോടുന്നതായും തവളയ്ക്ക് തോന്നി. ബോധോദയത്തോടെ തവള ഉരിയാടി:

"രണ്ടു മത്സ്യങ്ങളേ, ഇതാ മരണം എന്നെ അനുഗ്രഹിക്കുകയാണ്. എത്രയും പെട്ടെന്ന് സുരക്ഷിതമായ ഒരിടം തേടി നിങ്ങൾ പുറപ്പെടുക. മനുഷ്യർ എത്തിച്ചേരാത്ത ഒരു പറുദീസ എവിടെയെങ്കിലും നിങ്ങളെ കാത്തിരിപ്പുണ്ടാകും."

വിസ്മയിച്ചുനിന്ന കിളിമകളെ വിളിച്ച് തവള ഉപദേശിച്ചു:

"അല്ലയോ കിളിമകളേ, നീ നല്ല പാട്ടുകാരിയല്ലേ. സ്വന്തം ദുഃഖത്തിന്മേൽ ഇങ്ങനെ അടയിരിക്കാതെ ഇക്കണ്ടതിന്റെയെല്ലാം പൊരുളുകളെ ഉലകത്തെ മുഴുവൻ നീ പാടിക്കേൾപ്പിക്കൂ. അതാകട്ടെ നിന്റെ നിയോഗം."

കിളിമകൾ ധൈര്യം അവലംബിച്ചു:

"ഞാനിനി കരയില്ല പ്രഭോ."

തവളയുടെ കണ്ണുകൾ അടഞ്ഞു. ശരീരം നിശ്ചലമായി. പൂവാലിക്ക് സങ്കടം നിയന്ത്രിക്കാനായില്ല. അവൾ വിതുമ്പിക്കരയാൻ തുടങ്ങി.

അഴകൻ സമാധാനിപ്പിച്ചു:

"പൂവാലീ, കരയാനുള്ള നേരമല്ലിത്. നമുക്കുടനെ പുറപ്പെടണം. മണ്ണിൽ എവിടെയെങ്കിലുമുണ്ടാവും, ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം."

ഇരു മത്സ്യങ്ങളും ചെകിളപ്പൂക്കൾ വിടർത്തി ആവുന്നത്ര പ്രാണവായു ഉള്ളിലേക്കു വലിച്ചു.

കിളിമകളോട് യാത്രപറഞ്ഞ് വെള്ളം വറ്റിത്തുടങ്ങിയ പാറയളുക്കുകൾക്കിടയിലൂടെ അവർ യാത്ര തുടങ്ങി.

**- അംബികാസുതൻ മാങ്ങാട്**

- മത്സ്യങ്ങൾ ആകാശദേവനോടും ശൂലാപ്പ്ദേവിയോടും കരഞ്ഞു പ്രാർഥിക്കാൻ കാരണമെന്ത്?
- യാത്രയിൽ എന്തെല്ലാം പ്രതിസന്ധികളാണ് മത്സ്യങ്ങൾ അഭിമുഖീകരിച്ചത്? ചർച്ചചെയ്യുക.
- 'മഴ കൊട്ടിയിറങ്ങുക' എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്? ഇതുപോലുള്ള പ്രയോഗങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തിയെഴുതൂ.
- തവളയും ബുദ്ധനും കണ്ടുമുട്ടുന്ന സന്ദർഭവും തുടർന്നുള്ള സംഭാഷണവും നൽകുന്ന സന്ദേശമെന്തെന്ന് സംഗ്രഹിച്ചെഴുതുക.
- ഈ കഥയിൽ തവളയുടെ ദൗത്യമെന്ത്? ഒരു ലഘുവിവരണം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- വർണങ്ങൾ ചേരുമ്പോൾ വരുന്ന മാറ്റം കണ്ടെത്തൂ....

| പിരിച്ചെഴുതിയ രൂപം | ചേർത്തെഴുതിയ രൂപം | വർണത്തിൽ വന്ന മാറ്റം |
|---|---|---|
| നെൽ+മണി | നെന്മണി | 'ല' കാരം പോയി 'ന' കാരം വന്നു. |
| | മഴത്തുള്ളി | |
| | തിരുവോണം | |

- • പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തിയ കടന്നുകയറ്റം.
  • ജീവികളുടെ പരസ്പരാശ്രയത്വമാണ് ആവാസവ്യവസ്ഥയുടെ അടിസ്ഥാനം.
  • പരിസ്ഥിതിസൗഹൃദ വികസനത്തിന്റെ അനിവാര്യത.

  തുടങ്ങിയ ആശയങ്ങൾ ഈ കഥയിൽ പ്രതിപാദിക്കുന്നു. പ്രസ്തുത ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുഖപ്രസംഗം തയാറാക്കുക.

- താഴെ കൊടുത്ത സൂചനകൾകൂടി പരിഗണിച്ച് കഥയ്ക്ക് ആസ്വാദനം തയാറാക്കൂ.
  - "നമ്മൾ മീനുകൾക്ക് നാലു ചുറ്റിലും കണ്ണുവേണം."
  - "ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകിയ നീർച്ചാലിലൂടെ തവളയുടെ പിന്നാലെ മീനുകൾ നീന്തി...."
  - "കാടായി നിറഞ്ഞു നിന്നിരുന്ന കാവിന്റെ ഓർമ്മപോലെ നാലഞ്ചു മരങ്ങൾ മാത്രം."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കിട്ടും പണമെങ്കിലിപ്പോൾ



മാനുഷന്മാരുടെ മോഹങ്ങളോരോന്നേ
ഞാനുരചെയ്യുന്നു കേൾക്ക നീ ബാലക!
കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല;
കിട്ടിയതൊന്നും മതിയല്ല പിന്നെയും
കിട്ടിയാലും മതിയല്ല ദുരാഗ്രഹം;
രണ്ടു പണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടു കാതമെന്നാകിലും.
ഭോജനത്തിന്നും പ്രഥനത്തിനും പിന്നെ
രാജസേവയ്ക്കും ദുരാഗ്രഹം ലോകർക്കു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രാജാവിനെച്ചെന്നു സേവിച്ചു നിൽക്കയും
വ്യാജം പറഞ്ഞു പലരെച്ചതിക്കയും
കൈക്കൂലി മെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ഛിതം.
മൂക്കിൽ വിരൽതള്ളി നിൽക്കുന്നവരെയും
നോക്കുവാൻപോലുമവസരമില്ലപോൽ!
എത്രയും ദുഃഖമാം രാജസേവാദിക-
ളെത്ര ജനമുണ്ടതിനു തുനിയുന്നു!
ശ്ലോകങ്ങളുണ്ടാക്കിയാലിന്നു നമ്മുടെ
ശോകങ്ങൾ തീരുമെന്നെല്ലാം നിരൂപിച്ചു
ശ്ലോകം ചമയ്ക്കും പദങ്ങളും നിർമ്മിക്കു-
മേകൻ ദുരാഗ്രഹംകൊണ്ടതു ചെയ്യുന്നു;
പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ-
നൊട്ടു പണംകൂടെ മുമ്പേ നിനയ്ക്കയാൽ.
വീരവാളിപ്പട്ടു കിട്ടിയെന്നാകിലും
പോരാ തരിവള കിട്ടുവാനാഗ്രഹം.
പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം;
ആട്ടം പഠിക്കുന്നു ചാട്ടം പഠിക്കുന്നു
കൊട്ടു പഠിക്കുന്നു പാട്ടു സാധിക്കുന്നു;
മുട്ടാതെ കച്ചകെട്ടുന്നു ചിലർ നിന്നു
വെട്ടും തടയും വടിയും പയറ്റുന്നു;
വായനകൊണ്ടേ ഫലിപ്പൂവിക്കാലമെ-
ന്നായതിന്നും ചിലരുഷ്ണം പിടിക്കുന്നു.
ആയതിവേണമെന്നാൽ പണം കിട്ടുമെ-
ന്നായുധവിദ്യക്കൊരുവൻ തുനിയുന്നു.
വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
കാരസ്കരഘൃതം ഗുൽഗുലു തിക്തകം
ചേരുന്ന നെയ്കളുമെണ്ണ പൊടികളും
സാരമായുള്ള ഗുളികയും കൊണ്ടുചെ-
ന്നോരോവിധം പണം കൈക്കലാക്കീടുന്നു:
മന്ത്രവാദം പഠിക്കുന്നു ചിലർ പിന്നെ
മന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു
മന്ത്രികളോടുമരചരോടും ചെന്നു
മന്ത്രിച്ചു പട്ടും വളയും പിടുങ്ങുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജ്യോതിഷശാസ്ത്രം പഠിച്ചവർ മിക്കതും
പാതിരാജ്യം കൈക്കലാക്കാൻ തടവില്ല
ജാതകം നോക്കീട്ടവർ പറഞ്ഞീടുന്ന
കൈതവം കേട്ടാൽ കൊടുക്കും പല വസ്തു;
മറ്റുള്ള വിദ്യകളെല്ലാം പണിപ്പെട്ടു
പഠിച്ചുകൊണ്ടു നടക്കുന്ന ഭോഷർക്കു
കൊറ്റുമാത്രംപോലുമെങ്ങും കഴിവരാ
മറ്റുള്ളതോ പിന്നെ ഒട്ടും നിനയ്ക്കേണ്ട;
നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനുഷർ!

**(ധ്രുവചരിതം) -കുഞ്ചൻനമ്പ്യാർ**

- കൗശലം പ്രയോഗിച്ച് പണം സമ്പാദിക്കാൻ മനുഷ്യർ എന്തൊക്കെ മാർഗങ്ങളാണ് സ്വീകരിക്കുന്നത്? പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക.
- “അർഥമെത്ര വളരെയുണ്ടായാലും
  തൃപ്തിയാകാ മനസ്സിന്നൊരുകാലം
  പത്തുകിട്ടുകിൽ നൂറു മതിയെന്നും
  ശതമാകിൽ സഹസ്രം മതിയെന്നും”

  *(ജ്ഞാനപ്പാന -പൂന്താനം)*


  സമാനാശയമുള്ള വരികൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.
- നിങ്ങളുടെ ശ്രദ്ധയാകർഷിച്ച ഏതെങ്കിലും ഒരു സാമൂഹികവിഷയത്തെ ആധാരമാക്കി തുള്ളൽപ്പാട്ടിന്റെ താളത്തിൽ വരികൾ എഴുതിനോക്കൂ.
- സാമൂഹികവിഷയങ്ങൾ പ്രമേയമാകുന്ന കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ, കാർട്ടൂൺകവിതകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കുക.
- കാവ്യത്തിൽ സൂചിപ്പിക്കുന്ന ആശയങ്ങൾ ഇന്ന് എത്രത്തോളം പ്രസക്തമാണ്? ചർച്ച ചെയ്ത് കുറിപ്പു തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






# തേൻകനി

(കുട്ടികൾ കൂട്ടം കൂടി നിന്നു രഹസ്യം പറയുന്നു. അൽപ്പമകലെ കാടും അതിനുള്ളിൽ ഒരു തേന്മാവും. രാമനും ഭദ്രനും മറ്റു കുട്ടികൾക്കും പത്തിനും പതിനഞ്ചിനും ഇടയ്ക്കു പ്രായം).

രാമൻ : അതാ, ആ കാണുന്നതാണ് ഉമ്മാക്കിക്കാട്!

ഭദ്രൻ : ഉമ്മാക്കിക്കാടോ! എന്നാൽ ഇനിയങ്ങോട്ടുള്ള യാത്രയ്ക്ക് ഞാനില്ല.

കൂട്ടുകാർ : (ചിരിച്ച്) അയ്യോ കഷ്ടം! പേടിത്തൊണ്ടൻ!

ഭദ്രൻ : ങ്ഹും, പേടിയൊന്നുമുണ്ടായിട്ടല്ല.

രാമൻ : പിന്നേ?

ഭദ്രൻ : പിന്നെ...പിന്നെ .... (തിരിഞ്ഞോടുന്നു. രാമനും കൂട്ടുകാരും പിറകേയും.)

രാമൻ : ഭദ്രനെ വിടല്ലേ... (എല്ലാവരും ചേർന്നു ഭദ്രനെ വളയുന്നു.)

ഭദ്രൻ : പിന്നേ...അമ്മ പറഞ്ഞു... ആ കാട്ടിൽ ഉമ്മാക്കിയുണ്ടെന്ന്...

കൂട്ടുകാർ : ഉമ്മാക്കിയോ? ഓ ചുമ്മാതെ...

ഭദ്രൻ : എന്നാൽ അങ്ങോട്ടുചെല്ല്, ഇപ്പം കാണാം കിയ്യോ കിയ്യോന്ന് അവിടെ കിടന്നു വിളിക്കുന്നത്.

രാമൻ : (ചെറുതായി പേടിച്ച്) ഉമ്മാക്കി എന്തോ ചെയ്യും...?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കൂട്ടുകാർ : ഉമ്മാക്കി എന്നു പറഞ്ഞാലാരാ...?

ഭദ്രൻ : പിശാചാ... കറുത്ത്, രണ്ടു നീണ്ട കൊമ്പുമായി, നാക്കും വെളിയിലിട്ട്, വാലുമാട്ടി കാട്ടിലങ്ങനെ നടക്കും. ആരെങ്കിലും കാട്ടിലോട്ടുചെന്നാൽ ഒറ്റപ്പിടി... വലിച്ചൊരു കീറൽ... കറ കറാന്നു രക്തമങ്ങു കുടിക്കും. (ഈ വർണന കേട്ടു മറ്റുള്ളവരും പേടിക്കുന്നു.)

കൂട്ടുകാർ : ഇനിയെന്തോ ചെയ്യും?

ഭദ്രൻ : ഇവിടെയാണ് മാമ്പഴമുള്ളതെന്ന് ഞാനറിഞ്ഞില്ല. (രാമനോട്) ഈ രാമനാ എന്നോടു കള്ളം പറഞ്ഞത്...

രാമൻ : ഞാനുമറിഞ്ഞില്ല. ഇന്നലെ ക്ലാസിൽ സാറു പറഞ്ഞില്ലേ...
റോഡിനക്കരെ
വയലിനക്കരെ
വഴി കടക്കുമ്പോൾ

ഭദ്രൻ : ശരിയാ, ഞാനുമോർക്കുന്നു... തോടുതാണ്ടി, പുഴയിറങ്ങി, കാടു കാണുമ്പോൾ...

കൂട്ടുകാർ : നമ്മൾ ഈ വഴിയെല്ലാം കടന്നല്ലേ വന്നത്...

രാമൻ : ഇതാണ് സാറു പറഞ്ഞ കാട്... വലിയ കാട്!

കൂട്ടുകാർ : അയ്യോ... നോക്കിയപ്പോൾതന്നെ പേടിയാവുന്നു.

ഭദ്രൻ : പണ്ടേ... അമ്മ പറഞ്ഞിട്ടില്ലേ...
"കാട്ടിൽ പോകല്ലേ,
മരത്തിൽ കയറല്ലേ........"

കൂട്ടുകാർ : "കൂട്ടുകൂടല്ലേ
മോനേ കൂട്ടുകൂടല്ലേ..."

രാമൻ : അമ്മ അങ്ങനെ പറഞ്ഞെങ്കിലും... മാമ്പഴത്തിന്റെ കാര്യമോർക്കുമ്പോൾ...

കൂട്ടുകാർ : വായിൽ വെള്ളമൂറുന്നു...

ഭദ്രൻ : എനിക്കും...

രാമൻ : എന്നാലൊരു കാര്യം ചെയ്യാം... നമുക്കൊരുമിച്ച് ഉമ്മാക്കിയെ തോൽപ്പിക്കാം, മാവിൽ കയറി...

ഭദ്രൻ : അയ്യോ ഞാനില്ല... അമ്മ പറഞ്ഞു... അതിന്റെ കൊമ്പുകൊണ്ട് ഇരുളിൽ നമ്മുടെ വയറിന് കുത്തുമെന്ന്, അയ്യോ! എന്തൊരു വേദനയായിരിക്കും...നമുക്ക് മാവും കാണണ്ട, പഴോം തിന്നണ്ട.

കൂട്ടുകാർ : അങ്ങനെ തോറ്റു പിന്മാറിയാലോ...?

രാമൻ : പാടില്ല. പേടിച്ചു പിന്മാറാൻ പാടില്ല.

ഭദ്രൻ : നിങ്ങളെല്ലാവരും കൂടിയുണ്ടെങ്കിൽ ഞാനും ഒരുകൈ നോക്കാം...

രാമൻ : പക്ഷേ, നീ ഒടുവിൽ പേടിച്ച് പിറകോട്ടോടരുത്.

ഭദ്രൻ : ഇല്ല. നിങ്ങൾ മുമ്പിൽ നിൽക്കണം. ഞാൻ പിറകിൽ... (എല്ലാവരും ചേർന്ന് ധൈര്യമവലംബിച്ച് തിരിഞ്ഞു കാടിനെ ലക്ഷ്യമാക്കി നടക്കാൻ ഭാവിക്കുന്നു... ഒന്നുരണ്ടടി നടക്കുന്നു...)

(വെളിയിൽനിന്ന് കാടിനെയാകെ കുലുക്കുന്ന ഒരു പൊട്ടിച്ചിരി കേൾക്കുന്നു. അതിന്റെ അലകൾ ഒതുങ്ങുന്നതിനു മുമ്പുതന്നെ എല്ലാവരും അമ്പരന്ന് നാലുപാടും ഓടി ഒളിക്കുന്നു. രംഗത്തിന്റെ നാലു കോണുകളിൽ പോയി തലകുമ്പിട്ടിരിക്കുന്നു.)

കൂട്ടുകാർ : ഉമ്മാക്കിയാണോ?

ഭദ്രൻ : അതേ!

രാമൻ : യ്യോ! എന്തൊരു പൊട്ടിച്ചിരി...!

ഭദ്രൻ : ആ പിശാചു നമ്മളെ കണ്ടുകാണും... ഇനി കാട്ടിൽ നിന്നിറങ്ങി വന്നു നമ്മെ ഓരോരുത്തരേയും... പിടിച്ചു... കടിച്ചുകീറി, കറുമുറാ തിന്നാൽ...

രാമൻ : കാട്ടിനുള്ളിൽ ചെല്ലുന്നവരെയല്ലേ ഉമ്മാക്കി പിടിച്ചു തിന്നൂ... നമ്മൾ വെളിയിലല്ലേ...?

കൂട്ടുകാർ : മാമ്പഴം കാക്കുന്നൊരുമ്മാക്കി,
കാട്ടിന്നിരുട്ടിൽ നീ വാഴുമ്പം
കുട്ട്യോളെ തിന്നാനൊരുങ്ങല്ലേ
കുട്ടിക്കും മാമ്പഴം കിട്ടേണ്ടേ...?

(തേന്മാവിന്റെ ഭാഗത്തുനിന്ന് വീണ്ടും പൊട്ടിച്ചിരി... എല്ലാവരും അങ്ങോട്ടു നോക്കുന്നു. ഒരു മൃഗത്തിന്റെ കറുത്ത തല (പൊയ്മുഖം) യുള്ള, അതിനിടയിലൂടെ നരച്ച താടി കാണാവുന്ന, വെള്ള വസ്ത്രമുടുത്ത വനഗായകൻ അവിടെനിന്നു സാവധാനം പാടിത്തുള്ളി വരുന്നു.)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






വനഗായകൻ : കാടിന്നുടയോനാമെന്നെ
തേടി വരുന്നോരേ...
വരുവിൻ ഗാനവുമായി
കാടിൻ ഗീതവുമായ്..

ഭദ്രൻ : അയ്യോ... ഉമ്മാക്കി...(കരയുന്നു)

(എല്ലാവരും പേടിച്ചു നാലുവശത്തേക്കുമോടി നോക്കി നിൽക്കുന്നു.)

വനഗായകൻ : (കോപം നടിച്ച്) ആരു പറഞ്ഞു, ഈ വനത്തിൽ കടക്കാൻ?

(ഓരോ കുട്ടിയെയും സമീപിക്കുന്നു... കുട്ടികൾ പേടിച്ചു പരക്കം പായുന്നു. ഒടുവിൽ എല്ലാവരും ചേർന്ന് ഉമ്മാക്കിയെ എതിർത്തു തോൽപ്പിക്കാൻ തന്നെ തീരുമാനിക്കുന്നു.)

കൂട്ടുകാർ : രാമനും ഭദ്രനും ഉമ്മാക്കിയുടെ രണ്ടു വശവും നിൽക്കണം. ഞങ്ങൾ മുമ്പിലും പിറകിലും.

(രാമനും ഭദ്രനും ഇരുവശവും നിന്ന് വനഗായകന്റെ കൈ പിടിച്ചുവലിക്കുന്നു. മറ്റുള്ളവർ മൃഗത്തിന്റെ കൊമ്പിലും. വനഗായകൻ അവരെ എതിരിടുന്നു. ഈ ചലനമെല്ലാം താളാത്മകമായി നിയന്ത്രിക്കപ്പെടുന്നു. ഇടയ്ക്കിടയ്ക്ക് ആക്രോശവും പൊട്ടിച്ചിരികളും ഉയർന്നു കേൾക്കാം. ഒടുവിൽ കുട്ടികൾ ഉമ്മാക്കിയുടെ തല അടർത്തിയെടുത്ത് ആരവം മുഴക്കുന്നു. അപ്പോൾ അവരുടെ മധ്യത്ത് ആകർഷണശക്തിയും സ്നേഹവും സ്ഫുരിക്കുന്ന തേജസ്സോടെ സുസ്മേരവദനനായി വനഗായകൻ നിൽക്കുന്നു. നീണ്ടു നരച്ച തലമുടിയും താടിമീശയും. കുട്ടികളെല്ലാം അദ്ഭുതാധീനരായിപ്പോയി.)

വനഗായകൻ : എന്താ അദ്ഭുതം? ഉമ്മാക്കിയെ തോൽപ്പിച്ച സന്തോഷമോ.. അതോ...!



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രാമൻ : (മറ്റുള്ളവരോട് രഹസ്യമെന്നവണ്ണം) ഈ സന്ന്യാസി മുമ്പൊരിക്കൽ വീട്ടിൽവന്ന് അപ്പൂപ്പനോടു സംസാരിച്ചില്ലേ?

ഭദ്രൻ : പണ്ടൊരിക്കൽ സ്കൂൾമുറ്റത്തു കൂടിയ കുട്ടികൾക്കു മുട്ടായി വാരി വിതറിയോടിയത് ഈ...

കൂട്ടുകാർ : അമ്പലക്കുളത്തിൽ വന്നു കുളിച്ചുതൊഴുന്നത്...

വനഗായകൻ : (ഉറക്കെ ചിരിക്കുന്നു) ഞാനോ... അല്ല...

കുട്ടികൾ എല്ലാവരും ചേർന്ന് : ആണേ...ആണേ...

വനഗായകൻ : അല്ല... ഞാൻ ഉമ്മാക്കി... കുട്ടികളെ പിടിച്ചുതിന്നുന്ന ഉമ്മാക്കി.

കുട്ടികൾ : (രസിച്ച്) അല്ല... സന്ന്യാസി...

വനഗായകൻ : എങ്കിൽ ഇപ്പം നിങ്ങളെയെല്ലാം ഞാൻ പിടിച്ചു തിന്നു കാണിച്ചു തരാം...

(കുട്ടികൾ ആഹ്ലാദിച്ച് ഓടി അടുത്തുചെന്ന് താടിയിലും മീശയിലും പിടിക്കുന്നു. രാമൻ മുതുകത്തു ചാടിക്കയറുന്നു. സന്ന്യാസി അതിൽ രസിച്ച് കുട്ടികളെപ്പോലെ ഓടിക്കളിക്കുന്നു.)

വനഗായകൻ : അതിരിക്കട്ടെ... ഈ സന്ധ്യാസമയത്ത് നിങ്ങളെന്തിനാ ഈ കാടിനടുത്തു വന്നത്!

രാമൻ : മാങ്ങപെറുക്കാൻ...

ഭദ്രൻ : ഇരുട്ടുന്നതിനു മുമ്പേ വീട്ടിലെത്തണം.

കൂട്ടുകാർ : ഇല്ലെങ്കിൽ ചന്തി പാളവെച്ചുകെട്ടിക്കൊണ്ടാൽ മതി.

വനഗായകൻ : മാവിന്റെ മൂട്ടിൽ മാങ്ങയില്ലെങ്കിലോ?

ഭദ്രൻ : കാണും. ഉമ്മാക്കിയെ തോൽപ്പിച്ചാൽ മാങ്ങ പെറുക്കാമെന്ന് അമ്മ പറഞ്ഞല്ലോ.

രാമൻ : സാറും പറഞ്ഞല്ലോ.

വനഗായകൻ : ഉമ്മാക്കിയെ തോൽപ്പിച്ചല്ലോ. (മൃഗത്തിന്റെ തലയുയർത്തിപ്പിടിച്ച്) ഉമ്മാക്കിയെ കൊന്നു. ഇനി കാടിനുള്ളിൽ കടക്കാം. തേന്മാവിൻ ചോട്ടിൽ... പഴുത്തുവീണ മാങ്ങ പെറുക്കാം.

(മൃഗത്തിന്റെ തല ഒരു മരത്തിന്റെ കൊമ്പിൽ തൂക്കിയിടുന്നു. എല്ലാവരും ചേർന്നു കാട്ടിനുള്ളിലേക്കു കടക്കുന്ന രീതിയിൽ ചലിക്കുന്നു. വള്ളികളും മുള്ളും മറ്റു തടസ്സങ്ങളും നീക്കി നാലുപാടും നോക്കി അവർ കാട്ടിലെത്തി.)

വനഗായകൻ : അതാ... ആ കാണുന്നതാണ് തേന്മാവ്!

(എല്ലാവരും അങ്ങോട്ടോടുന്നു.)

രാമൻ : ഹൊ... എന്തുയരം!

ഭദ്രൻ : നമുക്കിതിനു ചുറ്റും നോക്കാം. മാമ്പഴം!

(എല്ലാവരും മാവിനുചുറ്റും ആകാംക്ഷാപൂർവം ഓടിനടന്നു നോക്കുന്നു. ഒടുവിൽ നിരാശരായി ഒരുമിച്ചുകൂടുന്നു).

രാമൻ : ഒന്നും കിട്ടിയില്ല... ഇനി എന്തോ ചെയ്യും?

വനഗായകൻ : എന്നാൽ ഞാനൊരു വിദ്യ കാണിക്കാം. പഴുത്തമാങ്ങ നിറഞ്ഞ ആ കൊമ്പ് പിടിച്ചു താഴ്ത്തിത്തരാം, പറിച്ചോണം.

രാമൻ : സ്വാമീ..... ഇങ്ങനെ കൊമ്പു താഴ്ത്തണ്ട. അതൊന്നു പിടിച്ചു കുലുക്കിയാൽ മതി. അപ്പോൾ എല്ലാം തറയിൽ! ഞങ്ങൾ പെറുക്കിക്കോളാം.

ഭദ്രൻ : ങാ, അതുമതി.

വനഗായകൻ : എന്നാലൊരു കാര്യം. നിങ്ങളെല്ലാം മാറി അകലെ ഒരു സ്ഥലത്തിരിക്കണം.

ഭദ്രൻ : സമ്മതിച്ചു. എല്ലാവരും മാറി ഇവിടെയിരിക്കിൻ.

(കുട്ടികൾ അൽപ്പമകലെ മാറി ഇരിക്കുന്നു. വനഗായകൻ മാങ്കൊമ്പ് പിടിച്ചു കുലുക്കുന്നു. ധാരാളം മാമ്പഴം തറയിൽ വീഴുന്ന ശബ്ദം. കുട്ടികൾ കൊതിപൂണ്ട് ഓടിച്ചെന്നെടുക്കാൻ തുടങ്ങുന്നു).

വനഗായകൻ : അതു പാടില്ല. ഒടുവിൽ ഞാൻ പറയുമ്പോൾ എല്ലാവരും ചേർന്ന് താളത്തിൽ ഓടിച്ചെന്നെടുക്കണം. ഇപ്പോൾ അകലെ മാറിയിരിക്കണം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രാമൻ : സമ്മതിച്ചു. വരിൻ, നമുക്ക് പഴയതുപോലെ നോക്കിയിരിക്കാം.

(വനഗായകൻ വീണ്ടും മാങ്കൊമ്പു കുലുക്കുന്നു. ധാരാളം മാമ്പഴം വീഴുന്നു.)

വനഗായകൻ : ഒന്ന്, രണ്ട്, മൂന്ന്! (മൂന്നിൽ കുട്ടികൾ ഒറ്റ ഓട്ടത്തിന് മാഞ്ചോട്ടിലെത്തുന്നു... തറയിൽ നിന്നു വാരിയെടുക്കുന്നു. വാശിയോടെ വാരിക്കൂട്ടുന്നു) ഇനി നിങ്ങൾ തിന്നിട്ട് എനിക്കും തരണം.

കുട്ടികൾ : തരാം... (മാങ്ങ കടിക്കുന്നു.)

രാമൻ : അയ്യോ... ഇതു മാങ്ങയല്ല...

ഭദ്രൻ : ഇതും മാമ്പഴമല്ല...

കുട്ടികൾ : ഇത് കല്ലാ...കല്ല്!

വനഗായകൻ : (പൊട്ടിച്ചിരിക്കുന്നു) ങേ...കല്ലോ. നോക്കട്ടെ. (തറയിൽ നിന്ന് ഒരെണ്ണമെടുത്തു തിന്ന്) നല്ല മാങ്ങ. അപ്പോൾ ഞാൻ കുലുക്കിയിട്ടു നിങ്ങൾക്കു മാങ്ങ വീണില്ലേ! ഇനി എന്തോ ചെയ്യും?

(ആലോചിച്ച് നടക്കുന്നു. കുട്ടികളും അതുപോലെ ഗൗരവമായി കൂടിയാലോചിക്കുന്നു.)

രാമൻ : എന്നാലൊരു കാര്യം ചെയ്യാം, സ്വാമി കയറി പറിച്ചുതരട്ടെ.

കുട്ടികൾ : അതേ...നമുക്ക് വാരിയെടുക്കാം.

വനഗായകൻ : (ആലോചിച്ച്) ഞാൻ കയറിപ്പറിച്ചാൽ എനിക്കേ പഴം കിട്ടൂ. നിങ്ങളെടുക്കുമ്പോൾ അതു കല്ലായിത്തീരും.

ഭദ്രൻ : അതെന്താ?

വനഗായകൻ : വേല ചെയ്യണം.... വിയർക്കണം... ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം! ങാ... വിദ്യ മനസ്സിലിരിക്കട്ടെ.

കുട്ടികൾ : നേരമിരുട്ടാറായി. വീട്ടിൽ പോകുന്നതിനുമുമ്പ്... ഒരു മാമ്പഴമെങ്കിലും..

വനഗായകൻ : ഇരുട്ടിൽ കാടിനെന്തു സൗന്ദര്യം...! ഞാൻ ആ കാട്ടിൽ പോയൊളിക്കട്ടെ...

ഭദ്രൻ : വേണ്ട... ഇവിടെ നിന്നാൽ മതി. സ്വാമി കൂടെ നിന്നാൽ എനിക്കു പേടിയില്ല...

കുട്ടികൾ : ഞങ്ങൾക്കും...

രാമൻ : എന്നാലേയ്. ഞങ്ങൾ കയറി പറിക്കട്ടേ.

വനഗായകൻ : കൊള്ളാം, മിടുക്കൻ...

കുട്ടികൾ : എന്നാലങ്ങനെത്തന്നെ...

ഭദ്രൻ : അയ്യോ, വേണ്ട. എനിക്ക് പേടിയാ.

രാമൻ : നീ ജോലി ചെയ്തില്ലെങ്കിൽ നിനക്ക് മാമ്പഴം കിട്ടത്തില്ല...






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഭദ്രൻ : നിങ്ങൾ മാവിൽ കയറി പറിച്ചിടുന്നത് എനിക്കും...

രാമൻ : പാടുപെട്ടു ജോലിചെയ്യാതെ നീ എടുത്താൽ... മാമ്പഴം ഉടൻ കല്ല്...(കുട്ടികളോട്) നമുക്കു മരത്തിൽ കയറാം...

എല്ലാവരും : ങാ, കയറാം.

(വനഗായകൻ, കുട്ടികളെ മരത്തിൽ കയറാൻ സഹായിക്കുന്നു. ഭദ്രനൊഴികെ എല്ലാവരും മാവിൽക്കയറി വിവിധ ശാഖകളിൽ പോയി മാമ്പഴം കുലുക്കിയും പറിച്ചുമിടുന്നു.)

ഭദ്രൻ : എന്നോട് അമ്മ പറഞ്ഞു, കാട്ടിൽ പോകല്ലേ, കൂട്ടുകൂടല്ലേ, മരത്തിൽ കേറല്ലേ...

വനഗായകൻ : അപ്പോൾ മാമ്പഴമെങ്ങനെ തിന്നും?

ഭദ്രൻ : ഇവന്മാർ കയറി പറിച്ചുതരും.

വനഗായകൻ : അതു പാടില്ല...അവരുടെ ജോലിക്കൂലി അവർക്ക്, പോരെങ്കിൽ കുട്ടികൾക്ക് തേന്മാവ് കാണിച്ചുകൊടുക്കുകയേ ആവൂ, തേൻകനി പറിച്ചു കഴുകി, ചെത്തിപ്പൂളി തിന്നാൻ പാകത്തിനു കൊടുക്കരുത്...

ഭദ്രൻ : അതെന്താ...?

വനഗായകൻ : അലസന്മാരാകും. മറ്റുള്ളവരെക്കൊണ്ടു ജോലി ചെയ്യിച്ച് അവർ സുഖിക്കും... ഒടുവിൽ നശിക്കും.

ഭദ്രൻ : ഇവിടമെല്ലാം അഴുക്കാ...എന്റെ ഉടുപ്പും നിക്കറുമെല്ലാം ചീത്തയാകും...അമ്മ പറഞ്ഞു.

വനഗായകൻ : അഴുക്കിലൂടെ നീന്തിക്കയറണം. അതു പുരളാതെ സൂക്ഷിക്കണം.

(പെട്ടെന്ന് മാവിന്റെ ചുവട്ടിൽ വലിയ ശബ്ദം കേൾക്കുന്നു. കുട്ടികളെല്ലാം ശിഖരങ്ങളിൽനിന്ന് താഴെ വീണുപോയി. വനഗായകനും ഭദ്രനും അറിയാതെ പൊട്ടിച്ചിരിച്ചുപോയി).

മാവിൽ കയറിയാലേ, സൂക്ഷിച്ച് പിടിച്ച് മാങ്ങ പറിക്കാൻ പഠിക്കണം. ങാ... എഴുന്നേറ്റു വരിൻ... കുലുക്കിയിട്ട മാമ്പഴമെല്ലാം വാരിക്കൂട്ടാം.

(കുട്ടികൾ അനങ്ങുന്നില്ല. വനഗായകനും ഭദ്രനും തട്ടി വിളിക്കുന്നു. കുട്ടികൾ അറിയുന്നില്ല.)

ഭദ്രൻ : സ്വാമീ... എന്റെ കൂട്ടുകാർ അനങ്ങുന്നില്ല. ബോധം പോയെന്നു തോന്നുന്നു. ഇനി എന്തു ചെയ്യും?

വനഗായകൻ : ഇവരുടെ ബോധം പോയി. ഇതിനി ഇത്തിരി സമയം പിടിക്കും...

(വനഗായകൻ സദസ്സിനഭിമുഖമായി നിൽക്കുന്നു. ഭദ്രൻ വീണ്ടും കുട്ടികളെ കുലുക്കി ഉണർത്താനുള്ള ശ്രമം-വനഗായകന് 'നടന്നതുതന്നെ' എന്ന ഭാവം).

(ഭദ്രൻ മുന്നോട്ടു വരുന്നു)

ഭദ്രൻ : ഈ കാട്ടിൽ ഇനി ഞങ്ങളെന്തോ ചെയ്യും?

വനഗായകൻ : ഭദ്രന് തിരിച്ചുപോകാനുള്ള വഴിയറിയുമോ?

ഭദ്രൻ : (അറച്ചുറച്ച്) ങാ... പുഴകടന്ന്.... മലകടന്ന്... എന്നാലും എന്റെ കൂട്ടുകാർ ബോധമില്ലാതെ ഈ കാട്ടിൽ കിടക്കുമ്പോൾ... എന്നോടൊപ്പം തേൻകനി തേടിപ്പോന്നവരുടെ ബോധം വീണ്ടുകിട്ടാൻ എന്തോ ചെയ്യും സ്വാമീ?

വനഗായകൻ : എന്തോ ചെയ്യും?....(ആലോചിച്ച്) ഈ കാട്ടിനുള്ളിൽ എവിടെയോ ഒരു ചെടിയുണ്ട്...വാനിൽനിന്ന് ഉതിർന്ന നക്ഷത്രക്കുഞ്ഞിനെപ്പോലെ... സ്വയം പ്രഭചൊരിഞ്ഞ് നിൽക്കുന്ന ഒരു ചെടി...

ഭദ്രൻ : ഞാനും കൂടി വരാം... നമുക്ക് ഒരുമിച്ച് ആ ചെടി കണ്ടുപിടിക്കാം.

വനഗായകൻ : (ചിരിച്ച്) ഇല്ല...ഞാനില്ല...എനിക്ക് ഈ കാട്ടിൽ വലിയ പേടിയാ...ഉമ്മാക്കിയുണ്ട്...

ഭദ്രൻ : ഇല്ല...ചുമ്മാതെ...(മൃഗത്തിന്റെ തല ചൂണ്ടിക്കാണിച്ച്) ഉമ്മാക്കിയെ ഞാൻ തോൽപ്പിച്ചല്ലോ.

വനഗായകൻ : ഇനി ഞാൻ പോകുന്നു.

ഭദ്രൻ : എന്റെ കൂട്ടുകാർക്ക് ബോധം തെളിയാതെ ഞാനെങ്ങനെ പോകും...



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വനഗായകൻ : അതിനിങ്ങനെ നിന്നാൽ മതിയോ?

ഭദ്രൻ : എന്നാൽ ഞാൻ പോയി കാട്ടുമരുന്നു കണ്ടുപിടിക്കാം...(അറച്ചറച്ച് കാട്ടിലേക്കു നടക്കുന്നു).

വനഗായകൻ : അവിടെ മുള്ളും കല്ലും വലിയ കുഴികളും കാണും. സൂക്ഷിച്ചോണം...(ബോധരഹിതരായി കിടക്കുന്ന കുട്ടികളെ സമീപിച്ച്) തേൻകനി തിന്നാൻ പോയവരുടെ കഥ...ഓ...പാടുപെടാതെ കനി കിട്ടുമോ...? (സദസ്യരോട്) മാമ്പഴംകൊണ്ട് മാഞ്ചോടുനിറഞ്ഞു. നല്ല, പഴുത്തു നിറമാർന്ന മാമ്പഴം! പക്ഷേ...അതു തിന്നാനാളില്ലെങ്കിലോ... ഒരു കെട്ടുകഥപോലെ, അല്ലേ? ഓ...ജീവിതം തന്നെ കെട്ടുകഥയല്ലേ? വെളിച്ചവും ഇരുളും ചേർന്നുണ്ടാക്കുന്ന മിഥ്യാശിൽപ്പങ്ങൾ...അരക്ഷണം കൊണ്ടു മായുന്ന മായാജാലം. ഈ നാടകംപോലെ... എന്റെയും നിങ്ങളുടെയും ജീവിതംപോലെ...(ഒരു ഗാനമാലപിക്കുന്നു... കുട്ടികളിൽ ഒരാൾ കൈകാലുകളനക്കുന്നു...ഞരങ്ങുന്ന ശബ്ദം കേൾക്കാം...ഭദ്രാ, ഭദ്രാ എന്നു വിളിക്കുന്നു. അൽപ്പം കഴിഞ്ഞ് വനഗായകൻ കാട്ടിനുള്ളിലേക്ക് നോക്കി വിളിക്കുന്നു...) ഭദ്രൻ.... ഭദ്രാ...

ഭദ്രൻ : (അകലെനിന്ന്...) ഞാനിതാ വരുന്നു...ഒരു മുൾപ്പടർപ്പിൽ വീണുപോയി...

വനഗായകൻ : (പൊട്ടിച്ചിരിച്ച്) മുൾപ്പടർപ്പിൽ വീണാൽ മുറിയില്ലേ... ചോരയൊഴുകില്ലേ...? പച്ചില കിട്ടിയോ?

ഭദ്രൻ : ഞാനിതാ വരുന്നു. (ഭദ്രൻ ഓടിക്കിതച്ചു വരുന്നു. കൈകാലുകൾ മുറിഞ്ഞിട്ടുണ്ട്. ഔഷധച്ചെടി വനഗായകന്റെ കൈയിൽ കൊടുക്കുന്നു...)

വനഗായകൻ : നിന്റെ ശരീരമെല്ലാം ചോരപൊടിഞ്ഞിരിക്കുന്നല്ലോ...

ഭദ്രൻ : ഈ ഔഷധച്ചെടിക്കു ചുറ്റും കൂർത്തമുനയുള്ള മുള്ളുകൾ... ഞാൻ അതിനുമീതെ ചാടി...ഉരുണ്ടു വീണു...

വനഗായകൻ : മിടുക്കൻ...കൂട്ടുകാർക്കുവേണ്ടിയല്ലേ, കൊള്ളാം. (ഇലകൾ ഭദ്രനെ ഏൽപ്പിച്ച്) ഇതു നീ തന്നെ പിഴിഞ്ഞ് അവരുടെ മൂക്കിൽ മണപ്പിക്കണം.

ഭദ്രൻ : (ശരീരത്തിലും കൈകാലുകളിലുമുള്ള വിയർപ്പും രക്തവും തുടച്ചുകളഞ്ഞ്) അതേ...ഈ രക്തം പൊടിഞ്ഞ വേദനപോലും ഞാനറിഞ്ഞില്ല....(പച്ചില വാങ്ങി ഞെരടി, ചാറെടുക്കുന്നു. അത് ഓരോരുത്തരുടെയും അടുത്തു ചെന്ന് മൂക്കിൽ മണപ്പിക്കുന്നു. കുട്ടികൾ സ്വപ്നത്തിൽ നിന്നെന്നവണ്ണം സാവധാനം ഉണർന്നുവരുന്നു. ഈ സമയമെല്ലാം കാടിന്റെ ഗീതം കേട്ടുകൊണ്ടിരിക്കുന്നു...)

വനഗായകൻ : (ഈ ദൃശ്യത്തിനു മേൽനോട്ടം വഹിച്ച് ചുറ്റി നടക്കുന്നു. കാടിന്റെ ഗീതത്തിനൊത്തു താളാത്മകമായി ചലിക്കുന്നു.)
ഉണരുവിൻ മക്കളേ,
കാടിന്നരുമ മക്കളേ,
വസന്തമായ്, വിളക്കുമായ്
തൊഴുതുണർന്നെണീക്കുവിൻ...

(കുട്ടികൾ എഴുന്നേറ്റു വനഗായകനു ചുറ്റും കൂടി ആഹ്ലാദനൃത്തം ചെയ്യുന്നു...).

വനഗായകൻ : ഇനി മാമ്പഴം
ഇതു തേൻകനി
വിയർപ്പിൻ കനി...!

(എല്ലാവരും ഓടിച്ചെന്ന് മാമ്പഴം ശേഖരിച്ച് ഭദ്രനു കൊടുക്കുന്നു. ഒരുമിച്ച് തിന്നുന്നു.)

രാമൻ : നേരം വളരെ ഇരുട്ടി!

ഭദ്രൻ : വൈകീട്ട് കളിക്കാനിറങ്ങിയതാ...

കൂട്ടുകാർ : 1. അമ്മ കാത്തിരിക്കും
2.അച്ഛൻ വഴക്കു പറയും.
3. അമ്മൂമ്മ ചോദിക്കും...

വനഗായകൻ : അപ്പോൾ ഇന്നുണ്ടായ കഥ പറ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



യണം. കാട്ടിലെ കഥ... കേട്ടോ... ഞാനുംകൂടി വരാം നാട്ടിലേക്ക്... അമ്മ വഴക്കു പറയാതെ, അച്ഛൻ പിണങ്ങാതെ, അമ്മൂമ്മ കോപിക്കാതെ ഞാൻ എല്ലാവരുടെയും വീട്ടുപടിക്കൽവരെ കൊണ്ടാക്കാം... പോകാമുണരുവിൻ കൂട്ടുകാരേ, കാടിന്റെ ഗീതവുമായി നീങ്ങാം. നാട്ടിലും വീട്ടിലും പള്ളിക്കൂടത്തിലും -കാടിന്റെ ഗീതവുമായി ചെല്ലാം.

(പാടിക്കൊണ്ടു നടന്നു നീങ്ങുന്നു.)

കുറേക്കഴിഞ്ഞ് വേറൊരു ദിവസം ഈ തേൻകനി തിന്നാൻ നിങ്ങൾ വരണം. അല്ലെങ്കിൽ നിങ്ങളുടെ കുഞ്ഞുങ്ങളെ അയയ്ക്കണം...

കുട്ടികൾ : ഓ.....

(കുട്ടികൾ മുമ്പെയും വനഗായകൻ പിറകെയുമായി നീങ്ങുന്നു. കുറേക്കഴിഞ്ഞ് മൃഗത്തിന്റെ തലയെടുത്ത് വനഗായകനണിയുന്നു...തിരിച്ചു കാട്ടിലേക്കു പോകുന്നു...കുട്ടികൾ തിരിഞ്ഞു നോക്കുമ്പോൾ അദ്ദേഹത്തെ കാണുന്നില്ല.)

രാമൻ : സ്വാമി എവിടെ?

ഭദ്രൻ : അതാ, നമുക്ക് മുന്നിൽ...

കുട്ടികൾ : അല്ല പിറകിൽ..

രാമൻ : സ്വാമി എവിടെ?

കുട്ടികൾ : നമ്മൾ തന്നെ സ്വാമികളാണ്...വരുവിൻ പോകാം...(ചാടിത്തുള്ളിപ്പോകുന്നു. കാടിന്റെ ചിരിപോലെ ശബ്ദത്തിൽ കേൾക്കുന്നു.)

**- വയലാ വാസുദേവൻപിള്ള**

**(വയലാ വാസുദേവൻപിള്ളയുടെ നാടകങ്ങൾ)**

- "അമ്മ പറഞ്ഞു... ആ കാട്ടിൽ ഉമ്മാക്കിയുണ്ടെന്ന്....." - അമ്മ പറഞ്ഞതിന്റെ പൊരുളെന്ത്? ഉമ്മാക്കിയെ കുട്ടികൾ കീഴടക്കിയതെങ്ങനെ?
- • "എന്നാലൊരു കാര്യം ചെയ്യാം, സ്വാമി കയറി പറിച്ചുതരട്ടെ."
  • "സ്വാമീ, ഇങ്ങനെ കൊമ്പു താഴ്ത്തണ്ട. അതൊന്നു പിടിച്ചു കുലുക്കിയാൽ മതി. അപ്പോൾ എല്ലാം തറയിൽ. ഞങ്ങൾ പെറുക്കിക്കോളാം...."

  കുട്ടികളുടെ എന്തു മനോഭാവമാണ് ഈ വാക്കുകളിൽ തെളിയുന്നത്? വിശദീകരിച്ചെഴുതുക.
- കുട്ടികൾക്ക് മധുരമുള്ള തേൻകനി കിട്ടിയ സന്ദർഭത്തെ അനുയോജ്യമായ ഒരു പഴഞ്ചൊല്ലുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക; കുറിപ്പ് തയാറാക്കുക.
- "എന്റെ കൂട്ടുകാർക്ക് ബോധം തെളിയാതെ ഞാൻ എങ്ങനെ പോകും?" ഭദ്രൻ ചോദിച്ചു.
  - ആപത്തിൽപ്പെടുന്ന സുഹൃത്തുക്കളെ കൈവെടിയാത്ത മനസ്സ്.
  -
  -

  ഭദ്രൻ എന്ന കഥാപാത്രത്തിന്റെ മറ്റു സവിശേഷതകൾകൂടി കണ്ടെത്തി നിരൂപണം എഴുതുക.
- ആവശ്യമായ അരങ്ങുസാമഗ്രികൾ ഒരുക്കി നാടകം അവതരിപ്പിച്ചുനോക്കൂ.

.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "മനുഷ്യർ ഭൂമിയോടു കാണിക്കുന്ന കൊള്ളരുതായ്മകൾ സഹിക്കാൻ വയ്യാതായപ്പോൾ ഞാനിങ്ങോട്ട് വന്നതാണ്." *(രണ്ടു മത്സ്യങ്ങൾ)*
- "പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
  ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം" *(ധ്രുവചരിതം)*
- "വേല ചെയ്യണം..... വിയർക്കണം... ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം! ങാ... വിദ്യ മനസ്സിലിരിക്കട്ടെ." *(തേൻകനി)*

സമകാലിക സാമൂഹികജീവിതത്തിന്റെ പ്രതിഫലനങ്ങളാണിവ എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

സ്വന്തം കാഴ്ചപ്പാട് അവതരിപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിക്കുക.

## ഞാൻ എന്നെക്കുറിച്ച്

മികവു നേടി എന്നതിന് '✓' എന്നും ഇനിയും മെച്ചപ്പെടണമെങ്കിൽ '+' എന്നും മികവ് തീരെ കുറവെങ്കിൽ 'X' എന്നും അടയാളപ്പെടുത്തുക.

* പാഠഭാഗങ്ങളിലെ പ്രസക്തമായ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിൽ.
* നാടകം സംഘമായി അവതരിപ്പിച്ചതിലുള്ള എന്റെ ഇടപെടൽ.
* കഥാപാത്രത്തിന്റെ സ്വഭാവം, കഥയിലെ സ്ഥാനം, മറ്റുള്ളവരോടുള്ള ഇടപെടൽ എന്നിവ ഉൾപ്പെടുത്തി കഥാപാത്രനിരൂപണം തയാറാക്കുന്നതിൽ.
* ചർച്ചകളിലും മറ്റും സ്വന്തം അഭിപ്രായങ്ങൾ യുക്തിപൂർവം അവതരിപ്പിക്കുന്നതിൽ.
* തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ ഉൾപ്പെടുത്തി സ്വന്തം നിലപാടുകളോടെ മുഖപ്രസംഗം തയാറാക്കുന്നതിൽ.
* കഥ വായിച്ച് പ്രധാനാശയങ്ങൾ, മുഹൂർത്തങ്ങൾ, കഥ പറയുന്ന രീതി എന്നിവ ഉൾക്കൊള്ളിച്ച് ആസ്വാദനം എഴുതുന്നതിൽ.
* പദച്ചേരുവകൾ നിർമ്മിക്കുന്നതിലും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നതിലും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com









## അംബികാസുതൻ മാങ്ങാട്

1962 ൽ കാസറഗോഡ് ജില്ലയിലെ ബാര ഗ്രാമത്തിൽ ജനനം. മരക്കാപ്പിലെ തെയ്യങ്ങൾ, എൻമകജെ എന്നീ നോവലുകൾ, സാധാരണ വേഷങ്ങൾ, വാലില്ലാത്ത കിണ്ടി തുടങ്ങി പതിനാലോളം കഥാസമാഹാരങ്ങൾ, ഓർമക ളുടെ നിണബലി തുടങ്ങി നാലോളം നിരൂപണഗ്രന്ഥങ്ങൾ എന്നിവ പ്രധാന കൃതികൾ. കാരൂർ ചെറുകഥാ പുരസ്കാരം, തുഞ്ചൻ സ്മാരക അവാർഡു തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## കുഞ്ചൻനമ്പ്യാർ

18- ാം നൂറ്റാണ്ടിൽ ജീവിച്ച ഇദ്ദേഹത്തിന്റെ ജന്മദേശം കിള്ളിക്കുറിശ്ശിമംഗലമാണ്. പ്രാചീന കവിത്രയത്തിൽ പെടുന്നു. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കല്യാണസൗഗന്ധികം, കിരാതം, സ്യമന്തകം, ഘോഷയാത്ര, ത്രിപുരദഹനം മുതലായ തുള്ളൽപ്പാട്ടുകളും, ശ്രീകൃഷ്ണ ചരിതം മണിപ്രവാളം കാവ്യവുമാണ് പ്രധാന കൃതികൾ.



## വയലാ വാസുദേവൻപിള്ള (1945 – 2011)

കൊല്ലം ജില്ലയിലെ വയലായിൽ ജനനം. നാടകകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. തുളസീവനം, ഒരു പക്ഷിക്കുഞ്ഞിന്റെ മരണം, വിശ്വദർശനം, കുഞ്ഞിച്ചിറകുകൾ, വരവേൽപ്പ് തുടങ്ങിയ നാടകങ്ങളും രംഗഭാഷ, സൂത്രധാരാ ഇതിലേ ഇതിലേ തുടങ്ങിയ നാടകപഠന ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് എന്നിവ ലഭിച്ചു.



## പദകോശം

അധീനൻ – കീഴടങ്ങിയവൻ
അരചൻ – രാജാവ്
അസംഖ്യം – എണ്ണമറ്റ
അസ്തപ്രജ്ഞൻ – ബുദ്ധി നശിച്ചവൻ
ആക്രോശം – നിലവിളി, ഉച്ചത്തിൽ പറയൽ
ആയതി – പ്രഭുത്വം
ഉടയോൻ – ദൈവം
ഉരചെയ്യുക – പറയുക
ഉഷ്ണം പിടിക്കുക – കഷ്ടപ്പെടുക, വാശി പിടിക്കുക



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കക്കിയ - ഛർദ്ദിച്ച
കാതം - ദൂരത്തിന്റെ ഒരളവ്
കാരസ്കരം - കാഞ്ഞിരം
കാര്യക്കാരൻ - കാര്യസ്ഥൻ
കുത്തൂട് - മീൻ പിടിക്കുന്നതിനുള്ള ഒരുപകരണം
കൈതവം - കള്ളം, ചതി
കൊറ്റ് - ആഹാരം
ഗുൽഗുലു - ഒരു മരുന്ന്
ഘൃതം - നെയ്യ്
ചിരഞ്ജീവി - മരണമില്ലാത്തവൻ
തരിവള - ഉള്ളിൽ തരികളിട്ട വള
തിക്തകം - വേപ്പ്, കയ്പ്പുള്ള മരുന്ന്
ദ്രവ്യം - സമ്പത്ത്
നിരാലംബൻ - ആശ്രയമില്ലാത്തവൻ
നൈരന്തര്യം - ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കൽ, തുടർച്ച
പാറയളുക്കുകൾ - പാറയിടുക്കുകൾ
പിടുങ്ങുക - ബലമായി കൈക്കലാക്കുക
പോള - കുമിള
പ്രഥനം - പ്രസിദ്ധി നേടൽ
ഭോഷർ - ബുദ്ധിയില്ലാത്തവർ
മിഥ്യ - മായ
വാഞ്ഛിതം - ആഗ്രഹം
ശമിക്കുക - ഭേദമാവുക
സന്തതം - എപ്പോഴും
സുസ്മേരവദനൻ - പുഞ്ചിരിതൂകുന്ന മുഖത്തോട് കൂടിയവൻ
സ്ഫുരിക്കുക - പ്രകാശിക്കുക

**പഠനനേട്ടങ്ങൾ**

- പാഠഭാഗത്തുനിന്ന് സ്വാംശീകരിച്ച പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ നൂതനസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.
- കഥ, കവിത, നാടകം എന്നിവ വായിച്ച് ഇതിവൃത്തം, ആഖ്യാനരീതി, സാമൂഹികപ്രസക്തി തുടങ്ങിയവ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.
- ആസ്വദിച്ച രചനകളിലെ സവിശേഷതകൾ ഉചിതവും വ്യത്യസ്തവുമായ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു (കഥാസ്വാദനം, താരതമ്യക്കുറിപ്പ്, കഥാപാത്രനിരൂപണം).
- നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വായിച്ച് വിവരങ്ങൾ ശേഖരിക്കുകയും സെമിനാർ പ്രബന്ധം തയാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു.
- നാടകങ്ങൾ വായിച്ച് ആസ്വദിക്കുകയും ആവശ്യമായ അരങ്ങുസാമഗ്രികൾ ഒരുക്കി അവതരിപ്പിക്കുകയും ചെയ്യുന്നു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

3

# ഓർമ്മകൾക്കെന്തു സുഗന്ധം!

"മറക്കുവാൻ പറയാൻ എന്തെളുപ്പം - മണ്ണിൽ
പിറക്കാതിരിക്കലാണതിലെളുപ്പം
മറവിതൻ മാറിടത്തിൽ മയങ്ങാൻ കിടന്നാലും
ഓർമ്മകളോടിയെത്തി ഉണർത്തീടുന്നു..."

**- പി. ഭാസ്കരൻ**

"ഓരോ ഓർമ്മയും ഹൃദയത്തിൽ പതിഞ്ഞ ജീവിതചിത്രങ്ങളാണ്."
മനസ്സിൽ തങ്ങിനിൽക്കുന്ന ഒരോർമ്മ പങ്കുവയ്ക്കൂ.....

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കുപ്പായം



കരുപ്പറമ്പിലെ അമ്മിണി ഓപ്പുവിന്റെ കല്യാണം നിശ്ചയിച്ചിരിക്കുന്നു; മൂന്നാഴ്ച കഴിഞ്ഞിട്ടാണ്. വിവരം പറയാൻ കരുപ്പറമ്പിലെ അമ്മായിയുടെ ആങ്ങള രാമൻകുട്ടിനായർ വീട്ടിൽ വന്നു. അച്ഛന്റെ അനുജൻ ഗോവിന്ദമ്മാമയുടെ ഭാര്യവീടാണ് കരുപ്പറമ്പിൽ. ആലൂരടുത്ത്. ഞങ്ങളുടെ വീട്ടിൽ നിന്നു കഷ്ടി മൂന്നു നാഴികയേ ദൂരമുള്ളൂ.

ആദ്യം ഓപ്പുവിന്റെ കല്യാണം നടക്കുന്നു. മദിരാശിയിൽ ബി.ടിക്ക് പഠിക്കുന്ന വലിയേട്ടനാണ് വരൻ. ഇതൊക്കെ ഞങ്ങൾ കുട്ടികളടക്കം എല്ലാവരും കേട്ടിരുന്നു. സിലോണിലേക്ക് പോകും മുൻപേ ആ കല്യാണം ഉണ്ടാകും എന്നൊക്കെയാണ് അറിഞ്ഞിരുന്നത്. അച്ഛൻ നേരത്തേ മടങ്ങി. ഓപ്പുവിനേക്കാൾ ഒരു വയസ്സ് താഴെയാണ് അമ്മിണിയോപ്പു. നേരത്തേ നിശ്ചയിച്ചതാണ്, വൈകിക്കേണ്ട എന്ന് അവരുടെ ഭാഗത്തുനിന്ന് നിർബന്ധം വന്നപ്പോൾ സമ്മതിച്ചു. നല്ല കൃഷിക്കാരാണ്. ഓപ്പുവിന്റെ കല്യാണം കഴിഞ്ഞിട്ടു മതി എന്ന് അമ്മായിക്കും മറ്റും അഭിപ്രായമുണ്ടായിരുന്നു. അച്ഛൻ സിലോണിലേക്കു പോകും മുൻപേ ഗോവിന്ദമാമ വിവരം അറിയിച്ചപ്പോൾ വൈകിക്കേണ്ട എന്ന അഭിപ്രായമായിരുന്നുവത്രേ അച്ഛന്.

അമ്മ എല്ലാം കേട്ടിരുന്നു. നന്നായി, നന്നായി എന്നു മാത്രം പറഞ്ഞു. അകത്തുനിന്ന് ചായയുമായി വന്ന ചെറിയമ്മയോടും രാമൻകുട്ടിനായർ കല്യാണക്കാര്യം പറഞ്ഞു: "എല്ലാവരുംകൂടി വരണം."

കരുപ്പറമ്പിലെ അമ്മായിയെ അമ്മയ്ക്ക് എന്നും ഇഷ്ടമായിരുന്നു. എന്നെയും കൂട്ടി അമ്മ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ടേക്കു വിരുന്നു പോകാറുണ്ട്. വലിയ കൃഷിക്കാരാണ്. വലിയ തോട്ടം. ചമ്മിണിക്കാവിലെ താലപ്പൊലിക്ക് അമ്മയെ ക്ഷണിക്കാറുണ്ട്. അമ്മ പോകാറില്ല. തൃശൂർപൂരം കഴിഞ്ഞാൽ ഏറ്റവും വലിയ വെടിക്കെട്ട് ചമ്മിണിക്കാവിലാണെന്നാണ് പറയാറ്. അതിന്റെ ശ്രമക്കാർ അമ്മായിയുടെ ആങ്ങളമാരായിരുന്നു. പ്രത്യേകിച്ചും രാമൻകുട്ടിനായർ. അമ്മയുടെ വിരുന്നുവരവ് അവിടെ വലിയ ആഘോഷമാണ്. അമ്മിണിയോപ്പുവിന്റെ താഴെയുള്ള കമലോപ്പു അങ്ങനെ കൂട്ടുകൂടില്ല. തോട്ടത്തിലും പറമ്പിലുമൊക്കെ ചുറ്റിനടക്കാൻ ശാരദയും സരോജിനിയും എന്റെ കൂടെയുണ്ടാവും. നല്ലവണ്ണം പഠിക്കുന്ന കുട്ടിയാണെന്ന് അമ്മ എന്നേപ്പറ്റി പറഞ്ഞതുകൊണ്ടാവാം, സന്ധ്യയായാൽ രാമൻകുട്ടിനായർ എന്നെക്കൊണ്ട് രാമായണം വായിപ്പിക്കും. തെറ്റുന്നുണ്ടോ എന്ന് ആരും നോക്കാറില്ല. അവർ അകത്ത് വർത്തമാനം പറഞ്ഞിരിക്കുകയാവും. ഗോവിന്ദമാമയുടെ സ്ഥിരതാമസം പുന്നയൂർക്കുളത്ത് അച്ഛന്റെ വീട്ടിലാണ്. ഒഴിവുകാലത്ത് കുട്ടികൾ അവിടെ പോകാറുണ്ട്. പക്ഷേ, അമ്മായി ഒരിക്കലും പോയതായി കേട്ടിട്ടില്ല. അച്ഛമ്മയുമായി ഒരിക്കൽ എന്തോ വഴക്കുണ്ടായി. പിന്നീട് എന്റെ അമ്മയുമായിട്ടും പിണങ്ങി. ആ കഥകളൊക്കെയാണ് അവർ തെക്കിനിയിലിരുന്ന് വീണ്ടും വീണ്ടും പറയുന്നത്. അമ്മിണിയോപ്പുവിനോടും കുട്ടികളോടും അമ്മയ്ക്കു വലിയ സ്നേഹമായിരുന്നു.

"എല്ലാവരും നേരത്തേ വരണം" എന്നു വീണ്ടും ക്ഷണിച്ച് രാമൻകുട്ടിനായർ പടിയിറങ്ങിപ്പോയി.

അകത്തുനിന്നു ചെറിയമ്മ ചോദിച്ചു: "ഗോയിന്നൂട്ടീടെ കല്യാണാണ് ആദ്യം നടക്ക്വാന്നാണല്ലോ കേട്ടീര്ന്നത്?"

അമ്മ അതിന് മറുപടിയൊന്നും പറഞ്ഞില്ല.

ഓപ്പുവിന്റെയും വലിയേട്ടന്റെയും കല്യാണം അച്ഛന്റെ വീട്ടിൽവച്ചായിരിക്കും. എനിക്ക് അതിലും ഉത്സാഹം തോന്നിയത് അമ്മിണിയോപ്പുവിന്റെ കല്യാണം നിശ്ചയിച്ചു എന്നറിഞ്ഞപ്പോഴാണ്. പെട്ടെന്നാണ് ഞാൻ ആലോചിക്കുന്നത്, കല്യാണത്തിനു പോകുമ്പോൾ നല്ല കുപ്പായവും ട്രൗസറും വേണ്ടേ? അതായിരുന്നു എന്റെ മനസ്സിൽ.



ഞാൻ നാലാംക്ലാസിലാണ് പഠിക്കുന്നത്. എനിക്ക് മൂന്നു ഷർട്ടും രണ്ടു ട്രൗസറുമാണുള്ളത്. മഴക്കാലത്ത് ഒന്ന് ഉണങ്ങാതെ വന്നാൽ ഉപയോഗിക്കാനാണ് മൂന്നാമത്തെ ഷർട്ട്. ഇതെല്ലാം വിലകുറഞ്ഞ തുണികൊണ്ട് തുന്നിച്ചതാണ്. അക്കാലത്ത് മാസത്തിലൊരിക്കൽ വലിയൊരു തുണിക്കെട്ട് തലയിലേറ്റി പുഴയ്ക്കക്കരെനിന്ന് 'നെയ്ത്തൻ' വരും. എല്ലാവരും അയാളെ 'നെയ്ത്തൻ' എന്നാണ് വിളിച്ചിരുന്നത്. കെട്ടിൽ കൂടുതലുണ്ടാവുക വലിയ മുണ്ടും തോർത്തുമാണ്. ഇടയ്ക്ക് ശീട്ടിത്തുണികൾ. അമ്മ മുൻപു വാങ്ങിയ വകയിലേക്ക് കുറച്ച് കാശു കൊടുക്കും. പിന്നെ അയാളെ പ്രീതിപ്പെടുത്താനെന്നോണം കുറച്ചു തുണികൾ വാങ്ങും. അത് അയാൾ ചെറിയ നോട്ട് പുസ്തകത്തിൽ എഴുതിവയ്ക്കും. അയാളോടു പറഞ്ഞ് പാലത്തറ ചന്തയിൽനിന്നോ മറ്റോ വരുത്തിയ തുണികൊണ്ടാണ് എന്റെ ഷർട്ടും ട്രൗസ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



റും. ക്ലാസിൽ ഷർട്ടിടാത്ത കുട്ടികളും വരുന്നുണ്ട്. അതുകൊണ്ട് ഒരു മത്സരബുദ്ധിയോടെ ഞാൻ ആരുടെയും വേഷഭൂഷാദികളെ നോക്കിയിട്ടില്ല.

കല്യാണത്തിന്റെ തീയതി അടുത്തടുത്തു വന്നപ്പോൾ പുതിയ കുപ്പായത്തിന്റെ കാര്യം എന്നെ വല്ലാതെ അലട്ടാൻ തുടങ്ങി. അമ്മയോട് പറയാൻ ധൈര്യം പോരാ. ഒരിക്കൽ കൊച്ചുണ്ണിയേട്ടനോട് പറഞ്ഞു. കൊച്ചുണ്ണിയേട്ടൻ അമ്മയോട് ശുപാർശ ചെയ്തു. അമ്മ നീരസത്തോടെ പറഞ്ഞു: "നിന്റെ അച്ഛൻ കൊണ്ടന്ന പെട്ടികളില് എന്തൊക്കെയോ ഉണ്ടായിരുന്നല്ലോ. ഓരോരുത്തർക്ക് വാരിക്കൊടുക്കണതും കണ്ടു. നീ ചെന്ന് നോക്ക്." അച്ഛൻ മുമ്പ് വരുമ്പോൾ പെട്ടികളിൽ നിറയെ തുണിത്തരങ്ങളുണ്ടാകും. ബന്ധുക്കളും അയൽക്കാരുമായ പലരും വരും. പെട്ടി തുറക്കുന്നത് വലിയ സംഭവമായിരുന്നുവത്രേ. ഓരോന്നു പുറത്തെടുത്ത് അതിന്റെ ഗുണങ്ങൾ വിവരിക്കുമ്പോഴേക്ക് ആവശ്യക്കാർ പലരും കൈനീട്ടും. അച്ഛൻ വിതരണം ചെയ്യും. ഈ പഴയ കഥകൾ ഞാൻ കേട്ടതാണ്. മുൻപത്തെ വരവുകൾ എനിക്ക് ഓർമ്മയില്ല. വരുന്നു എന്ന വിവരം ഇക്കുറി കിട്ടിയതു മുതൽ വീട്ടുകാരും ബന്ധുക്കളും കാത്തിരിക്കുകയാണ്. പള്ളിപ്പുറം സ്റ്റേഷനിലേക്ക് മൂന്നു കൂലിക്കാരെ അയച്ചിരുന്നു. മുകളിലേക്കുള്ള കുന്നിൻചരിവിലെ ഉറുണിയൻമാവിന്റെ മാങ്ങ പൊട്ടിച്ച് പിഴിഞ്ഞ് സത്തുണ്ടാക്കുന്ന തിരക്കിലാണ് കൂർത്ത വളപ്പിൽ കുട്ട്യേട്ടൻ. വന്നു കയറുമ്പോൾ കുടിക്കാനെന്തെങ്കിലും കൊടുക്കേണ്ടേ. അച്ഛൻ വന്നത് അവിടെ കൂടെ ജോലിചെയ്യുന്ന രണ്ടുമൂന്നു സഹപാഠികളുമായിട്ടാണ്. അവരെല്ലാം ഞങ്ങളുടെ സ്വന്തക്കാരുമാണ്; അച്ഛൻ ജോലിയാക്കിക്കൊടുത്തവർ. കൂടെ ഒരു പെൺകുട്ടിയും. ബോംബ് വീണപ്പോൾ മരിച്ച ഒരു സ്വന്തക്കാരന്റെ കുട്ടിയാണെന്നാണ് ആദ്യം പറഞ്ഞത്. അന്നു സന്ധ്യക്കാണ് ഈ പരിചാരകരിലൊരാൾ അത് അച്ഛന്റെ കുട്ടി തന്നെയാണ് എന്ന് ആരോടോ സ്വകാര്യം പറഞ്ഞത്. അന്നു രാത്രിയിലാണ് അച്ഛനും അമ്മയും തമ്മിൽ കലാപമുണ്ടായത്. അത് ഞാൻ 'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയിൽ എഴുതിയിട്ടുണ്ട്.

വൈകുന്നേരത്ത് അച്ഛൻ പതിവുപോലെ വന്നുകൂടിയവർക്കെല്ലാം തുണിത്തരങ്ങൾ വിതരണം ചെയ്തു. ഞങ്ങളാരും പങ്കെടുത്തില്ല. പിറ്റേന്ന് അച്ഛൻ പുന്നയൂർക്കുളത്തേക്ക് യാത്രതിരിക്കുകയും ചെയ്തു.

കൊച്ചുണ്ണിയേട്ടൻ പെട്ടികളിൽ അവശേഷിച്ചത് എല്ലാം തിരഞ്ഞു നോക്കുമ്പോൾ ഞാനും കൂടെയുണ്ടായിരുന്നു. നീണ്ട വരയുള്ള രണ്ടു തുണിക്കഷണങ്ങൾ. ഞാൻ ചോദിച്ചു: "ഇത് ഷർട്ടിന് പറ്റ്ല്ല്യേ?"

ഏട്ടൻ പറഞ്ഞു:

"എടാ, ഇത് കിടക്കശ്ശീലയാണ്. തലയണയുടെ ഉറയുണ്ടാക്കാനൊക്കെ പറ്റും."

എന്റെ കല്യാണവേഷം അപ്പോഴും പ്രശ്നമായിത്തന്നെ നിന്നു.

കല്യാണത്തിന് ഒരാഴ്ചയുള്ളപ്പോൾ ഞാൻ ധൈര്യം സംഭരിച്ച് അമ്മയോട് പറഞ്ഞു:

"എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിന് വരുന്ന കുട്ട്യോള് കണ്ടാ പരിഹസിക്ക്ല്ല്യേ."

അമ്മ മൂന്നു കുപ്പായവും വിസ്തരിച്ച് പരിശോധിച്ചു. ഒന്ന് തരക്കേടില്ല എന്ന് അമ്മയ്ക്ക് തോന്നി.

"ഇതിനെന്താടാ കുഴപ്പം?"

"അമ്മ സൂക്ഷിച്ചു നോക്കൂ."

നോക്കിയപ്പോൾ അമ്മയ്ക്കും ബോധ്യമായി. മുൻപൊരിക്കൽ സന്ധ്യക്ക് ഞാൻ ഇടനാഴിയിലൂടെ നടക്കുമ്പോൾ തട്ടിത്തടഞ്ഞു വീണു. താഴെ ഇലയിട്ടു മൂടിയ വലിയ വട്ടളത്തിൽ മഹാളി തളിക്കാനുള്ള കൂട്ടായിരുന്നു. തുത്തും തുരിശും ചേർത്ത മഹാളിക്കൂട്ടിലേക്കാണ് ഞാൻ വീണത്. കഴുകിയാൽ പോകും എന്നൊക്കെ അമ്മയെ സഹായിക്കാൻ നിൽക്കുന്ന മീനാക്ഷിയേടത്തി പറഞ്ഞു. അവർ പലവട്ടം കഴുകിയെങ്കിലും അതിന്റെ നിറപ്പാടുകൾ അവിടവിടെ തങ്ങിനിൽക്കുകതന്നെ ചെയ്തു.

അമ്മ നെയ്ത്തനെ പ്രാകി. ഇടയ്ക്കിടയ്ക്കു വരുമ്പോൾ കുട്ടികൾക്കു പറ്റിയ ഒരു തുണിയും കൊണ്ടുവരില്ല. ചുക്കിച്ചുളിഞ്ഞ എന്റെ ഷർട്ടുകളിട്ടുപോകാൻ തന്നെയായിരിക്കും വിധി എന്ന് മനസ്സിൽ വിചാരിച്ചു. ഞാനൊരു കല്യാണത്തിൽ ഇതുവരെ പങ്കെടുത്തിട്ടില്ല. പല വീടുകളിലെയും കുട്ടികൾക്ക് ഇപ്പോൾ ചാലിശ്ശേരിയിലെയോ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുന്നംകുളത്തെയോ ടെയിലർമാർ മുന്തിയ കുപ്പായം തുന്നുണ്ടാകും. പിറ്റേന്ന് എന്റെ ഉടുപ്പിന്റെ കാര്യം അമ്മയ്ക്ക് വീണ്ടും ആലോചന വന്നു. അമ്മ പറഞ്ഞു:

"നീയ് കൊത്തലങ്ങാട്ടേല് പോ. വല്യമ്മോട് പറ. കുട്ടന്റെ കൈയിൽ ഇഷ്ടം പോലെ ഷർട്ടും ട്രൗസറുംണ്ട്. ഇവടെ പാലത്തറേന്ന് അടിപ്പിക്കണെ തൊന്നല്ല. അവന്റെ ഏട്ടൻ ബാലൻ കോഴിക്കോട്ടന്ന് അസ്സല് തുണിയെടുത്ത് അടിപ്പിച്ച് കൊണ്ടര്ന്നതാ. അന്യന്മാരല്ലല്ലോ. ഒരു ഷർട്ടും ട്രൗസറും തരാൻ പറ."

പിറ്റേന്ന് ഒഴിവുദിവസമായിരുന്നു. കുട്ടന് എന്നെക്കാളും രണ്ടു വയസ്സ് മൂപ്പുണ്ട്. പക്ഷേ, വലുപ്പത്തിൽ ഞങ്ങൾ സമാസമമാണ്. ഇടയ്ക്ക് രണ്ടു തവണ ദെണ്ണെളക്കം കണ്ടതുകൊണ്ട് കുട്ടൻ ഇപ്പോൾ പഠിക്കുന്നില്ല.

എപ്പോൾ ചെന്നാലും വലിയമ്മ എന്തെങ്കിലുമൊക്കെ തിന്നാൻ തരും. വേണ്ടെന്നു പറഞ്ഞാലും സമ്മതിക്കില്ല. കുട്ടൻ തോട്ടത്തിൽ പുതിയതായി വച്ച കാളത്തേക്ക് നോക്കിനിൽക്കുകയായിരുന്നു. ഞാൻ അവന്റെ അടുത്തേക്ക് ചെന്നു.

വീട്ടിലിരിക്കുമ്പോഴും നല്ല ഷർട്ടും ട്രൗസറുമാണ് കുട്ടന്റെ വേഷം. അതു ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. കാളത്തേക്കിന് സാധാരണ കാളകളെ പറ്റില്ല. ഈയിടെ വാങ്ങിയ കാളകളുടെ വിശേഷങ്ങൾ കുട്ടൻ പറഞ്ഞു. കൂട്ടത്തിൽ കരുപ്പറമ്പിലെ കല്യാണക്കാര്യവും ഞാൻ സൂചിപ്പിച്ചു. "അവര് വന്ന് ക്ഷണിച്ചിരുന്നു. അത്ര അടുപ്പമൊന്നും ഉള്ള ആൾക്കാരല്ലല്ലോ. ഞങ്ങളൊന്നും പൂവണ്ടാവ്ല്യ. ഒരു പക്ഷേ അച്ചോട്ടൻ പൂവായിരിക്കും." തോട്ടത്തിലും പറമ്പിലുമൊക്കെ കുട്ടൻ ചുറ്റിനടന്നു; ഞാനും കൂടെ. വീട്ടിലിരിക്കുമ്പോൾ ഇടുന്ന ഷർട്ടും ട്രൗസറും ഇത്ര നല്ലതാണെങ്കിൽ അവന്റെ പെട്ടിയിൽ ഇനി എന്തൊക്കെ ഉണ്ടാവും എന്നായിരുന്നു എന്റെ ചിന്ത.

കുറച്ചുകഴിഞ്ഞപ്പോൾ വലിയമ്മയുടെ വിളി കേട്ടു:

"ഉണ്ണാറായി കുട്ടാ. വാസൂനേം വിളിക്ക്. കഴിച്ചിട്ട് പോയാൽ മതീന്ന് പറ അവനോട്." തേക്കുകാർ പണി നിർത്തി കാളകളെ അഴിക്കുകയായിരുന്നു. കുട്ടൻ ചോദിച്ചു: "ഉണ്ണാറായ്ര്ക്ക്ണു, നീ വര്ണ്ല്ല്യേ?"

"ഞാൻ പോണു. ഞാനമ്മയോട് ഒന്നും പറയാതെ പോന്നതാ."





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഞാൻ നേരേ വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ അമ്മ ചോദിച്ചു:

"കുപ്പായൊന്നും എട്ത്ത്ല്യേ?" ഞാനൊരു കളവ് പറഞ്ഞു:

"എനിക്ക് പറ്റീതൊന്നുംല്യ അമ്മേ, അവന്റെ കയ്യില്."

അന്ന് അച്ഛൻ ബാക്കിവച്ച് പോയ പെട്ടികളിലെല്ലാം അമ്മ ഒരു തെരച്ചിൽ നടത്തി. കിടക്കശ്ശീലയ്ക്കേ പറ്റൂ എന്നു പറഞ്ഞ് കൊച്ചുണ്ണിയേട്ടൻ ഒഴിവാക്കിയ തുണിക്കഷണമെടുത്ത് അമ്മ ഉമ്മറത്തു വന്നു. മീനാക്ഷിയേടത്തിയുടെ സഹായത്തോടെ അത് വിസ്തരിച്ച് നിവർത്തി നോക്കി. എന്നിട്ടു പറഞ്ഞു:

"എന്താടാ ഇതിനൊരു കൊഴപ്പം? ഷർട്ട് തുന്നിച്ചാ അസ്സലായിരിക്കും. ഇല്ല്യേ മീനാക്ഷീ?"

മീനാക്ഷിയേടത്തിയും ശരിവച്ചു.

"നീയേ, വെയിലാറീട്ട് അങ്ങാടീല്ക്ക് പോ. ആ മൊഹമ്മദിന്റെ കടേടെ മുമ്പില് മെഷീനും വച്ച് അപ്പുട്ടി ഇര്ന്ന് തുന്ന്ണ്ല്യേ. അവനോട് നിന്റെ അളവെടുത്ത് രണ്ട് ഷർട്ട് തുന്നാൻ പറ. ഒന്ന് പെട്ടന്ന് വേണം. ഒന്ന് പിന്നെയായാലും മതി. ഇത് കെടക്കശ്ശീലയ്ക്കേ പറ്റൂന്ന് പറയാൻ കൊച്ചുണ്ണിക്കെങ്ങനേ തോന്നീത്?"

വീണ്ടും വീണ്ടും നോക്കിയപ്പോൾ എനിക്കു തോന്നി, തുണി അത്ര മോശമൊന്നുമല്ല. കിടക്കശ്ശീലയ്ക്കു പറ്റിയ തുണി അച്ഛൻ ഇത്ര ദൂരസ്ഥലത്തു നിന്നു കൊണ്ടുവരുമോ? ഞാനൊരു നല്ല ഷർട്ടിട്ടു കാണുന്നത് ഒരുപക്ഷേ എന്റെ ഏട്ടന്മാർക്കും ഇഷ്ടണ്ടാവില്ല!

വൈകുന്നേരം തുണി കടലാസിൽ പൊതിഞ്ഞ് ഞാൻ തുന്നൽക്കാരന്റെ അടുത്തെത്തി. അയാൾ അപ്പുക്കുട്ടൻനായരുമായിട്ടു സംസാരിച്ചിരിക്കുകയായിരുന്നു. മുൻപ് എപ്പോഴോ നാടുവിട്ടുപോയ അപ്പുക്കുട്ടൻനായർ ഈ അടുത്തകാലത്താണ് വന്നത്. അയാൾ ഏതോ നാടകക്കമ്പനിയിലായിരുന്നു എന്നാണ് കേൾവി. എപ്പോഴും നെറ്റിയിൽ ഒരു സിന്ദൂരക്കുറിയുണ്ടാകും. കണ്ണെഴുതും. സന്ധ്യക്ക് ആളുകൾ കൂടുമ്പോൾ തമിഴ് സംഗീതനാടകത്തിലെ പാട്ടുകൾ പാടും. അടുക്കളയിലേക്ക് സാധനങ്ങൾ വാങ്ങാൻ പോയ ഞാൻ അയാളുടെ പാട്ടുകൾ കേട്ടുനിന്നിട്ടുണ്ട്. എന്നെ അറിയാം. എന്റെ ആവശ്യം അറിഞ്ഞപ്പോൾ അപ്പുക്കുട്ടൻനായർ ശ്രമക്കാരനായി. അപ്പുട്ടി അളവെടുക്കുമ്പോൾ അയാൾ ചില പരിഷ്കാരങ്ങൾ നിർദേശിച്ചു. തുണി തിരിച്ചും മറിച്ചും നോക്കി അയാൾ ചോദിച്ചു:

"അച്ഛൻ കൊണ്ടന്നതാ അല്ലേ? നല്ല തുണി!"

അപ്പോൾ എന്തോ എനിക്ക് വലിയ ഒരാശ്വാസം!

കരുപ്പറമ്പിലെ കല്യാണത്തിന് ഞങ്ങൾ തലേന്നുതന്നെ പുറപ്പെട്ടു. അമ്മയും ഞാനും മാത്രം. അകത്തേക്കുള്ള വഴിയുടെ ഇരുവശത്തും മെടഞ്ഞ ഈന്തിൻപട്ടകൾ. വലിയ പന്തൽ. പന്തലിനപ്പുറം രാമൻകുട്ടിനായരുടെ നേതൃത്വത്തിൽ ദേഹണ്ണപ്പുര. ഒരു കല്യാണത്തിന്റെ ഒരുക്കങ്ങൾ ഞാൻ ആദ്യം കാണുകയാണ്. അമ്മിണിയോപ്പുവിന്റെ ആഭരണങ്ങളും തുണികളുമെല്ലാം അമ്മ പരിശോധിക്കുന്നു. ശാരദയും സരോജിനിയും എനിക്കു തുണയാവട്ടെ എന്നുവച്ച് രണ്ടാൺകുട്ടികളെ കൊണ്ടുവന്നു. അവർ ബന്ധത്തിലുള്ളവരാണ്. അതിൽ ഒരുത്തന്റെ വീട്ടിൽ കല്യാണം നടന്നത് അടുത്ത കാലത്താണ്. അതിന് പെട്ടിപ്പാട്ടുകൂടി ഉണ്ടായിരുന്നു എന്ന് അവൻ ഗമയിൽ പറഞ്ഞു. "ഞങ്ങളും നോക്കീതാ, വാടകയ്ക്കു കിട്ടാനില്ല."

രാവിലെ നേരത്തേ കുളിച്ച് ഞാൻ തയാറായി. പുതിയ ഷർട്ടിട്ടപ്പോൾ എനിക്ക് പരിഭ്രമമൊന്നും തോന്നിയില്ല. ശാരദ എന്റെ മുടി ഒന്നുകൂടി ചീകി വൃത്തിയാക്കി.

ശാരദയും സരോജിനിയും പറഞ്ഞു: "ഹായ്, എന്തുനല്ല കുപ്പായം!"

വിരുന്നുവന്ന ആൺകുട്ടികൾ എന്നെ നോക്കുന്നത് അൽപ്പം അസൂയയോടെയല്ലേ?

ആണ്. ഞാൻ മനസ്സിൽ വിചാരിച്ചു. പടിക്കൽ നിന്ന് നാദസ്വരം കേട്ടു. വരന്റെ സംഘം അടുത്തെത്തുകയാണ്. രാമൻകുട്ടിനായർ വന്ന് ഞങ്ങൾ ആൺകുട്ടികളെ ഒന്നാകെ പരിശോധിച്ചു. എന്നിട്ട് എന്റെ ചുമലിൽ പിടിച്ചു പറഞ്ഞു:

"വാ, വാ, അവര് അകത്തു കേറുമ്പോ, ദാ ഇവടെ നിന്നു പനിനീര് തളിക്കണം." എന്നിട്ട് എന്റെ കൈവശം പനിനീർവീശി തന്നു. ഞാൻ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സൂത്രത്തിൽ മണത്തുനോക്കി. നല്ല ഗന്ധം. രാമൻകുട്ടിനായർ പറഞ്ഞ സ്ഥലത്തു നിന്ന് വരന്റെ സംഘം കയറുമ്പോൾ ഞാൻ കൃത്യമായി പനിനീര് തളിച്ചു. വിരുന്നുവന്ന കുട്ടികൾ എന്നെ അസൂയയോടെ നോക്കുന്നുണ്ടായിരുന്നു. ഞാൻ ശ്രദ്ധിച്ചില്ല. വലിയ ഒരു ഉത്തരവാദിത്വം രാമൻകുട്ടിനായർ എന്നെയാണ് ഏൽപ്പിച്ചിരുന്നത്. അമ്മ ഇത് ശ്രദ്ധിക്കുന്നുണ്ടാവില്ലേ? വൈകുന്നേരം ഞങ്ങൾ മടങ്ങുമ്പോൾ അമ്മ പറഞ്ഞു: "എടാ, ആ ഷർട്ട് മാറ്റിയിട്, നാലത്തെ മതിയല്ലോ മടക്കത്തിന്."

ഞാനതു കേട്ട ഭാവം നടിച്ചില്ല. ഞാൻ എന്റെ വരയൻകുപ്പായവും സദ്യക്കു ശേഷം കിട്ടിയ ചെറുനാരങ്ങയുമായി അമ്മയുടെ പിന്നാലെ നടന്നു.

**– എം.ടി. വാസുദേവൻനായർ**

- ഞാനൊരു കളവു പറഞ്ഞു: "എനിക്ക് പറ്റീതൊന്നുംല്യ അവന്റെ കയ്യില് " -കുട്ടി കളവു പറഞ്ഞതെന്തിനാവാം?
- "എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിന് വരുന്ന കുട്ട്യോള് കണ്ടാ പരിഹസിക്ക്ല്ലേ്യ"
  "വിരുന്നു വരുന്ന കുട്ടികൾ എന്നെ അസൂയയോടെ നോക്കുന്നുണ്ടായിരുന്നു. ഞാൻ ശ്രദ്ധിച്ചില്ല."
  – കഥാന്ത്യത്തിൽ കുട്ടിക്കുണ്ടായ വർധിച്ച ആത്മവിശ്വാസം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- പഴയകാലജീവിതത്തെ സൂചിപ്പിക്കുന്ന പദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.
- 
  - സ്നേഹപ്പൊരുൾ – സ്നേഹത്തിന്റെ പൊരുൾ
  - വേഷഭൂഷാദികൾ – വേഷം, ഭൂഷ ആദിയായവ


  ഇതുപോലുള്ള പദച്ചേരുവകൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി ഘടകപദങ്ങളാക്കുക.
- കുട്ടിയുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ദിവസങ്ങളിലൊന്നാണ് കരുപ്പറമ്പിലെ കല്യാണദിവസം – അന്ന് കുട്ടി എഴുതാനിടയുള്ള ഡയറിക്കുറിപ്പ് തയാറാക്കുക.
- "വസ്ത്രം ആവശ്യത്തിനാണ് – ആഡംബരത്തിനല്ല."
  ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണമെന്ത്? ചർച്ചചെയ്യുക.
- കുട്ടിക്കാലത്തെ അനുഭവം പങ്കുവച്ചുകൊണ്ട് എം.ടി. വാസുദേവൻനായർ എഴുതിയ 'കുപ്പായം' വായിച്ചല്ലോ. നിങ്ങളുടെ വായനാനുഭവം ഒരു കത്തിലൂടെ അദ്ദേഹത്തെ അറിയിക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# ബഷീർ എന്ന ബല്യ ഒന്ന്

അവശൻ കക്കാടിന്റെ
ദീനശയ്യയിലന്നാൾ
അവിടന്നിരിക്കെ ഞാൻ
അർഥിച്ചേൻ: "പേരക്കുട്ടി
ഇവൾ; ഈശ്വരസത്യ-
ജ്ഞാനി സൂഫിയാം താങ്കൾ
ഇവളെ നിറുകയിൽ
തൊട്ടനുഗ്രഹിച്ചാലും!"
കുഴിയാനയി,ലാടിൽ,
അണ്ഡകോടിയിൽ സ്നേഹ-
പ്പൊരുൾ തേടിന കൈയാൽ
താങ്കളെൻ കിടാവിനെ
എടുത്തു മടിയിൽച്ചേർ-
ത്തിരുത്തി വികൃതിക-
ളുരച്ചും കളിചിരി-
യുതിർത്തും രണ്ടാംബാല്യം
ഇമ്പമായ് നുണച്ചിരി-
ക്കുമ്പോൾ ഞാൻ ചൊന്നേൻ: "പൈതൽ
മുണ്ടിൻമേലഴുക്കാക്കാം,
കരുതിയിരിക്കുക."
ഉറക്കെച്ചിരിച്ചുകൊ-
ണ്ടങ്ങതൻ മറുപടി:
"മിടുക്കത്തിയെൻ മെയ്യിൽ
തളിച്ചോളട്ടേ തീർഥം!"

ഒന്നൊടൊന്നു ചേരുമ്പോൾ
രണ്ടാകുമെന്നേ ഞായം,
ഹിന്ദുവും മുസൽമാനും
ആചരിപ്പതീ ദ്വൈതം.
ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വലുതായി-
ട്ടൊന്നുളവാകും; താങ്ക-
ളോരുമീയദ്വൈതത്താൽ
പുഴയും പുഴയും ചേർ-
ന്നാനന്ദക്കടലാകും
കലയങ്ങതൻ കണ്ണിൽ
നർമ്മമായ് തിളങ്ങുന്നു.

**(വൈഷ്ണവം)**

**- വിഷ്ണുനാരായണൻ നമ്പൂതിരി**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- 'കുഴിയാനയി,ലാടിൽ,
 അണ്ഡകോടിയിൽ സ്നേഹ-
 പ്പൊരുൾ തേടിന കൈയാൽ"

 ജീവിതത്തെക്കുറിച്ച് വൈക്കം മുഹമ്മദ് ബഷീർ പുലർത്തിയിരുന്ന എന്തെല്ലാം കാഴ്ചപ്പാടുക ളാണ് ഈ വരികളിൽ തെളിയുന്നത്? ചർച്ചചെയ്യുക.

-

"ഉണ്മയുണ്മയിൽ ചേർന്നാൽ
ഇമ്മിണി വലുതായി-
ട്ടൊന്നുളവാകും
താങ്കളോരുമീയദ്വൈതത്താൽ."
*-(ബഷീർ എന്ന ബല്യ ഒന്ന്)*

"പരസുഖമേ സുഖമെനിക്കുനിയതം
പരദുഃഖം ദുഃഖം
പരമാർഥത്തിൽ പരനും ഞാനും
ഭവാനുമൊന്നല്ലീ"
*-(പ്രേമസംഗീതം - ഉള്ളൂർ)*

വരികൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

- 'ബഷീർ എന്ന ബല്യ ഒന്ന്' -ഈ ശീർഷകം കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നു? ഔചിത്യം കണ്ടെത്തിയെഴുതുക.

- അർഥിച്ചേൻ : ഞാൻ അർഥിച്ചു

 മാതൃകയിലെപ്പോലെ താഴെ കൊടുത്ത പദങ്ങൾ ഉചിതമായി മാറ്റിയെഴുതുക.

 - വന്ദിച്ചേൻ :
 - കണ്ടാൾ :
 - വന്നാർ :
 - കണ്ടാൻ :



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# നനയാത്ത മഴ

ഞാൻ മഴയുമായി അടുത്തിടപഴകി വളർന്ന ഒരാളല്ല. അസുഖക്കൂടുതൽ കാരണം മഴയനുഭവങ്ങളുടെ കുറവുണ്ട്, എന്റെ വളർച്ചയിൽ. എന്നാലും മഴ എന്റെ ബന്ധുവാണ്. കൈകോർത്ത് നടന്നിട്ടില്ല ഞങ്ങളെങ്കിലും ഒപ്പിയെടുത്താലെന്നപോലെ എന്നെ നന്നായി അറിയാം മഴയ്ക്ക്. ബന്ധുക്കളുടെ വന്നുപോകലുകളുടെ മധ്യേവച്ച് കലശലായ മടുപ്പുതോന്നുകയും എന്താ പോകാറായില്ലേ എന്ന് മുളപൊട്ടുന്ന ചോദ്യമടക്കിയൊതുക്കി വയ്ക്കുന്നതിന്റെ ബദ്ധപ്പാടിലേക്കു വീണുപോവുകയും ചെയ്യുന്ന മനസ്സാണെനിക്ക്. അവരൊക്കെ തിരിച്ചുപോയാലേ എന്റെ അലസമായ ഇരിപ്പും നടപ്പും എനിക്ക് തിരിച്ചുകിട്ടൂ. പക്ഷേ, മഴബന്ധു വിരുന്നുവരുമ്പോൾ ചാരുകസേരയെടുത്ത് മുൻവശവരാന്തയിലിട്ട് ഞാനും മഴയും മുഖാമുഖം നോക്കിക്കൊണ്ടിരിക്കുന്നു. ഒടുക്കം മഴ തിരിച്ചുപോകുമ്പോൾ വേണ്ട, പോകണ്ട, ഇത്തിരി നേരം കൂടി കഴിഞ്ഞ് പോയാൽമതി എന്നൊരു സ്നേഹശാഠ്യം ഉള്ളിൽ നിറഞ്ഞ് ഞാൻ മഴയുടേതായി മാറുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മഴ നനഞ്ഞല്ല, മഴ കൊള്ളാത്തയിടത്ത് സുരക്ഷിതമായി നിന്ന് വിരലൊന്നു നീട്ടിത്തൊട്ടാണ് മഴയെ ഞാനറിഞ്ഞിരിക്കുന്നത്. ഓടിട്ട വീട്ടിലിരുന്ന് കാണണം മഴ. മഴയുടെ ചറുപിറന്നനെയുള്ള വരവ്, ഓടിന്മേൽ വീണ് തട്ടിത്തെറിച്ചുള്ള സംഗീതവിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്. ഓടിറമ്പിലൂടെയുള്ള മഴയൊഴുക്കിന്റെ നേരത്ത് മഴയുടെ വെള്ളിനൂലുകൾ വീടിനു ചുറ്റും തോരണം തൂക്കുന്നതുപോലെ തോന്നും. വീട് ഒരു കല്യാണവീടായി ചമഞ്ഞൊരുങ്ങുന്ന അനുഭവം.

മഴ മരക്കൊമ്പുകളിൽനിന്ന് നേരെ എന്റെ മനസ്സിലേക്കാണ് വീഴാറ്. ചുമ്മാ വേവലാതികളെയും കാര്യകാരണസഹിതമുള്ള വേവലുകളെയും കൊണ്ട് സദാ അശാന്തമാകാറുള്ള എന്റെ മനസ്സ്, മഴ വീണുകഴിയുമ്പോൾ പുറമെയുള്ള എന്നെപ്പോലെ അകമെയും ഒരാഘോഷമായി മാറും. മഴയത്ത് ഉതിരുന്ന പവിഴമല്ലിപ്പൂക്കൾ മുറ്റത്തേക്കല്ല, ഉയിരിലേക്കാണു വീഴുന്നത് എന്നാണ് എനിക്കു തോന്നാറ്. ഞാൻ സ്വയമൊരു പൂക്കളമാകുന്ന അനുഭവം.

കുട്ടിക്കാലത്ത് ഓണപ്പൂക്കളമിടാൻ നേരത്ത് കൃത്യമായി വരും മഴ. മുത്തച്ഛനാണ് പൂക്കളത്തിന് ചിത്രമൊരുക്കുക, നിറം നിശ്ചയിക്കുക, പൂക്കൾ സംവിധാനം ചെയ്യുക. ഞാനും അനിയനും ശിങ്കിടികൾ.

നല്ല മഴ വരുമ്പോൾ ഓടിമാറി. പിന്നെ മഴ കുറയുമ്പോൾ ഓടിയടുത്ത് ഞങ്ങൾ നേരമേറെയെടുത്ത് പണിയാറുണ്ടായിരുന്നു ആ പൂക്കളം. അതിനെ മഴയുടെ ഇടപെടലുകളിൽനിന്ന് രക്ഷിക്കാനായി വിവിധ കോണുകളിലായി വീട്ടിലെ മുഴുവൻ കുടകളും നിരത്തും മുത്തച്ഛൻ. പൂക്കൾ മഴക്കാറ്റിൽ പറന്നുപോകുന്നുണ്ടോ, അടർത്തിവച്ച ഇതളുകൾ കമഴ്ന്നുപോകുന്നുണ്ടോ എന്നെല്ലാം ശ്രദ്ധിച്ച്, ഇതളുകൾക്കും മേലെ കെട്ടിനിൽക്കുന്ന മഴവെള്ളം ഇടയ്ക്ക് വന്ന് കുടഞ്ഞുകളഞ്ഞ്, അവയ്ക്കുമേൽ നന്നേ ചെറിയ ഈർക്കിൽ കഷണം കുത്തിനിർത്തി അവരുടെ സ്ഥാനഭ്രംശത്തെ തന്നാലാവും വിധം ചെറുത്ത് മുത്തച്ഛൻ പൂക്കള പരിസരത്തുണ്ടാവും- ഞങ്ങളുച്ചയ്ക്ക് സ്കൂൾ വിട്ടു വരുമ്പോഴും.

സ്കൂൾ കാലത്ത് സ്കൂളിലേക്കുള്ള പോക്കുവരവു സമയത്തെല്ലാം ആർത്തലച്ചു മഴവന്നു. സ്കൂൾ അടുത്തായതിനാൽ ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഊണു കഴിച്ച് തിരിച്ചുപോകാറുള്ള എനിക്ക് അങ്ങനെ ദിവസം നാലു മഴ സ്വന്തമായി. കുട തുറക്കാതെ മഴയിലൊന്നാറാടാൻ പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും കുട വിട്ടുള്ള കളികൾക്കു മീതെ കടിഞ്ഞാണിട്ടിരുന്നു ഇടംവലം നടന്നിരുന്ന എന്റെ അസുഖങ്ങൾ. മഴ തലയിൽ വീണാൽ മാത്രമേ മഴയസുഖത്തിനു കാരണമാകൂ എന്നായിരുന്നു എന്റെ വിചാരം. വസ്ത്രം പൊതിഞ്ഞ ദേഹത്തെ മാത്രം മഴയ്ക്കു വിട്ടുകൊടുത്തു ഞാൻ. അങ്ങനെ ഞാൻ പാതി മഴയുടെയും പാതി അസുഖങ്ങളുടേതുമായി. കുട ചായ്ച്ചുപിടിച്ച് വസ്ത്രങ്ങളിലേക്ക് കഴിയുന്നത്ര ഏറ്റുവാങ്ങി ഞാൻ ഉച്ചയൂണു കഴിഞ്ഞ് സ്കൂളിലേക്കു തിരിച്ചുപോകുമ്പോൾ നനഞ്ഞ വസ്ത്രം മാറ്റി മറ്റൊന്നണിയുക മഴക്കാലത്തൊരു പതിവായി. കാലത്തൊരു നിറത്തിലും ഉച്ചയ്ക്ക് മറ്റൊരു നിറത്തിലും സ്കൂളിലേക്ക് മഴയിലൂടെ ഞാനൊഴുകിപ്പോയി. മഴ കൊണ്ടുവരുന്ന മഴവില്ലും വസ്ത്രമാറ്റത്തിലൂടെ കൈവരുന്ന മഴവില്ലും- രണ്ടു മഴവില്ലുകൾക്കുടമസ്ഥയായി ഞാൻ.

അമ്മയുടെ സഹപ്രവർത്തകരായ എന്റെ അധ്യാപകരെല്ലാം ചേർന്ന് അസുഖക്കാരിയായ എനിക്കു ചുറ്റും വേലികെട്ടിയിരുന്നു. കുട്ടിക്കാലത്തിന്റെ സ്വാതന്ത്ര്യവും കുസൃതിയും പുറത്തെടുക്കാൻ അവസരം കിട്ടാതിരുന്ന ആ കഷ്ടകാലങ്ങളിൽ, ഒരു കൊച്ചല്ലേ പാവം, ഇത്തിരി കുസൃതി അതും കാണിച്ചോട്ടെ എന്ന സ്നേഹവായ്പായി ഞാനാ മഴകളെ ഇന്നു തർജമ ചെയ്യുന്നു.

മഴയോട് അതിഭയങ്കരമായി പിണങ്ങിയിട്ടുമുണ്ട്, ഒരിക്കൽ. ഞങ്ങളുടെ നാട്ടിൻപുറസിനിമാക്കൊട്ടകയിൽ ഏതു നിമിഷവും മാറിപ്പോയേക്കാമെന്ന മട്ടിൽ 'നവംബറിന്റെ നഷ്ടം' വന്നു. അച്ഛനും അമ്മയും അനിയനും ഞാനുംകൂടി ഒരുങ്ങിയിറങ്ങി ഇത്തിരി ദൂരം നടന്നപ്പോഴേക്കും അതിഘോരമഴ. ഒരടി മുന്നോട്ടുവയ്ക്കാനാകാതെ, ഓട്ടോ കൈകാട്ടി വിളിക്കാൻ പോലുമാകാതെ ഞങ്ങൾ ഏതാണ്ടൊരു മണിക്കൂർ നേരം, കനത്ത പുക



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പോലെ റോഡിലൂടെ ഓടിപ്പാഞ്ഞ് കൂലം കുത്തിയൊഴുകുന്ന മഴയ്ക്ക് ദൃക്സാക്ഷികളായി. ആ മഴ ആയിരുന്നു അന്ന് ഞങ്ങളുടെ സിനിമ. പിറ്റേന്ന് ആ സിനിമ മാറിപ്പോയി.

എന്നാലും ചരൽപോലെ കൂർത്തുനിൽക്കുന്നൊരു മഴയുണ്ട് ഓർമ്മയിൽ. ഓർക്കുമ്പോൾ എനിക്കിപ്പോഴും നോവും. പ്രീഡിഗ്രി റിസൾട്ട് വന്ന സമയം. ആശുപത്രിയിലാണ് ഞാൻ. മലയാളം വേണോ ഇംഗ്ലീഷ് വേണോ, ഏതു കോളേജ് വേണം എന്നൊക്കെ സ്വയം ചോദിച്ച്, സ്വയം തീരുമാനിച്ച് അമ്മ പരപ്പൻ അപേക്ഷകൾ പൂരിപ്പിച്ചയച്ചു. എനിക്ക് ഒന്നിലും താൽപ്പര്യം ശേഷിച്ചിരുന്നില്ല. വേദനയുടെ പൂക്കാലം കഴിഞ്ഞ് തിരികെ വീട്ടിലെത്തുമ്പോൾ എനിക്ക് നടക്കാൻ വയ്യ. എന്റെ ഈർക്കിലിക്കാല് മുഴുവൻ നീര്, മന്തുപോലെ നീര്. വെയിൻ കിട്ടാതെവന്ന് കട്ട്ഡൗൺ ചെയ്തത് നീരുവച്ചു വീങ്ങിയതാണ്. മുടന്തിക്കുട്ടിയോ എന്ന് അയൽമുറിക്കാരുടെ സംശയം.

ബി. എ. ഇന്റർവ്യൂവിന് മഹാരാജാസിൽ നിന്ന് കാർഡ്. എനിക്ക് അപ്പോഴും കാൽ നിവർക്കാൻ വയ്യ. അമ്മ എന്നെ റെപ്രസന്റ് ചെയ്യാം എന്ന് ആലോചന. ഞാനില്ലാതെ അഡ്മിഷൻ നടക്കുമോ എന്നെനിക്കു വേവലാതിയായി.

അതിനിടെ ഒരു മഴ. ഊക്കൻ മഴ. നനഞ്ഞ് മുടിയഴിച്ചാടുന്ന യക്ഷിമഴ. അച്ഛന് നുരയുന്ന സന്തോഷം. അച്ഛൻ മഴയുടെ വല്യ ആളാണ്. അച്ഛൻ എന്റെ മുറിയിലേക്ക് തലനീട്ടി പറഞ്ഞു: “എന്തൊരു മഴ! കിഴക്കേപ്പുറത്ത് ചെന്നുനിന്ന് കാണണം. എന്തൊരു ഭംഗി നമ്മുടെ പൂക്കാത്ത മരത്തിന്!”

വേണമെന്നോ വേണ്ടെന്നോ ഞാൻ പറഞ്ഞില്ല. ഒരുതരി ഭാവഭേദം പോലുമില്ലാതെ അങ്ങനെ കിടന്നു. അച്ഛൻ എന്നെ അൽപ്പനേരം നോക്കി നിന്നിട്ട് ഉത്തരം കിട്ടാതായപ്പോൾ തിരിച്ചുപോയി. ഇത്തിരിക്കഴിഞ്ഞ് അച്ഛൻ തിരിച്ചു വന്നു. കിഴക്കേപ്പുറത്ത് ചാരുകസേര എടുത്തിട്ടിട്ടുണ്ട് എന്നു പറഞ്ഞ് എന്നെ കൈകളിൽ കോരിയെടുത്ത് കൊണ്ടുപോയി അതിലിരുത്തി. മഴയും ഞാനും മുഖത്തോടുമുഖം നോക്കിയങ്ങനെ മഴ തീരും വരെ. കൺനിറയെ കണ്ടു ആ മഴ എന്നു പറയാനാവില്ല. എന്റെ കണ്ണിലും മഴയായിരുന്നല്ലോ;





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കണ്ണീർമഴ. അന്ന് മഴ കഴിഞ്ഞ് ഞാൻ വിതുമ്പിക്കരഞ്ഞു. രാത്രിയിൽ തലയണയിൽ മുഖമമർത്തിക്കൊണ്ട് ഇരുട്ടിനോട് എന്തിനെന്നെയിങ്ങനെ.... എന്നു ചോദിച്ചു. മതിവരുവോളം കരഞ്ഞു.

ഇന്നും മഴ കാണുമ്പോൾ വേദനയുടെ ആ മഴക്കാലം ആർത്തിരമ്പി ഓർമ്മയിലേക്കു വരുന്നു.

കാണാമഴകളും കേൾക്കാമഴകളും പാറും മഴകളും കടന്ന് ഞാൻ ഒരു നടുമുറ്റത്തിന്റെ സ്വാതന്ത്ര്യത്തിലാണോ? വിശ്വസിക്കാൻ വിഷമം. ചാരുകസേരയിലിരുന്ന് കണ്ട വേദനമഴ. അതു കഴിഞ്ഞുപോയോ? ഏതോ ഒരാൾ മലയിറങ്ങി മഴയിലൊഴുകി വരും. ആ കൈ കോർത്തുപിടിച്ച് മലച്ചുവട്ടിലെ സമനിരപ്പിലൂടെ പിന്നെ അതിനപ്പുറമുള്ള ചരിവിലേക്ക് ഓടിയിറങ്ങണം എന്ന് ലീലയോടും ഉണ്ണിയോടും രാധാകൃഷ്ണനോടും ഒക്കെ ഞാൻ പുലമ്പുന്നു. എനിക്ക് കുട്ടിക്കാലം ഈ വയസ്സാംകാലത്താണല്ലോ എന്നെനിക്കുതന്നെ ചിരിവരുന്നു; ഉപ്പു ചുവയ്ക്കുന്ന ചിരി!

**– പ്രിയ എ. എസ്.**

- പ്രയോഗഭംഗി വിശദമാക്കുക.
  - മഴയുടെ വെള്ളിനൂലുകൾ വീടിനുചുറ്റും തോരണങ്ങൾ തൂക്കുന്നതുപോലെ തോന്നും.
  - മഴയത്ത് ഉതിരുന്ന പവിഴമല്ലിപ്പൂക്കൾ മുറ്റത്തേക്കല്ല, ഉയിരിലേക്കാണ് വീഴുന്നത്.

“അമ്മേ, വരൂ വരൂ വെക്കം വെളിയിലേ-
ക്കല്ലെങ്കിലിമ്മഴ തോർന്നുപോമേ
എന്തൊരാഹ്ലാദമാമുറ്റത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽ തത്തിച്ചാടാൻ”

*(മഴവെള്ളത്തിൽ -ബാലാമണിയമ്മ)*

“മഴബന്ധു വിരുന്നു വരുമ്പോൾ ചാരുകസേരയെടുത്ത് മുൻവശവരാന്തയിലിട്ട് ഞാനും മഴയും മുഖാമുഖം നോക്കിക്കൊണ്ടിരിക്കുന്നു. ഒടുക്കം മഴ തിരിച്ചു പോകുമ്പോൾ വേണ്ട, പോകണ്ട, ഇത്തിരി നേരംകൂടി കഴിഞ്ഞ് പോയാൽ മതി എന്നൊരു സ്നേഹശാഠ്യം ഉള്ളിൽ നിറഞ്ഞ് ഞാൻ മഴയുടേതായി മാറുന്നു.”

ഇത്തരം മഴയനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടാവുമല്ലോ. ഉചിതമായ രൂപത്തിൽ ആവിഷ്കരിക്കുക.

- കൂർത്തമഴ
- യക്ഷിമഴ

തുടങ്ങി മഴയ്ക്കു നൽകിയ വിശേഷണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.
അവ സന്ദർഭത്തിനു നൽകുന്ന ഭാവഭംഗി വിശദീകരിക്കുക.

- കുട്ടിക്കാലത്ത് ഓണപ്പൂക്കളമിടാൻ നേരത്ത് കൃത്യമായി വരും മഴ.
- കുട്ടിക്കാലത്ത് ഓണപ്പൂക്കളമിടാൻ നേരത്ത് മഴ കൃത്യമായി വരും.

വാക്യങ്ങൾ ശ്രദ്ധിച്ചല്ലോ. മഴ എന്ന പദം മാറ്റിപ്രയോഗിച്ചപ്പോൾ വാക്യത്തിന് എന്തു പ്രത്യേകതയാണ് നിങ്ങൾക്ക് അനുഭവപ്പെട്ടത്? കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പതിപ്പു തയാറാക്കാം

- കുട്ടിക്കാലത്തെക്കുറിച്ചുള്ള എം. ടിയുടെ ഓർമ്മയാണ് 'കുപ്പായം'. ബഷീർ എന്ന മനുഷ്യസ്നേഹിയെ ഓർത്തെടുക്കുന്നതാണ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'ബഷീർ എന്ന ബല്യ ഒന്ന്' -പ്രശസ്തരുടെ അനുഭവങ്ങളും ഓർമ്മകളും ശേഖരിച്ച് പതിപ്പ് തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

- ചുവടെ കൊടുത്ത പ്രവർത്തനങ്ങളിലെ പുരോഗതി സൂചനകൾവച്ച് വിലയിരുത്തുക.

| ഡയറിക്കുറിപ്പ് | താരതമ്യക്കുറിപ്പ് | അനുഭവക്കുറിപ്പ് |
|---|---|---|
| • സംഭവം/സന്ദർഭം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്.<br>• സംഭവം/സന്ദർഭം ഉണ്ടാക്കിയ ഓർമ്മകളും വികാരങ്ങളും ചിന്തകളും എഴുതിയിട്ടുണ്ട്.<br>• തീർത്തും വൈയക്തികമായി എഴുതാൻ കഴിഞ്ഞിട്ടുണ്ട്.<br>• സംഭവം/സന്ദർഭം അവതരിപ്പിക്കുന്നതിനുതകുന്ന ഭാഷ പ്രയോഗിച്ചിട്ടുണ്ട്. | • തന്നിരിക്കുന്ന വരികളിലെ പരമാവധി ആശയങ്ങൾ കണ്ടെത്തി താരതമ്യം ചെയ്തിട്ടുണ്ട്.<br>• അനുയോജ്യമായ ഭാഷയിൽ, (ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ) ഘടന പാലിച്ച് എഴുതിയിട്ടുണ്ട്.<br>• സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• ആശയങ്ങൾ ചുരുക്കി എഴുതിയിട്ടുണ്ട്. | • സന്ദർഭവുമായി ബന്ധപ്പെട്ട ആശയങ്ങൾ എഴുതിയിട്ടുണ്ട്.<br>• വായിക്കുന്ന ആൾക്ക് താൽപ്പര്യമുണ്ടാകുംവിധം അനുഭവങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.<br>• ആശയങ്ങൾ മനസ്സിൽ തട്ടുംവിധം (ഉചിതമായ ഭാഷയിൽ) എഴുതാൻ കഴിഞ്ഞിട്ടുണ്ട്.<br>• അനുഭവങ്ങളുടെ തീവ്രത ചോർന്നുപോകാതെ ചുരുക്കി എഴുതിയിട്ടുണ്ട്. |
| ഇനിയും എനിക്ക് എങ്ങനെയെല്ലാം മെച്ചപ്പെടാൻ കഴിയും? | | |
| •<br>•<br>• | •<br>•<br>• | •<br>•<br>• |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## എം.ടി.വാസുദേവൻനായർ

1933ൽ പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ ജനനം. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്, സംവിധായകൻ, പത്രാധിപർ എന്നീ നിലകളിൽ പ്രസിദ്ധൻ. നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, രണ്ടാമൂഴം, കാലം തുടങ്ങിയ നോവലുകളും ഇരുട്ടിന്റെ ആത്മാവ്, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം, കുട്ട്യേടത്തി തുടങ്ങി അനേകം ചെറുകഥകളും ഒരു വടക്കൻ വീരഗാഥ, വൈശാലി, പെരുന്തച്ചൻ, പരിണയം തുടങ്ങി നിരവധി തിരക്കഥകളും രചിച്ചിട്ടുണ്ട്. ജ്ഞാനപീഠം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.



## വിഷ്ണുനാരായണൻ നമ്പൂതിരി

1939ൽ തിരുവല്ലയിൽ ജനനം. കവി, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം, ഭൂമിഗീതങ്ങൾ, അതിർത്തിയിലേക്ക് ഒരു യാത്ര, അപരാജിത, ആരണ്യകം തുടങ്ങിയ കവിതാസമാഹാരങ്ങളും കവിതയുടെ ഡി.എൻ.എ. എന്ന നിരൂപണഗ്രന്ഥവും രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



## പ്രിയ എ.എസ്

1967ൽ ആലപ്പുഴ ജില്ലയിലെ എരമല്ലൂരിൽ ജനനം. ചെറുകഥാകൃത്ത്, വിവർത്തക തുടങ്ങിയ നിലകളിൽ പ്രസിദ്ധ. ഓരോരോ തിരിവുകൾ, പ്രിയ എ.എസ്. കഥകൾ, മഞ്ഞമരങ്ങൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ. ഗോഡ് ഓഫ് സ്മോൾ തിങ്സ്, ഏൻഷ്യന്റ് പ്രോമിസസ് തുടങ്ങിയ കൃതികൾ തർജമ ചെയ്തിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദകോശം

അദ്വൈതം - ഒന്ന് എന്ന അവസ്ഥ
അർഥിക്കുക - അപേക്ഷിക്കുക
ഉൺമ - സത്യം
ഉറുണിയൻമാവ് - ഒരു തരം മാവ്
ഓരുക - ഓർക്കുക
കടിഞ്ഞാൺ - നിയന്ത്രിക്കുന്ന കയർ, നിയന്ത്രണം
കാളത്തേക്ക് - കാളയെ ഉപയോഗിച്ച് വെള്ളം തേവുന്ന ഉപകരണം
ഞായം - ന്യായം
തൂത്തും തുരിശും - ചുണ്ണാമ്പും തുരിശും
തൂവാനത്തുമ്പി - ഒരിനം തുമ്പി
ദീനശയ്യ - രോഗശയ്യ
ദൃക്സാക്ഷി - നേരിട്ട് കണ്ടയാൾ
ദെണ്ണളക്കം - അപസ്മാരം
ദ്വൈതം - രണ്ടെന്ന അവസ്ഥ
നെയ്ത്തൻ - നെയ്യുന്ന ആൾ
പെട്ടിപ്പാട്ട് - ഗ്രാമഫോൺ പാട്ട്
ഭാവഭേദം - മനോവികാരത്തിൽ വരുന്ന മാറ്റം
മഹാളി - കവുങ്ങിനെ ബാധിക്കുന്ന രോഗം
വട്ടളം - വലിയ പാത്രം
സൂഫി - മുസ്ലിം സന്ന്യാസി
സ്ഥാനഭ്രംശം - സ്ഥാനചലനം
സ്നേഹവായ്പ് - സ്നേഹക്കൂടുതൽ

പഠനനേട്ടങ്ങൾ

- വിവിധ രചനകൾ വായിച്ച് ഉള്ളടക്കം, ഭാഷ, സമകാലികപ്രസക്തി, രചനാരീതി തുടങ്ങിയവ താരതമ്യം ചെയ്ത് ചർച്ചകളിലും മറ്റും അവതരിപ്പിക്കുന്നു.
- പാഠഭാഗത്തുനിന്ന് വായിച്ചു മനസ്സിലാക്കിയ പ്രധാന സംഭവങ്ങൾ, സന്ദർഭങ്ങൾ, അനുഭവങ്ങൾ എന്നിവ ഉചിതമായ വ്യവഹാരരൂപങ്ങളിൽ (ഡയറിക്കുറിപ്പ്, താരതമ്യക്കുറിപ്പ്, അനുഭവക്കുറിപ്പ്) ആവിഷ്കരിക്കുന്നു.
- പദങ്ങളോട് വിശേഷണങ്ങൾ ചേർക്കുമ്പോഴുണ്ടാകുന്ന ഭംഗി, ഔചിത്യം എന്നിവ മനസ്സിലാക്കി കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കുന്നു.
- ചില സവിശേഷവാക്യമാതൃകകളിൽ പദങ്ങൾ ഔചിത്യപൂർവം പ്രയോഗിച്ചതിന്റെ പ്രത്യേകതകൾ തിരിച്ചറിയുകയും സ്വന്തം രചനകളിൽ സന്ദർഭാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു.



Downloaded from https:// www.studiestoday.com